# റബ്ബർ

മെയ് 2025 • വാർഷികവരിസംഖ്യ ₹100

- റബ്ബറിനങ്ങളുടെ പ്രസക്തി
- മഴക്കാലരോഗങ്ങളെ പ്രതിരോധിക്കാം
- റബ്ബറിന് മഴമറ
- റബ്ബറുത്പാദനം വർധിപ്പിക്കാം
- റബ്ബർബോർഡു നഴ്സറികൾ



## സ്കിം ലാറ്റക്സ് സംസ്കരണം – നൂതന സംവിധാനം

# കപ്പുതൈകൾ സുരക്ഷിതമായി എത്തിച്ചുതരുന്നതിന് പ്രത്യേക വാഹന സംവിധാനമുള്ള കപ്പുതൈ റബ്ബർ നഴ്സറി





അടുത്ത സീസണിലേക്ക് വണ്ടർ റൂട്ട് തൈകളുടെ ബുക്കിംഗ്

**ആരംഭിച്ചിരിക്കുന്നു..!**

CHEERAKUZHY
**Wonder Root**
ROOT TRAINER RUBBER PLANT





UNION MKD

ചീരക്കുഴി®
CHEERAKUZHY

Karshakasree K C Kuraikose
**CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.**

Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം


06 | സ്കിം ലാറ്റക്സ് സംസ്കരണത്തിന് നൂതന സംവിധാനം

09 | നടീലിനു തയ്യാറെടുക്കുമ്പോൾ: ഇനങ്ങളുടെ പ്രസക്തി

12 | മഴക്കാലരോഗങ്ങളെ പ്രതിരോധിക്കാം

18 | റബ്ബറിന് മഴമറ പിടിപ്പിക്കാൻ സമയമായി

22 | കൃഷിയുടെ തുടക്കം മുതൽ ശ്രദ്ധിച്ചാൽ റബ്ബറുത്പാദനം കൂട്ടാം

25 | ഗുണമേന്മയുള്ള നടീൽവസ്തുക്കൾക്ക് റബ്ബർബോർഡു നഴ്സറികൾ

29 | കോൾ സെന്റർ

34 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ





708

# റബ്ബർ

മെയ് 2025

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ-മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ :
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ :
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ
ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി,
റബ്ബർബോർഡ്, കോട്ടയം - 686 002
എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# മഴക്കാലത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വേനൽമഴ ഇതിനോടകം പല സ്ഥലങ്ങളിലും നല്ല തോതിൽ ലഭിച്ചു കഴിഞ്ഞു. ഇനി മഴക്കാലം വരവായി. റബ്ബർതോട്ടങ്ങളിലെ കൃഷിപ്പണികൾ പലതും തുടങ്ങുന്ന സമയമാണിത്. മഴക്കാലത്ത് റബ്ബർതോട്ടങ്ങളിൽ നിർബന്ധമായും ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. പലതും കർഷകർ പിന്തുടർന്നുപോരുന്ന കാര്യങ്ങൾ തന്നെയാണെങ്കിലും അതിൽ ഒരുതരത്തിലുള്ള ഉപേക്ഷയും ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രായോഗിക ബുദ്ധിമുട്ടുകൾ പറഞ്ഞ് പലരും മഴക്കാലത്ത് ടാപ്പിങ് ഒഴിവാക്കുന്നു. എന്നാൽ ഇത് മൊത്തം ഉത്പാദനത്തെ സാരമായി ബാധിക്കും. ഉത്പാദനം കൂടിയ ഇനങ്ങൾ മൂന്നു ദിവസത്തിലൊരിക്കൽ മുതൽ ആഴ്ച്ചയിലൊരു ദിവസം വരെയുള്ള ടാപ്പിങ് രീതികൾ അനുവർത്തിച്ച് ടാപ്പുചെയ്യാനാണ് റബ്ബർബോർഡ് നിർദ്ദേശിക്കുന്നത്. ഇടവേള ഏതുതന്നെ യായിരുന്നാലും അതിൽ കൃത്യത പാലിച്ചാലേ ഏറ്റക്കുറച്ചിലില്ലാത്തതും സ്ഥായിയായതുമായ വിളവു ലഭിക്കുകയുള്ളൂ. ഇടവേളകളുടെ കാര്യത്തിൽ കൃത്യത പാലിച്ച് പരമാവധി ഉത്പാദനം ലഭിക്കണമെങ്കിൽ മഴക്കാലത്ത് ടാപ്പിങ് ഒഴിവാക്കാൻ കഴിയില്ല. അതായത് നാലോ അഞ്ചോ മാസം നീണ്ടുനിൽക്കുന്ന മഴക്കാലത്ത് ടാപ്പിങ് തീർത്തും ഉപേക്ഷിക്കുകയോ മഴയില്ലാത്ത ദിവസങ്ങളിൽ മാത്രം ടാപ്പിങ് നടത്തുകയോ ചെയ്താൽ ഫലത്തിൽ ടാപ്പിങ്ങിന്റെ കൃത്യത നഷ്ടപ്പെടും.

ഇതിന് റെയിൻഗാർഡിങ് അല്ലെങ്കിൽ മഴമറ അനിവാര്യമാണ്. റെയിൻഗാർഡിങ്ങിനാവശ്യമായ പശയും പ്ലാസ്റ്റിക്കും റബ്ബർബോർഡു കമ്പനികൾ വഴി വിതരണം ചെയ്യുന്നുണ്ട്. പല ഉത്പാദകസംഘങ്ങളും സ്വാശ്രയസംഘങ്ങളും ലേബർ ഗ്രൂപ്പുകളെ ഉപയോഗിച്ച് ഇവ പിടിപ്പിച്ചു നൽകുകയും ചെയ്യുന്നുണ്ട്. റെയിൻഗാർഡു ചെയ്യാതിരിക്കുന്നപക്ഷം മഴക്കാലത്ത് ഏതാണ്ടു നാലഞ്ചു മാസം വിളവ് നഷ്ടമാകുന്നതു കൂടാതെ ടാപ്പിങ്ങിന്റെ ഇടവേളയുടെ കൃത്യതയും ഇല്ലാതാകും. വാർഷികവരുമാനത്തിൽ ഏകദേശം പകുതിയോളമാണ് ഇതുവഴി നഷ്ടമാകുക. റെയിൻഗാർഡിങ്ങിനെക്കുറിച്ച് വിശദമായ ഒരു ലേഖനം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വളമിടീലിന്റെ സമയവും ഇതുതന്നെയാണ്. കുമിൾരോഗബാധയും മഴക്കാലത്താണ് രൂക്ഷമാകുന്നത്. ഉത്പാദനത്തിൽ നല്ല ഇടിവുണ്ടാകാൻ കുമിൾരോഗബാധ കാരണമാകും. ഉത്പാദന നഷ്ടവുമായി താരതമ്യം ചെയ്യുമ്പോൾ, മഴക്കാലത്തിനു മുമ്പ് തുരിശടിക്കുന്നതിന് അതിന്റെ ചെറിയ ഒരു ഭാഗമേ ചെലവുവരികയുള്ളൂ. വിളവു കൂട്ടാനും ഉത്പാദനച്ചെലവു കുറയ്ക്കാനുമുള്ള കാര്യങ്ങൾക്കാണ് കർഷകർ ശ്രദ്ധ ചെലുത്തേണ്ടത്. തോട്ടത്തിൽ ചെയ്യേണ്ട പല കൃഷിപ്പണികളിലും വിമുഖത കാട്ടിയാൽ നഷ്ടം കൂട്ടാനേ അത് വഴിവയ്ക്കുകയുള്ളൂ എന്നത് ഓർമിക്കുക.

– എഡിറ്റർ



## ലക്ഷ്യബോധത്തോടെയുള്ള ഗവേഷണങ്ങളുമായി

# ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

റബ്ബർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള ഗവേഷണങ്ങളിലാണ് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പുതിയ സാങ്കേതികവിദ്യകൾ ഉരുത്തിരിച്ചെടുത്ത് ഈ ദിശയിൽ വിജയം കൈവരിക്കാൻ ഗവേഷണകേന്ദ്രത്തിന് കഴിഞ്ഞിട്ടുമുണ്ട്. ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കുന്നതിലും ഉയർന്ന വിളവുനൽകുന്ന റബ്ബറിനങ്ങളിൽ ഓരോ പ്രദേശത്തേക്കും യോജിക്കുന്നവ ഏതെന്ന് കണ്ടെത്തി ശുപാർശ ചെയ്യുന്നതിലും വിവിധ റബ്ബറുത്പന്നങ്ങൾ നിർമിക്കുന്നതിനാവശ്യമായ ഫോർമുലേഷനുകളും സംസ്കരണ രീതികളും കണ്ടെത്തുന്നതിലും റബ്ബർഗവേഷണകേന്ദ്രത്തിന്റെ പങ്ക് വളരെ വലുതാണ്. സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് (സെനെക്സ്) ഉത്പാദനസമയത്ത് ഉണ്ടാകുന്ന ഉപോത്പന്നമായ സ്കിം ലാറ്റക്സിൽ നിന്ന് ഉയർന്ന നിലവാരമുള്ള റബ്ബർ വീണ്ടെടുക്കുന്നതിനുള്ള ഒരു നൂതന പ്രക്രിയ റബ്ബർബോർഡ് രൂപീകരണത്തിന്റെ 77-ാം വാർഷികത്തോടനുബന്ധിച്ച് ഗവേഷണകേന്ദ്രം അവതരിപ്പിച്ചു. ഈ പുതിയ പ്രക്രിയയിലൂടെ സ്കിം ലാറ്റക്സിൽ നിന്ന് 24 മണിക്കൂറിനുള്ളിൽ നല്ല നിലവാരമുള്ള സ്കിം റബ്ബർ ലഭിക്കും എന്നത് ശ്രദ്ധേയമാണ്.

ഈ പ്രക്രിയയ്ക്ക് നിരവധി മേന്മകൾ ഉണ്ട്. പരമ്പരാഗത രീതിയിൽ സംസ്കരിക്കുമ്പോൾ ആവശ്യമായ പ്ലാസ്റ്റിക് ചാക്കുകളുടെ ഉപയോഗം പുതിയ രീതിയിൽ ഇല്ലാതാകുകയും ദുർഗന്ധം ഗണ്യമായി കുറയുകയും ചെയ്യും. സെനെക്സ് നിർമാതാക്കളുടെ സംഘടനയായ ഫെഡറേഷൻ ഓഫ് ലാറ്റക്സ് പ്രോസസ്സേഴ്സിന് പുതിയ സാങ്കേതികവിദ്യ കൈമാറിയിട്ടുണ്ട്. മറ്റ് അസ്സോസിയേഷനുകൾക്കും സെനെക്സ് യൂണിറ്റുകൾക്കും പണമടച്ച് ഈ സാങ്കേതികവിദ്യ സ്വന്തമാക്കാം. പുതിയ സാങ്കേതികവിദ്യയിലൂടെ ഉത്പാദിപ്പിക്കുന്ന സ്കിം റബ്ബറിനെ റബ്ബർബോർഡ് 'ഇന്ത്യൻ പ്യൂരിഫൈഡ് സ്കിം റബ്ബർ' (IPSR) എന്ന് ബ്രാൻഡ് ചെയ്യുന്നുണ്ട്. കൂടാതെ, ഈ സാങ്കേതികവിദ്യയ്ക്ക് പേറ്റന്റ് നേടാനുള്ള ശ്രമത്തിലുമാണ്. ഫലപ്രദമായ മാലിന്യസംസ്കരണ രീതികൾക്കൊപ്പം IPSRന്റെ വികസനവും ഇന്ത്യയിലെ റബ്ബർവ്യവസായത്തിന്റെ സുസ്ഥിരതയ്ക്കും മത്സരശേഷിക്കും ഗണ്യമായ സംഭാവന നൽകും. ഉയർന്ന നിലവാരമുള്ള റബ്ബറുത്പന്നങ്ങൾക്കായുള്ള വർധിച്ചുവരുന്ന ആവശ്യകതയ്ക്കൊപ്പം നൂതനവും പരിസ്ഥിതി സൗഹൃദപരവുമായ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നത് വ്യവസായത്തിന് നേട്ടമുണ്ടാക്കും.

സ്കിം റബ്ബർ വീണ്ടെടുക്കുന്നതിനുള്ള പരമ്പരാഗതരീതി വളരെ അധ്വാനം ആവശ്യമുള്ളതും കാലഹരണപ്പെട്ടതുമാണ്. ഈ രീതിയിൽ ഉത്പാദിപ്പിക്കുന്ന റബ്ബറിന് ഗുണമേന്മയും കുറവായിരിക്കും. പരമ്പരാഗത സംസ്കരണരീതി മാലിന്യസംസ്കരണ പ്ലാന്റുകൾക്കും വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ട്. മാത്രമല്ല, ഈ രീതിയിൽ സ്കിം റബ്ബറിൽ നിന്ന് ഭാഗികമായി മാത്രമേ റബ്ബർ വേർതിരിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. ഇതിനു വിപരീതമായി പുതിയ രീതിയിൽ സ്കിം റബ്ബറിന്റെ പൂർണ്ണമായ വീണ്ടെടുക്കൽ ഉറപ്പാക്കുന്നു. കൂടാതെ മാലിന്യസംസ്കരണപ്ലാന്റിന്റെ പ്രവർത്തനം സുഗമമായിരിക്കും. പുതിയ രീതിയിൽ മാലിന്യ സംസ്കരണ പ്ലാന്റിലേക്ക് വരുന്ന ആസിഡിന്റ അളവ് കുറവായിരിക്കും.

ലാറ്റക്സ് സംസ്കരണവ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് റബ്ബർപാൽ സംസ്കരണ സമയത്ത് ഉണ്ടാകുന്ന ദുർഗന്ധവും ജലമലിനീകരണവുമാണ്. ഇത് പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുകയും റബ്ബർ സംസ്കരണ കേന്ദ്രങ്ങൾക്ക് സമീപമുള്ള താമസക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യും. ഈ പ്രശ്നം സെനെക്സ് ഉത്പാദിപ്പിക്കുന്ന ഫാക്ടറികളിൽ മാത്രമല്ല, വീടുകളിലെയും റബ്ബറുത്പാദകസംഘങ്ങളിലെ റബ്ബർപാൽസംസ്കരണത്തെയും ബാധിക്കുന്നു. അതിനാൽ, ഇവിടങ്ങളിലെല്ലാം കാര്യക്ഷമമായ ഒരു മാലിന്യസംസ്കരണ സംവിധാനം അത്യാവശ്യമാണ്.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്

# സ്കിം ലാറ്റക്സ് സംസ്കരണത്തിന് നൂതന സംവിധാനം

### റബ്ബർമേഖലയിലെ സമീപകാല നേട്ടങ്ങൾ

റബ്ബർ ആക്ട്-1947 നടപ്പാക്കിയതിന്റെ ഭാഗമായാണ് റബ്ബർബോർഡ് നിലവിൽ വന്നത്. ഇന്ന് റബ്ബർബോർഡ് രൂപവത്ക്കരിക്കപ്പെട്ടതിന്റെ 77-ാം വാർഷികം ആഘോഷിക്കുകയാണ്. രാജ്യത്തെ റബ്ബർവ്യവസായത്തിന്റെ വളർച്ചയിൽ ബോർഡ് ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ, ഉപഭോഗവ്യവസായത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉത്പന്നങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും 2047 ആകുമ്പോഴേക്കും രാജ്യത്തെ 'ആത്മനിർഭർ' ആക്കുന്നതിനുള്ള ദിശയിലേക്ക് നീങ്ങുന്നതിനും ബോർഡ് പ്രതിജ്ഞാബദ്ധമാണ്.

റബ്ബർമൂല്യശൃംഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബോർഡ് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഈ അവസരത്തിൽ സ്കിം ലാറ്റക്സിൽ നിന്ന് ഉയർന്ന നിലവാരമുള്ള റബ്ബർ വീണ്ടെടുക്കുന്നതിനുള്ള ഒരു നൂതന പ്രക്രിയ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ, റബ്ബർ മേഖലയിലെ എല്ലാവരുടെയും പങ്കാളിത്തത്തോടെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ (മുമ്പ് റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്) രജതജൂബിലി ആഘോഷിക്കുന്നതിന് ഒരു ദേശീയ പരിപാടി ആസൂത്രണം ചെയ്തിട്ടുമുണ്ട്.

### സ്കിം ലാറ്റക്സിൽ നിന്ന് ഉയർന്ന നിലവാരമുള്ള റബ്ബർ

സ്കിം ലാറ്റക്സിൽ നിന്ന് ഉയർന്ന നിലവാരമുള്ള റബ്ബർ വീണ്ടെടുക്കുന്നതിന് ഒരു നൂതനപ്രക്രിയ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തിരിക്കുന്നു. സ്കിം ലാറ്റക്സിനെ ചില രാസവസ്തുക്കൾ ഉപയോഗിച്ച് 24 മണിക്കൂറുകൊണ്ട് സംസ്കരിച്ചെടുത്തതിനുശേഷം അതിൽ ആസിഡ് ചേർത്ത് ഉറകൂട്ടി റബ്ബർകട്ടകളാക്കിയെടുക്കാൻ കഴിയും. ഈ കട്ടകളെ പിന്നീട് സ്കിം ക്രീപ്പാക്കി മാറ്റി ഉണക്കിയെടുക്കാം.

സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് (സെനക്സ്) ഉത്പാദിക്കുമ്പോഴുണ്ടാകുന്ന ഒരു ഉപോത്പന്നമാണ് സ്കിം ലാറ്റക്സ്. ഏകദേശം മൂന്നു മുതൽ നാല് വരെ ശതമാനം സ്കിം



*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പുതിയ സാങ്കേതികവിദ്യ ഫെഡറേഷൻ ഓഫ് ലാറ്റക്സ് പ്രോസസ്സേഴ്സിന്റെ പ്രതിനിധികൾക്ക് കൈമാറുന്നു*




*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ് പത്രസമ്മേളനത്തിൽ സംസാരിക്കുന്നു.*

റബ്ബർ ഇതിലുണ്ടാകും. കയ്യുറകൾ, കോണ്ടം, ബലൂണുകൾ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണത്തിനാണ് സെനക്സ് സാധാരണമായി ഉപയോഗിക്കുന്നത്. ഇന്ത്യയിൽ 40-ലധികം സെൻട്രിഫ്യൂജിങ് ഫാക്ടറികളുണ്ട്. രാജ്യത്ത് ഉത്പാദിപ്പിക്കുന്ന പ്രകൃതിദത്തറബ്ബറിന്റെ ഏകദേശം 10 ശതമാനം സെനക്സ് നിർമാണത്തിനാണ് ഉപയോഗിക്കുന്നത്.

നിലവിൽ സ്കിം റബ്ബർ വീണ്ടെടുക്കുന്ന പ്രക്രിയയിൽ ആദ്യം സ്കിം ലാറ്റക്സിൽ ആസിഡ് ചേർത്ത് അതിനെ കട്ടയാക്കുന്നു. തുടർന്ന് സ്കിം റബ്ബർ സ്ലറി ഉണ്ടാകുന്നു. ഈ സ്ലറിയിലെ വെള്ളം നീക്കം ചെയ്യുന്നതിനും ദൃഢീകരിക്കുന്നതിനുമായി നിരവധി പ്ലാസ്റ്റിക് ചാക്കുകളിൽ പായ്ക്ക് ചെയ്ത് രണ്ടാഴ്ച വെയ്ക്കുന്നു. തുടർന്ന് ലഭിക്കുന്ന സ്കിം പൗഡറിനെ വീണ്ടും സംസ്കരിച്ച് സ്കിം ക്രീപ്പ് ആക്കി മാറ്റുന്നു. ഈ പരമ്പരാഗത രീതിയിലൂടെ കുറഞ്ഞ നിലവാരമുള്ള റബ്ബർ മാത്രമേ ലഭിക്കുകയുള്ളൂ. കൂടാതെ, ഇതിന് ധാരാളം തൊഴിലാളികളെ ആവശ്യമായി വരുന്നു. ഈ രീതിയിലുള്ള സംസ്കരണം ദുർഗന്ധം വമിപ്പിക്കുന്നതും മാലിന്യസംസ്കരണ പ്ലാന്റുകൾക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമാണ്. സെനക്സ് ഫാക്ടറികൾക്ക് ചുറ്റുമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ പ്രതിഷേധങ്ങൾക്കും തുടർന്ന് നിയമതർക്കങ്ങൾക്കും ഇത് കാരണമാകുകയും ചെയ്തിട്ടുണ്ട്.

ആർ.ആർ.ഐ.ഐ. വികസിപ്പിച്ചെടുത്ത പുതിയ രീതിയിൽ പ്ലാസ്റ്റിക് ചാക്കുകളുടെ ആവശ്യം ഇല്ല. സംസ്കരണത്തിന് വേണ്ടിവരുന്ന സമയം 24 മണിക്കൂറായി കുറയുകയും ചെയ്യുന്നു. മാത്രമല്ല, ദുർഗന്ധം ഗണ്യമായി കുറയ്ക്കുന്നതും പരിസ്ഥിതിസുസ്ഥിരത വർദ്ധിപ്പിക്കുന്നതുമായ സംവിധാനമാണിത്. സ്കിം ലാറ്റക്സിൽ നിന്ന് ഉയർന്ന നിലവാരമുള്ള റബ്ബറിനെ പൂർണമായും വീണ്ടെടുക്കാനും കഴിയും. ഈ രീതി എളുപ്പവും അധ്വാനം കുറഞ്ഞതും കൂടുതൽ കാര്യക്ഷമവുമാണ്. ഇത് റബ്ബർ വ്യവസായത്തിന് ഗണ്യമായ നേട്ടം നൽകുന്നു.

റബ്ബർബോർഡിന്റെ കോട്ടയത്തെ കേന്ദ്രഓഫീസിൽ വച്ച് നടന്ന യോഗത്തിൽ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞന്മാരായ ഡോ. മധുസൂദനൻ കെ.എൻ., ഡോ. മനോജ് കുര്യൻ ജേക്കബ് എന്നിവർ ഈ സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ സെനക്സ് നിർമാതാക്കൾക്ക് വിശദീകരിച്ചു. ഈ സാങ്കേതികവിദ്യ സെനക്സ് നിർമാതാക്കളുടെ സംഘടനയായ ഫെഡറേഷൻ ഓഫ് ലാറ്റക്സ് പ്രോസസ്സേഴ്സിന് കൈമാറുകയും ചെയ്തു. മറ്റ് സംഘടനകൾക്കും സെനക്സ് യൂണിറ്റുകൾക്കും ആവശ്യപ്രകാരം ഈ സാകേതികവിദ്യ ലഭ്യമാണ്. ബോർഡ് ഫീസ് ഈടാക്കിയാണ് ഈ സാങ്കേതികവിദ്യ കൈമാറിയത്. റബ്ബർബോർഡ് ഈ ഉത്പന്നത്തെ 'ഇന്ത്യൻ പ്യൂരിഫൈഡ് സ്കിം റബ്ബർ' (IPSR) എന്ന് ബ്രാൻഡ് ചെയ്ത്, സാങ്കേതികവിദ്യയ്ക്ക് പേറ്റന്റ് നേടാ നുള്ള നടപടികളിലാണ്. കുറഞ്ഞ ചെലവും മികച്ച ഗുണമേന്മയും ഉള്ളതിനാൽ വിവിധ റബ്ബർവ്യവസായ സംരംഭങ്ങൾ ഉത്പന്നനിർമാണത്തിനായി IPSR ഉപയോഗിക്കുന്നതിന് താൽപര്യപ്പെട്ട് വന്നിട്ടുണ്ട്.

### റബ്ബർ മേഖലയിലെ സമീപകാലനേട്ടങ്ങൾ

കഴിഞ്ഞ സാമ്പത്തികവർഷം റബ്ബർബോർഡ് റബ്ബർ മേഖലയ്ക്ക് ഗുണകരമായ പല നടപടികൾക്കും തുടക്കം കുറിച്ചു. കേന്ദ്രസർക്കാർ ബോർഡിനുള്ള ബജറ്റ് വിഹിതം 360.31 കോടി രൂപയായി ഉയർത്തി. പരമ്പരാഗതമേഖലകളിൽ റബ്ബർനടീലിനുള്ള സഹായം ഹെക്ടറിന് 40,000 രൂപയായും പാരമ്പര്യേതരമേഖലകളിൽ 50,000 രൂപയായും വർദ്ധിപ്പിച്ചു. പുതിയ റബ്ബറുത്പാദകസംഘങ്ങൾ, ഗ്രോവർ ക്ലസ്റ്ററുകൾ, റബ്ബർ ടാപ്പർഗ്രൂപ്പുകൾ എന്നിവ




*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഇന്ത്യൻ പ്യൂരിഫൈഡ് സ്കിം റബ്ബറിന്റെ ലോഗോ പ്രകാശനം ചെയ്യുന്നു*

രൂപവത്കരിക്കുന്നതിന് കർഷകർക്ക് പിന്തുണ നൽകുന്ന പദ്ധതികൾ നിലവിലുണ്ട്. ഇന്ത്യൻ നാച്ചുറൽ റബ്ബർ ഓപ്പറേഷൻസ് ഫോർ അസിസ്റ്റഡ് ഡെവലപ്മെന്റ് (INROAD) പദ്ധതി വഴി വടക്കുകിഴക്കൻ മേഖലയിൽ 1.25 ലക്ഷം ഹെക്ടറിലധികം സ്ഥലങ്ങളിൽ ഇതുവരെ പുതുതായി റബ്ബർ കൃഷിചെയ്തു കഴിഞ്ഞു. ഇത് ഏകദേശം 1.4 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്നതാണ്. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രവും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങും ഗവേഷണം, വിജ്ഞാനവ്യാപനം, പരിശീലനം, അടിസ്ഥാനസൗകര്യങ്ങൾ പങ്കിടൽ എന്നിവയ്ക്കായി കേരള റബ്ബർ ലിമിറ്റഡ് (KRL), യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസ്സിയേഷൻ ഓഫ് സതേൺ ഇന്ത്യ (UPASI), ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ് (IOCL), രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (RIT) എന്നിവയുൾപ്പെടെ വിവിധ സ്ഥാപനങ്ങളുമായി പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ജനിതകമാറ്റം വരുത്തിയ റബ്ബറിന്റെ നടീലിന് ത്രിപുരയിൽ തുടക്കം കുറിച്ചിട്ടുണ്ട്. റബ്ബറിൽ ഇടവിളക്കൃഷിക്ക് യോജിച്ച മഞ്ഞൾ ഇനങ്ങൾ കണ്ടെത്തി ശുപാർശ ചെയ്യുന്നതിനും കഴിഞ്ഞു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കൃഷി ചെയ്യുന്നതിനായി ആർആർഐഐ 417 എന്ന ഇനം ശുപാർശ ചെയ്തിട്ടുണ്ട്. ഗവേഷണകേന്ദ്രത്തിലെ പ്ലാന്റ് പതോളജി ഡിവിഷൻ കഴിഞ്ഞ വർഷം വിവിധ രാജ്യങ്ങളിലെ ശാസ്ത്രജ്ഞർ പങ്കെടുത്ത് ഒരു അന്താരാഷ്ട്ര രോഗപ്രതിരോധ സെമിനാർ സംഘടിപ്പിച്ചു. ഡ്രോൺ ഉപയോഗിച്ച് റബ്ബറിന് മരുന്നടിക്കുന്ന സങ്കേതികവിദ്യ ഡിവിഷൻ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ കീഴിലുള്ള റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ റബ്ബറുത്പന്ന നിർമാണരംഗത്ത് നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് വേണ്ട സങ്കേതികനിർദേശങ്ങൾ നൽകിവരുന്നു. സംരംഭകരുടെ ആവശ്യങ്ങൾക്കനുസരിച്ച് ബയോഡീഗ്രേഡബിൾ സാനിറ്ററി സോക്സ്, ടെന്നീസ് ബോൾ, റോഡ് ഡിവൈഡർ തുടങ്ങിയവ സമീപകാലത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്.

റബ്ബർബോർഡിന്റെ ഓൺലൈൻ റബ്ബർട്രേഡിങ് പ്ലാറ്റ്ഫോമായ 'എം റൂബ്' പ്രകൃതിദത്തറബ്ബർ വിൽക്കുന്നവരെയും വാങ്ങുന്നവരെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഈ സംവിധാനത്തിലൂടെയുള്ള വിപണനത്തിന്റെ വ്യാപാരമൂല്യം മൂന്ന് വർഷത്തിനുള്ളിൽ 105.55 കോടി രൂപയിൽ നിന്ന് 234.63 കോടി രൂപയായി ഉയർന്നു.

റബ്ബർ കയറ്റുമതിക്കാർക്ക് യൂറോപ്യൻ യൂണിയനിലേക്ക് റബ്ബറുത്പന്നങ്ങൾ കയറ്റിയയ്ക്കുന്നതിന് യൂറോപ്യൻ യൂണിയൻ ഡീഫോറസ്റ്റേഷൻ റെഗുലേഷൻ (ഇ.യു.ഡി.ആർ.) ബാധകമാണ്. ഈ സർട്ടിഫിക്കേഷനായി ട്രയമ്പു ടെക് സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി റബ്ബർബോർഡ് ധാരണാപത്രം ഒപ്പുവെച്ചു കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട ജിയോ-മാപ്പിങ് ഇതിനകം തുടങ്ങിക്കഴിഞ്ഞു.

റബ്ബർടാപ്പർമാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, സ്ത്രീ ശാക്തീകരണ പരിപാടികൾ, വൈദ്യസഹായം, ഭവനനിർമാണത്തിനുള്ള സഹായം, വടക്കുകിഴക്കൻ മേഖലയിൽ തൊഴിലാളികൾക്ക് സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സഹായം, അപകട ഇൻഷ്വറൻസ്, ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് കംടെർമിനൽ ബെനിഫിറ്റ് സ്കീമുകൾ എന്നിവ ഉൾപ്പെടുന്ന വിവിധ തൊഴിലാളിക്ഷേമ പദ്ധതികൾ ബോർഡ് നടപ്പാക്കിവരുന്നുണ്ട്.

സുസ്ഥിരമായ രീതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും പുതിയ കണ്ടെത്തലുകളെ പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യത്തുടനീളമുള്ള റബ്ബർ കർഷകരെയും ഈ മേഖലയിലുള്ള മറ്റുള്ളവരെയും ശാക്തീകരിക്കുന്നതിനും റബ്ബർബോർഡ് പ്രതിജ്ഞാബദ്ധമാണ്. വരും കാലങ്ങളിൽ സഹകരണശ്രമങ്ങളിലൂടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും റബ്ബർ ആവാസവ്യവസ്ഥ വികസിപ്പിക്കുന്നതിനും ബോർഡ് ശ്രമിക്കുന്നതായിരിക്കും.

ഈ വിഷയങ്ങൾ മാധ്യമങ്ങളുമായി പങ്കുവെയ്ക്കാൻ ബോർഡ് നടത്തിയ പത്രസമ്മേളനത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു, റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ ഇൻ ചാർജ് ഡോ. എം.ഡി. ജെസ്സി എന്നിവരും ഫെഡറേഷൻ ഓഫ് ലാറ്റക്സ് പ്രോസസ്സേഴ്സ് പ്രതിനിധികളും പങ്കെടുത്തു. ●



ഡോ. റ്റി. മീനാകുമാരി
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം



എം.ജെ. റെജു
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം


# നടീലിനു തയ്യാറെടുക്കുമ്പോൾ: ഇനങ്ങളുടെ പ്രസക്തി

ഏതൊരു കൃഷിയെ സംബന്ധിച്ചും 'വിത്തു ഗുണം പത്തുഗുണം' എന്നതാണല്ലോ ചൊല്ല്. ആദ്യകാലങ്ങളിൽ വിത്ത് മുളപ്പിച്ചുണ്ടാക്കുന്ന തൈകൾ ഉപയോഗിച്ചാണ് (ബഡ്ഡുചെയ്യാതെ) റബ്ബർ കൃഷിചെയ്തിരിക്കുന്നത്. അങ്ങനെയുള്ള മരങ്ങളിൽ നിന്നുള്ള ഉത്പാദനം വളരെ കുറവായിരുന്നു. തുടർന്ന് നിരന്തരമായ ഗവേഷണങ്ങളുടെ ഫലമായി, ഉയർന്ന ഉത്പാദനക്ഷമതയുള്ള നടീലിനങ്ങൾ വികസിപ്പിച്ചെടുക്കാൻ വിവിധ റബ്ബറുത്പാദകരാജ്യങ്ങൾക്ക് കഴിഞ്ഞു. ഏഷ്യയിൽ ആദ്യമായി ഗവേഷണം ആരംഭിച്ച ശ്രീലങ്ക, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ വികസിപ്പിച്ചെടുത്ത ആർ.ആർ.ഐ.സി. 100, ആർആർഐഎം 600 പോലുള്ള ഇനങ്ങൾ ഇന്ത്യ ഉൾപ്പെടെ മറ്റു രാജ്യങ്ങളിലും പ്രചാരം നേടി. എന്നാൽ ഇന്ന് ഈ ഇനങ്ങളേക്കാൾ ഉത്പാദനക്ഷമതയുള്ള റബ്ബറിനങ്ങൾ റബ്ബറുത്പാദകരാജ്യങ്ങൾ തദ്ദേശീയമായി വികസിപ്പിച്ചു കഴിഞ്ഞു.

ഇന്ത്യയിലും അത്യുത്പാദനക്ഷമതയും ഇതര സ്വഭാവസവിശേഷതകളും ഉള്ള ഇനങ്ങൾ വികസിപ്പിച്ചെടുക്കാനും ഈ ഇനങ്ങളെ റബ്ബർ കൃഷിചെയ്യുന്ന വിവിധ സംസ്ഥാനങ്ങളിലേക്കും പ്രത്യേകിച്ച് കേരളത്തിലെ വിവിധ പ്രദേശങ്ങൾക്കും യോജിച്ചവ ഏതെന്ന് കണ്ടെത്തി തരംതിരിക്കാനും കഴിഞ്ഞിട്ടുണ്ട്. പ്രാദേശികമായ കാലാവസ്ഥാവ്യതിയാനങ്ങളെപ്പോലും പ്രതിരോധിക്കാൻ കഴിവുള്ളവയാണ് ഈ ഇനങ്ങൾ. ഇന്ത്യയിൽ 10 ക്ലോണുകളാണ് നിലവിൽ വിവിധ പ്രദേശങ്ങളിലേക്കുള്ള ശുപാർശപ്പട്ടികയിൽ ഉള്ളത്. ആർആർഐഐ 430, ആർആർഐഐ 417, ആർആർഐഐ 422, ആർആർഐഐ 429, ആർആർഐഐ 414, ആർആർഐഐ 105, ആർആർഐഎം 600, ആർആർഐഐ 208, ആർആർഐഐ 203, ജി.റ്റി.-1 എന്നിവയാണ് ഈ



**പട്ടിക 1: പ്രാദേശികാടിസ്ഥാനത്തിലുള്ള റബ്ബറിനങ്ങളുടെ ശുപാർശ**

| മേഖല | ജില്ല/സ്ഥലം | കാലാവസ്ഥയും സാഹചര്യങ്ങളും | ഏറ്റവും യോജിച്ച നടീലിനങ്ങൾ |
|---|---|---|---|
| തെക്കൻ തമിഴ്നാട് | കന്യാകുമാരി | ക്രമമായ മഴയുടെ ലഭ്യത, താപനിലയിൽ കാര്യമായ ഏറ്റക്കുറച്ചിലില്ല, അകാലിക ഇലകൊഴിച്ചിൽ വളരെ കുറവ്, പ്രതിവർഷം മഴയുടെ അളവ് 2000 മി. മീ. | ആർആർഐഐ 430, ആർആർഐഐ 105, ആർആർഐഐ 429. |
| തെക്കൻ കേരളം | തിരുവനന്തപുരം, കൊല്ലം | സുലഭമായ മഴയുടെ ലഭ്യത, വേനൽചൂട് രൂക്ഷമായ ഉഷ്ണമേഖലാ പ്രദേശം, പ്രതിവർഷം മഴയുടെ അളവ് 2000 മുതൽ 4500 മി. മീ. വരെ | ആർആർഐഐ 422, ആർആർഐഐ 430, ആർആർഐഐ 417. |
| മദ്ധ്യ കേരളം | പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം | പ്രതിവർഷം ഇടവപ്പാതിയും തുലാവർഷവും ആയി 3000 മുതൽ 4000 വരെ മി. മീ. മഴ ലഭിക്കുന്നു, ചീക്കുരോഗത്തിനും അകാലിക ഇലകൊഴിച്ചിലിനും അനുകൂലമായ കാലാവസ്ഥ | ആർആർഐഐ 430, ആർആർഐഐ 414, ആർആർഐഐ 417. |
| തെക്കൻ മലബാർ | തൃശൂർ, പാലക്കാട് | തുലാവർഷം ദുർബലം, കാലവർഷവും വേനലും തീവ്രം, വേനൽ ചൂടിന് ഏറ്റക്കുറച്ചിൽ, ചില പ്രദേശങ്ങളിൽ ശക്തിയായ കാറ്റ് അനുഭവപ്പെടുന്നു, പ്രതിവർഷം മഴയുടെ അളവ് 2300 മുതൽ 3000 വരെ മി. മീ. | ആർആർഐഐ 417, ആർആർഐഐ 429, ആർആർഐഐ 430. |
| വടക്കൻ കേരളം (മലബാർ) | മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് | തുലാവർഷം ദുർബലം, ശക്തിയായി പെയ്യുന്ന ഇടവപ്പാതി, കഠിനമായ വേനൽചൂട്, ഡിസംബർ മുതൽ മെയ് വരെ നീളുന്ന ഉണക്കുകാലം, പ്രതിവർഷം മഴയുടെ അളവ് 3400 മി. മീ. | ആർആർഐഐ 430, ആർആർഐഐ 417, ആർആർഐഐ 105. |
| ഉയരം കൂടിയ പ്രദേശങ്ങൾ | വിതുര, കുളത്തൂപ്പുഴ, ഇടുക്കി, വയനാട് | സമുദ്രനിരപ്പിൽ നിന്ന് 450 മീറ്ററിന് മുകളിൽ ഉയരം, ഇടവപ്പാതിയിൽ കനത്ത മഴ, ഡിസംബർ മുതൽ മാർച്ച് വരെ നീളുന്ന ഉണക്ക്, തണുപ്പ് കൂടിയ അന്തരീക്ഷം, ജനുവരിയിൽ ഒന്നു മുതൽ 15 വരെ ഡിഗ്രി താഴുന്ന താപനിലയും മഞ്ഞും, രോഗബാധയ്ക്ക് അനുകൂലമായ കാലാവസ്ഥ, പ്രതിവർഷം മഴയുടെ അളവ് 4000 മി. മീ. | ആർആർഐഐ 422, ആർആർഐഐ 429, ആർആർഐഐ 417. |
| തെക്കു പടിഞ്ഞാറൻ കർണ്ണാടകയും ഗോവയും | ദക്ഷിണ കർണാടക, ഗോവ | തുലാവർഷം ദുർബലം, കഠിനമായ വേനൽചൂട്, അകാലിക ഇലകൊഴിച്ചിൽ, കൊറിനിസ്പോറ മൂലമുള്ള രോഗബാധയ്ക്ക് അനുകൂലമായ കാലാവസ്ഥ, പ്രതിവർഷം മഴയുടെ അളവ് 2100 മുതൽ 4500 വരെ മി. മീ. | ആർആർഐഐ 430, ആർആർഐഐ 414, ജി.റ്റി. 1, ആർആർഐഐ 203. |

** ആർആർഐഐ 429 അത്യുത്പാദനശേഷി തെളിയിച്ചിട്ടുള്ള ഇനമാണെങ്കിലും ഈ ഇനത്തിന് ചീക്കുരോഗത്തിനെതിരെ മുൻകരുതൽ എടുക്കേണ്ടതാണ്.*
** മൊത്തത്തിൽ എല്ലാ പ്രദേശങ്ങൾക്കും റബ്ബർബോർഡ് ശുപാർശ ചെയ്യുന്ന രോഗപ്രതിരോധമാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്. അത്യുത്പാദനശേഷിയുള്ള എല്ലാ ഇനങ്ങൾക്കും മൂന്ന് ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുന്നതാണ് ഉത്തമം.*
** ആർആർഐഐ 105-നും ആർആർഐഐ 430-നും റബ്ബർബോർഡ് ശുപാർശ ചെയ്യുന്ന ഇടവേള കൂടിയ ടാപ്പിങ് സമ്പ്രദായം അവലംബിക്കാം.*

ക്ലോണുകൾ. അവയിൽ കേരളത്തിലെ വിവിധ മേഖലകൾക്കായി ഉൾപ്പെടുത്തിയിരിക്കുന്ന ആറ് ഇനങ്ങൾ ആർആർഐഐ 430, ആർആർഐഐ 414, ആർആർഐഐ 417, ആർആർഐഐ 422, ആർആർഐഐ 105, ആർആർഐഐ 429 എന്നിവയാണ്.

പ്രാദേശികാടിസ്ഥാനത്തിൽ റബ്ബറിനങ്ങൾ ശുപാർശ ചെയ്യുന്നതിന് രണ്ടു പ്രധാന ഘടകങ്ങളാണ് പരിഗണിക്കപ്പെടുന്നത്. പരമ്പരാഗത കൃഷിമേഖലയെ (കന്യാകുമാരി, തെക്കുപടിഞ്ഞാറൻ കർണാടക, കേരളം) മഴയുടെ ലഭ്യതയും അതോടനുബന്ധിച്ച് വരുന്ന രോഗബാധയുടെ കാഠിന്യവും കണക്കിലെടുത്ത് ഏഴ് വിവിധ മേഖലകളായി തിരിച്ചു. കന്യാകുമാരിയിൽ താരതമ്യേന ക്രമമായിട്ടാണ് മഴ ലഭിക്കുന്നത്. ഇവിടെ രോഗബാധ പൊതുവെ കുറവാണ്. മദ്ധ്യകേരളത്തിൽ ഇടവപ്പാതിയും തുലാവർഷവും കൂടുതലായി ലഭിക്കുന്നു. ഈ പ്രദേശത്ത് രോഗങ്ങൾ കൂടുതലായും കാണപ്പെടുന്നു. വടക്കേ മലബാറിലും കർണാടകയുടെ തെക്കൻ ജില്ലകളിലും തുലാവർഷത്തിലെ മഴയുടെ ലഭ്യത കുറവായി കാണപ്പെടുന്നു. എന്നാൽ ഈ പ്രദേശത്ത് *കൊറിനിസ്പോറ* ഇലരോഗങ്ങളുടെ തീവ്രത കൂടുതലാണ്.

മേൽപറഞ്ഞ ഏഴു മേഖലകളിലും ശുപാർശയിലുള്ള അത്യുത്പാദനശേഷിയുള്ള എല്ലാ ഇനങ്ങളും ഗവേഷണ കേന്ദ്രങ്ങളിലും കർഷകരുടെ തോട്ടങ്ങളിലും കൃഷി ചെയ്ത് 10 മുതൽ 15 വരെ വർഷത്തെ ഉത്പാദനത്തിന്റെ കണക്കുകൾ ക്രോഡീകരിച്ചാണ് പ്രാദേശികാടിസ്ഥാനത്തിൽ ഏറ്റവും മികച്ച ക്ലോണുകളേതെന്ന് കണ്ടെത്തിയത് (പട്ടിക 1)

തദ്ദേശീയമായി വികസിപ്പിച്ചെടുത്ത പ്രധാനപ്പെട്ട ആറ് റബ്ബറിനങ്ങളുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് പരിശോധിക്കാം.

### ആർആർഐഐ 430

ആർആർഐഐ 400 പരമ്പര ഇനങ്ങളിൽ ഏറ്റവും സുസ്ഥിരമായ വളർച്ചയും ഉത്പാദനവും നൽകുന്ന ഇനമാണിത്. ഉയർന്ന പ്രദേശങ്ങളൊഴികെ പരമ്പരാഗത കൃഷിമേഖലയിലേക്ക് ഈ ഇനം ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിന് മഞ്ഞുകാലത്ത് പൊടിക്കുമിൾ രോഗബാധ കൂടുതലായി കണ്ടുവരുന്നതിനാൽ ഉയർന്ന പ്രദേശങ്ങളിലേക്ക് ശുപാർശ ചെയ്തിട്ടില്ല.












വാർഷിക ഇലകൊഴിച്ചിലും തളിരിടലും വൈകി ആയതിനാൽ വേനൽ മാസങ്ങളിൽ ഉത്പാദനം കുറയും. കാലവർഷത്തോടനുബന്ധിച്ച് പരമാവധി ഉത്പാദനം ലഭിക്കുന്നതിനാൽ റെയിൻഗാർഡ് ചെയ്ത് ടാപ്പുചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം. ഉയർന്ന ഉണക്കറബ്ബർ തൂക്കവും കാറ്റിനെ പ്രതിരോധിക്കാനുള്ള കഴിവും ഈ ഇനത്തിന്റെ പ്രത്യേകതയാണ്.

### ആർആർഐഐ 417

കേരളത്തിലുടനീളം ശുപാർശ ചെയ്തിട്ടുള്ള ഈ ഇനം ആർആർഐഐ 430-നൊപ്പം ഉത്പാദനക്ഷമതയുള്ളതാണ്. ഉയർന്ന ഉണക്കറബ്ബർ തൂക്കവും ഊർജ്ജസ്വലമായ വളർച്ചയും കാണിക്കുന്നു. ചീക്കുരോഗം കൂടുതലുള്ള പ്രദേശങ്ങളിൽ ഇവയ്ക്ക് സംരക്ഷണ നടപടികൾ വേണ്ടിവരും.

### ആർആർഐഐ 422

തെക്കൻ ജില്ലകളായ കൊല്ലം, തിരുവനന്തപുരം പ്രദേശങ്ങൾക്ക് കൂടുതൽ യോജിച്ച ഇനമാണിത്. നേരത്തെ ഇലകൊഴിക്കുന്ന ഇനമായതിനാൽ വേനൽ മാസങ്ങളിൽ മറ്റിനങ്ങളെ അപേക്ഷിച്ച് ഉത്പാദനം കൂടുതലാണ്.

### ആർആർഐഐ 414

വളർച്ചയിലും രോഗപ്രതിരോധശേഷിയിലും (അകാലികമായ ഇലകൊഴിച്ചിൽ ഉൾപ്പെടെ സാമാന്യം എല്ലാ രോഗങ്ങൾക്കും എതിരെ) മുൻപന്തിയിൽ നിൽക്കുന്ന ഇനമാണിത്. ഉത്പാദനത്തിൽ പ്രാദേശികമായ ഏറ്റക്കുറച്ചിൽ വളരെ കൂടുതലാണ്. കൊറിനിസ്പോറ ഇലപ്പൊട്ടുരോഗത്തിന് എതിരെ പ്രതിരോധശേഷിയുള്ളതിനാൽ നിലവിൽ കർണാടകയിലേക്കും കൂടാതെ മദ്ധ്യകേരളത്തിലേക്കും മാത്രമാണ് ഇത് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്.

### ആർആർഐഐ 429

അത്യുത്പാദനശേഷിയുള്ള ഇനമാണെങ്കിലും കഠിനമായ ചീക്കുരോഗബാധയുള്ളതിനാൽ പരമ്പരാഗത കൃഷിമേഖലയിലേക്ക് വ്യാപകമായി ശുപാർശ ചെയ്തിട്ടില്ല. എന്നാൽ ചീക്കുരോഗം വളരെ കുറവായ പ്രദേശങ്ങളിലേക്ക് ശുപാർശ ചെയ്തിരിക്കുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉത്പാദനം തരുന്ന ഇനമാണിത്.

### ആർആർഐഐ 105

1980-ൽ ശുപാർശ ചെയ്യപ്പെട്ടതു മുതൽ ഏറ്റവും പ്രചാരം നേടിയ ഇനമാണിത്. ഇതിന് അകാലിക ഇലകൊഴിച്ചിലിനെതിരെ നല്ല രോഗപ്രതിരോധശേഷി ഉണ്ടായിരുന്നു. എന്നാൽ, ഇന്ന് രോഗതീവ്രത കൂടിയ വർഷങ്ങളിൽ ആർആർഐഐ 105-ന്റെ തോട്ടങ്ങളിൽ 100 ശതമാനവും ഇലപൊഴിക്കുന്നതായി കണ്ടുവരുന്നു. ടാപ്പിങ്ങിനുള്ള വണ്ണമെത്തുന്നതിനുള്ള കാലതാമസവും കാറ്റുമൂലമുള്ള കെടുതികളും മുൻകാലങ്ങളെ അപേക്ഷിച്ച് കൂടിവരുന്നു. ആർആർഐഐ 105 -നെയും ആർആർഐഐ 400 പരമ്പര ക്ലോണുകളുകളെയും ചേർത്ത്, കഴിഞ്ഞ രണ്ടു ദശകങ്ങളിലായി നടത്തിയ താരതമ്യപഠനങ്ങളിൽ ആർആർഐഐ 105-ന് മരം പ്രതിയുള്ള ശരാശരി വാർഷിക ഉത്പാദനം 6.2 കി.ഗ്രാം ലഭിച്ച സ്ഥാനത്ത് ആർആർഐഐ 414-ന് 6.9 കി.ഗ്രാം, ആർആർഐഐ 417-ന് 7.2 കി.ഗ്രാം, ആർആർഐഐ 422-ന് 7.2 കി.ഗ്രാം , ആർആർഐഐ 429-ന് 7.2 കി.ഗ്രാം, ആർആർഐഐ 430-ന് 7.4 -കി.ഗ്രാം എന്നിങ്ങനെ ലഭിക്കുകയുണ്ടായി. പ്രാദേശിക അടിസ്ഥാനത്തിലുള്ള ശുപാർശയിൽ കന്യാകുമാരി ജില്ലയിലേക്കും വടക്കേ മലബാറിലെ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലേക്കുമാണ് ഇന്ന് ആർആർഐഐ105 നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി പ്രകൃതിദുരന്തം, കാലാവസ്ഥാവ്യതിയാനം, രോഗങ്ങളുടെ കാഠിന്യം, പുതിയ രോഗങ്ങൾ, ടാപ്പിങ് തൊഴിലാളികളുടെ കുറവ്, ശാസ്ത്രീയമായ ടാപ്പിങ്ങിന്റെ അഭാവം, മണ്ണിന്റെ പോഷകക്കുറവ് എന്നിവ റബ്ബർമേഖലയെ ബാധിക്കുന്നുണ്ട്. എന്നാൽ, ഉത്പാദനത്തെ പരമപ്രധാനമായി ബാധിക്കുന്നത് തങ്ങളുടെ ഭൂപ്രദേശത്തിന് ഏറ്റവും യോജിച്ച ജനിതകശേഷിയും ഗുണമേന്മയുമുള്ള ഇനമാണോ നട്ടിരിക്കുന്നത് എന്നുള്ളതാണ്. നടീലിനം തെരഞ്ഞെടുക്കുന്നതിൽ പിഴവ് സംഭവിച്ചാൽ മറ്റെല്ലാ ഘടകങ്ങളും ഒത്തുചേർന്നാലും അവിടെ ലഭിക്കുന്ന അധികവിളവ് പരിമിതമായിരിക്കും. ഗുണമേന്മയുള്ള നടീലിനങ്ങൾ കൃഷിചെയ്യുന്നതോടൊപ്പം അവയ്ക്ക് റബ്ബർബോർഡ് ശുപാർശ ചെയ്തിട്ടുള്ള പരിചരണമുറകളും കൂടി പാലിച്ചാൽ മാത്രമേ ശരിയായ ഉത്പാദനം ലഭിക്കൂ എന്ന കാര്യവും വിസ്മരിച്ചു കൂടാ. തൈ നട്ട് ആദ്യവർഷങ്ങളിലെ ശ്രദ്ധക്കുറവ്, കാലം തെറ്റിയുള്ള മഴ, ടാപ്പുചെയ്യുന്ന മരങ്ങളിൽ പട്ടയെ ബാധിക്കുന്ന രോഗങ്ങൾ ഇവയെല്ലാം എല്ലാ റബ്ബറിനങ്ങളെയും ഒരു പോലെ ബാധിക്കുന്നു. ഒരു തോട്ടവിളയെന്ന രീതിയിൽ നാം ആശ്രയിക്കുന്ന റബ്ബർകൃഷിയിൽ ഉത്പാദനം കുറയുന്നുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ അപഗ്രഥിച്ച് പരിഹാരം കാണേണ്ടിയിരിക്കുന്നു. ഏക ക്ലോൺ കൃഷി സമ്പ്രദായത്തിന്റെ ഭവിഷ്യത്തുകൾ മുന്നിൽകണ്ട് കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടത് റബ്ബർകൃഷിമേഖലയുടെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. •



ഡോ. ഷാജി ഫിലിപ്പ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം



എഡ്വിൻ പ്രേം ഇ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം


# മഴക്കാലരോഗങ്ങളെ പ്രതിരോധിക്കാം

റബ്ബർമരങ്ങളിൽ കുമിൾരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലുള്ള സമയമാണ് മഴക്കാലം. അന്തരീക്ഷത്തിൽ ഈർപ്പത്തിന്റെ അംശം കൂടുന്നത് രോഗകാരികളായ സൂക്ഷ്മജീവികളുടെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം ഒരുക്കും. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഏപ്രിൽ, മെയ് മാസങ്ങളിൽ ശക്തമായ വേനൽ മഴ പെയ്യാറുണ്ട്. അതായത് വെയിലും മഴയും ഇടകലർന്ന് ലഭിക്കുന്നു. പരമ്പരാഗത റബ്ബർ മേഖലയിൽ ന്യൂനമർദ്ദം മൂലവും ദിവസങ്ങളോളം തുടർച്ചയായി മഴ പെയ്യാറുണ്ട്. ഇവയെല്ലാം രോഗകാരികളായ കുമിളുകളുടെ വളർച്ചയ്ക്ക് കാരണമാകുന്നു. റബ്ബർമരങ്ങളുടെ മഴക്കാലരോഗങ്ങളെക്കുറിച്ചും അവയുടെ പ്രതിവിധികളെക്കുറിച്ചും അറിഞ്ഞിരിക്കുന്നത് ഫലപ്രദമായ രോഗപ്രതിരോധമാർഗങ്ങൾ സ്വീകരിക്കാൻ കർഷകർക്ക് സഹായകമാകും. രോഗങ്ങളെ നിസ്സാരമായി കാണാതെ ഫലപ്രദമായി പ്രതിരോധിച്ചാൽ മരങ്ങളുടെ ആയുസ് കൂട്ടാനും ഉത്പാദനം നിലനിർത്താനും സാധിക്കും.

റബ്ബറിനെ ബാധിക്കുന്ന പ്രധാന മഴക്കാലരോഗങ്ങൾ, അവയുടെ ലക്ഷണങ്ങൾ, പ്രതിരോധമാർഗങ്ങൾ, നിവാരണമാർഗങ്ങൾ തുടങ്ങിയവ ഏതൊക്കെയെന്ന് പരിശോധിക്കാം.

### 1. ഇലപ്പൊട്ടുരോഗം (*കൊളിറ്റോട്രിക്കം* സർക്കുലാർ ലീഫ് സ്പോട്ട് ഡിസീസ്)

**രോഗലക്ഷണങ്ങൾ**

- 2017 മുതൽ പരമ്പരാഗതമേഖല, കന്യാകുമാരി, സൗത്ത് കർണാടക തുടങ്ങിയ റബ്ബർമേഖലകളിൽ ഈ രോഗം കാണുന്നുണ്ട്.
- *കൊളിറ്റോട്രിക്കം ഫ്രക്റ്റിക്കോള, കൊളിറ്റോട്രിക്കം സിയാമിൻസ്* എന്നീ കുമിളുകളാണ് രോഗമുണ്ടാക്കുന്നത്.





- ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ രോഗബാധ കാണപ്പെടുന്നു.
- വേനൽമഴയ്ക്കൊപ്പം രോഗബാധ തുടങ്ങുന്നു.
- മൂപ്പെത്തിയ ഇലകളിലാണ് രോഗബാധ കാണുന്നത്.
- ഇടകലർന്ന മഴയും വെയിലും രോഗബാധ വർദ്ധിപ്പിക്കുന്നു.
- മൂത്ത ഇലകളിൽ വെളുത്ത നിറത്തിൽ പല വലിപ്പത്തിലും വൃത്താകൃതിയിലും പൊട്ടുപോലെ രോഗബാധ കാണപ്പെടുന്നു.
- മഴക്കാലത്ത് മൂപ്പെത്തിയ ഇലകളിൽ കറുത്ത നിറത്തിലോ തവിട്ട് നിറത്തിലോ വൃത്താകൃതിയിലോ രോഗലക്ഷണം തുടങ്ങുന്നതാണ്.
- താഴത്തെ നിരയിലെ മൂപ്പെത്തിയ ഇലകളിൽനിന്ന് മുകൾതട്ടിലേക്ക് രോഗം വ്യാപിക്കുന്നു.
- തൈമരങ്ങളിലും ബഡ്ഡുവുഡ്ഡ് നഴ്സറികളും രോഗബാധ കണ്ടുവരുന്നു.
- നടീലിനായി ശുപാർശ ചെയ്തിട്ടുള്ള എല്ലാ ഇനങ്ങളിലും രോഗബാധ കാണുന്നു.
- അകാലിക ഇലകൊഴിച്ചിലും ഇലപ്പൊട്ടുരോഗവും ചിലപ്പോൾ ഒരേസമയം തോട്ടങ്ങളിൽ കാണാം.
- വട്ട, പാണൽ, തേക്ക്, മരുത്, തൊണ്ടി, കാട്ടുചെത്തി തുടങ്ങിയ മരങ്ങളിലും ഇലപ്പൊട്ടുരോഗം കാണപ്പെടാറുണ്ട്.
- രോഗം ബാധിച്ച ചില മൂപ്പെത്തിയ ഇലകൾ കൊഴിയാതെ നിൽക്കുന്നതും ചിലപ്പോൾ പിങ്കുനിറമായ ശേഷം കൊഴിയുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

**പ്രതിരോധമാർഗങ്ങൾ**

- അകാലിക ഇലകൊഴിച്ചിലും ഇലപ്പൊട്ടുരോഗവും ഒരുമിച്ച് തോട്ടങ്ങളിൽ കാണുന്നതുകൊണ്ട് ഇവയുടെ രണ്ടിന്റെയും ഒന്നിച്ചുള്ള നിയന്ത്രണമാർഗങ്ങൾ ആണ് ഫലപ്രദം.
- ചെമ്പു ചേർന്ന കുമിൾനാശിനി (കോപ്പർ ഓക്സിക്ലോറൈഡ് – COC) സ്പ്രേ ഓയിലിൽ 1:5 എന്ന അനുപാതത്തിൽ ചേർത്ത് രോഗബാധ തുടങ്ങുന്നതിനുമുമ്പ് സ്പ്രേ ചെയ്യുക.
- തോട്ടത്തിൽ ഇലപ്പൊട്ടുരോഗം ഇല്ല എന്ന് ഉറപ്പുവരുത്തിയശേഷം വേണം മരുന്ന് തളിക്കാൻ.
- താമസിച്ച് മരുന്നടിച്ച (ജൂൺ, ജൂലൈ മാസങ്ങളിൽ) ചില തോട്ടങ്ങളിൽ മരുന്ന് തളിക്കുമ്പോൾ താഴത്തെ നിരയിലെ ഇലകൾ ചുവപ്പ് നിറത്തിൽ പൊട്ടുപോലെയുള്ള ലക്ഷണവുമായി കൊഴിഞ്ഞു വീഴുന്നത് നിരീക്ഷിച്ചിട്ടുണ്ട്.
- ഒന്നു മുതൽ അഞ്ചു വരെ വർഷം പ്രായമായ മരങ്ങളിൽ മാങ്കൊസെബ് (0.2 ശതമാനം) ഒരു ലിറ്റർ വെള്ളത്തിൽ 2.66 ഗ്രാം എന്ന കണക്കിൽ ചേർത്ത് തളിക്കുന്നത് ഫലപ്രദമാണ്.
- ഈ രോഗത്തിന്റെ വ്യാപനത്തിൽ കാലാവസ്ഥ ഒരു നിർണായക ഘടകമാണ്.
- ചാറ്റൽമഴയും കാറ്റും ഉള്ളപ്പോൾ മരുന്നുതളിക്കരുത്.
- മുൻകൂട്ടി മരുന്നുതളി നടത്തിയ തോട്ടങ്ങളിൽ രോഗബാധ നന്നേ കുറവുള്ളതായിട്ടാണ് കണ്ടിട്ടുള്ളത്.

### 2. അകാലിക ഇലകൊഴിച്ചിൽ (Abnormal leaf fall)

**രോഗലക്ഷണങ്ങൾ**

- കേരളത്തിലെ കാലാവസ്ഥയിൽ ഏറ്റവും വ്യാപകമായി കാണപ്പെടുന്ന ഒരു രോഗമാണിത്.
- മാരകമായ രോഗബാധ ഉത്പാദനനഷ്ടത്തിന് കാരണമാകും.
- *ഫൈറ്റോഫ്‌ത്തോറ* എന്ന കുമിളാണ് രോഗമുണ്ടാകുന്നതിന് കാരണം.
- തണുപ്പും ഈർപ്പവും മൂടിക്കെട്ടിയ അന്തരീക്ഷവും രോഗബാധ വർദ്ധിപ്പിക്കുന്നു.
- കൊഴിഞ്ഞുവീഴുന്ന ഇലകൾക്ക് ചെമ്പ് നിറമോ പച്ച നിറമോ ആയിരിക്കും.



- കൊഴിഞ്ഞുവീണ ഇലകൾ പരിശോധിച്ചാൽ ഇലത്തണ്ടിൽ കറുത്ത പാടുകൾ കാണാം. പലപ്പോഴും അവിടെ ഒരു തുള്ളി റബ്ബർപാൽ ഉറഞ്ഞിരിക്കുന്നതായും കാണാം
- ഇപ്രകാരമുള്ള ഇലകൾ കണ്ടാൽ തങ്ങളുടെ തോട്ടങ്ങളിൽ *ഫൈറ്റോഫ്‌ത്തോറ* ബാധിച്ചു എന്ന് കർഷകർ മനസ്സിലാക്കണം.
- ആർആർഐഐ 105, ആർആർഐഐ 414, ആർആർഐഐ 430 എന്നീ ഇനങ്ങൾക്ക് സ്വാഭാവികമായ പ്രതിരോധശേഷി കുറെയൊക്കെ ഉള്ളതായി കണ്ടുവരുന്നു.
- മാറിയ കാലാവസ്ഥയിൽ ഈ ഇനങ്ങളിലും ചില വർഷങ്ങളിൽ ഇലകൊഴിച്ചിൽ കണ്ടിട്ടുണ്ട്.
- ഇലകൊഴിച്ചിൽ മരങ്ങളുടെ ഉത്പാദനത്തെയും വളർച്ചയെയും സാരമായി ബാധിക്കും.

**രോഗനിയന്ത്രണം**

- തോട്ടങ്ങളിൽ പ്രതിരോധപ്രവർത്തനങ്ങൾ മഴയ്ക്ക് മുമ്പായി തന്നെ ആരംഭിക്കണം.
- മെയ് മാസത്തിൽതന്നെ ഇലകളിൽ കുമിൾനാശിനി അടിച്ചിരിക്കണം.
- എണ്ണയിൽ കലർത്താവുന്ന ചെമ്പ് ചേർന്ന കുമിൾനാശിനിയോ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രമോ ഇതിനായി ഉപയോഗിക്കാം.
- ചെറിയ തൈകളിലും അഞ്ചു വർഷം വരെ പ്രായമായ മരങ്ങളിലും ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കേണ്ടതാണ്.

- ഒരു ഹെക്ടറിൽ തളിക്കാൻ ഏകദേശം 3,000 ലിറ്റർ കുമിൾനാശിനി ആവശ്യമാണ്.
- ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തയ്യാറാക്കാൻ ഒരു കിലോഗ്രാം തുരിശ് അൻപത് ലിറ്റർ വെള്ളത്തിൽ ലയിപ്പിക്കണം. ഒരു കിലോഗ്രാം നീറ്റുകക്ക നീറ്റിയെടുത്ത ചുണ്ണാമ്പ്, വെള്ളം ചേർത്ത് അൻപത് ലിറ്റർ ആക്കുക. തുരിശുലായനി ചുണ്ണാമ്പുലായനിയിലേക്ക് സാവധാനം ഒഴിച്ച് നന്നായി ഇളക്കണം. ഇലകളുടെ മുകൾഭാഗത്തും അടിഭാഗത്തും ഇലത്തണ്ടിലും ഇളം ശാഖകളിലും നന്നായി വീഴത്തക്കവണ്ണം സ്പ്രേ ചെയ്യുക.
- വലിയ മരങ്ങളിൽ എണ്ണയിൽ കലർത്താവുന്ന 56 ശതമാനം വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡ് അഞ്ചിരട്ടി സ്പ്രേ ഓയിലിൽ (1:5 എന്ന അനുപാതത്തിൽ) കലർത്തി മൈക്രോൺ സ്പ്രേയർ ഉപയോഗിച്ച് അടിക്കുന്നതാണ് ഫലപ്രദം. ഒരു ഹെക്ടറിന് 8 കി. ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് 40 ലിറ്റർ സ്പ്രേ ഓയിലിൽ കലർത്തിയ മിശ്രിതം മതിയാകും.
- മരങ്ങളുടെ ഓരോ നിരയിലൂടെയും സ്പ്രേയർ കൊണ്ടുനടന്ന് സ്പ്രേ ചെയ്യണം. മണിക്കൂറിൽ രണ്ടു മുതൽ മൂന്നു വരെ കിലോമീറ്റർ വേഗത്തിൽ നടന്നു വേണം മരുന്ന് തളിക്കാൻ.
- രോഗപ്രതിരോധപ്രവർത്തനങ്ങൾ മെയ് മാസത്തിൽ പൂർത്തിയാക്കണം.

### 3. കൂമ്പുചീയൽ

**രോഗലക്ഷണം**

- മഴക്കാലത്ത് പുതുതായി ഉണ്ടാകുന്ന തളിരിലകളും ഇളം തണ്ടുകളും അഴുകിപ്പോകുന്നതാണ് ഈ രോഗത്തിന്റെ ലക്ഷണം.
- രോഗം കൂടുതലായി കാണപ്പെടുന്നത് നഴ്സറികളിലെ തൈകളിലും തോട്ടങ്ങളിൽ നട്ടിരിക്കുന്ന തൈകളിലുമാണ്.
- *ഫൈറ്റോഫ്‌ത്തോറ* എന്ന കുമിളാണ് ഈ രോഗത്തിന് കാരണം.
- തൈകളുടെ വളർച്ചയും കാലാവസ്ഥയുടെ വ്യത്യാസവുമനുസരിച്ച് ചീയലിന്റെ വ്യാപ്തിയിൽ വ്യത്യാസം ഉണ്ടാകും.



- തണ്ടിന്റെ 15 സെ.മീ. മുതൽ 75 സെ.മീ. വരെ താഴേക്കുള്ള ഇലകൾക്ക് കേടുവരാറുണ്ട്.
- രോഗം നിയന്ത്രിച്ചില്ലെങ്കിൽ തൈകളുടെ വളർച്ച മുരടിക്കുകയും അപക്വകാലം കൂടുകയും ചെയ്യും.
- ടാപ്പുചെയ്യുന്ന തോട്ടങ്ങളുടെ സമീപത്തുള്ള ചെറുതൈകളിൽ രോഗം വരാൻ കൂടുതൽ സാധ്യതയുണ്ട്.

**പ്രതിരോധമാർഗ്ഗങ്ങൾ**

- ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രമോ വെള്ളത്തിൽ കലർത്താവുന്ന കോപ്പർ ഓക്സിക്ലോറൈഡ് 0.125 ശതമാനം (ഫൈറ്റോലാൻ 2.5 ഗ്രാം/



ലിറ്റർ) വീര്യത്തിലോ മഴക്കാലത്തിനു തൊട്ടുമുമ്പായും പിന്നീട് മഴ വിട്ടുനിൽക്കുന്ന ഇടവേളകളിലും ആഴ്ചയിലൊരിക്കൽ ഇളം തണ്ടുകളിലും ഇലകളിലും തളിച്ചു കൊടുക്കണം.

### 4. ചീക്ക് രോഗം (പിങ്ക് രോഗം)

**രോഗലക്ഷണങ്ങൾ**

- ജൂൺ മുതൽ ഒക്ടോബർ നവംബർ മാസം വരെ തടിയുടെ പട്ടയെ ബാധിക്കുന്ന രോഗമാണ് പിങ്ക് അഥവാ ചീക്കുരോഗം.
- *കോർട്ടീസിയം സാൽമണിക്കളർ* എന്ന ഇനം കുമിളാണ് രോഗഹേതു.
- റബ്ബർതൈകൾ രണ്ടുവർഷം പ്രായമാകുമ്പോൾ മുതലാണ് രോഗബാധ കണ്ടുതുടങ്ങുന്നത്.
- കവരഭാഗം, തായ്ത്തടി, ശിഖരങ്ങൾ, പച്ചനിറം മാറി തവിട്ടുനിറം വന്ന പട്ട, തുടങ്ങിയ ഇടങ്ങളിൽ രോഗബാധ കാണാം.
- തൊലിയുടെ പുറമെ വെള്ള നിറത്തിലോ പിങ്ക് നിറത്തിലോ ചിലന്തിവലപോലെ പൂപ്പൽ കാണപ്പെടുന്നു.
- ആ ഭാഗത്തുനിന്നും റബ്ബർപാൽ ഒലിച്ചിറങ്ങുകയും ചെയ്യുന്നു. ക്രമേണ ആ ഭാഗം വിണ്ടുകീറുകയും ചെയ്യും.



- രോഗബാധ ഉണ്ടായതിന് താഴെ ശാഖകൾ ഉണ്ടാവുകയും മുകൾഭാഗത്തെ ഇലയും തണ്ടും ഉണങ്ങി കൊഴിഞ്ഞുപോകാതെ നിൽക്കുകയും ചെയ്യുന്നു.
- ആർആർഐഐ 105, ആർആർഐഐ 414, ആർആർഐഐ 417 എന്നീ ഇനങ്ങൾക്ക് ഈ രോഗത്തിനെതിരെ പ്രതിരോധശേഷി കുറവാണ്. മഴ കൂടിയ വർഷങ്ങളിൽ ആർആർഐഐ 430 എന്ന ഇനത്തിനും രോഗബാധ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

**നിയന്ത്രണമാർഗങ്ങൾ**

- ഈ രോഗം സാധാരണമായി തോട്ടത്തിലെ മുഴുവൻ മരങ്ങളെയും ഒരേസമയം ബാധിക്കാറില്ലാത്തതിനാൽ തോട്ടത്തിൽ മുഴുവൻ പ്രതിരോധനടപടി സ്വീകരിക്കുക ലാഭകരമല്ല.
- രോഗബാധ കൂടുതലുള്ള സ്ഥലങ്ങളിൽ മുൻകൂറായി രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങണം.
- പത്ത് ശതമാനം വീര്യമുള്ള ബോർഡോക്കുഴമ്പ് പുരട്ടുന്നത് രോഗബാധ തടയാൻ സഹായിക്കും.
- രണ്ടാംവർഷ മരങ്ങളുടെ ആദ്യ കവരഭാഗത്തും മൂന്നാം വർഷം അതിനു മുകളിലുള്ള കവരയിലുമാണ് മരുന്ന് പുരട്ടേണ്ടത്.
- മെയ്-ജൂൺ, ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ രണ്ടു തവണ മരങ്ങളുടെ കവരഭാഗത്ത് ബോർഡോമിശ്രം തളിക്കുന്നത് ഒരു പരിധിവരെ രോഗബാധയെ തടയും.



- മഴക്കാലത്ത് മരങ്ങളിൽ സൂക്ഷ്മപരിശോധന വേണം.
- രോഗബാധ ശ്രദ്ധയിൽപെട്ടാൽ രോഗം വന്ന ഭാഗത്തും ഒരടി മുകളിലേക്കും താഴേക്കുംകൂടി ബോർഡോക്കുഴമ്പ് പുരട്ടണം.
- ബോർഡോക്കുഴമ്പിന് പകരമായി 0.75 ശതമാനം വീര്യമുള്ള തിറം എന്ന മരുന്ന് റബ്ബർകോട്ടിൽ ചേർത്ത് ഉപയോഗിക്കുന്നതും ഫലപ്രദമാണ്.
- രോഗബാധ ഉണ്ടായ കമ്പുകളും ചില്ലകളും ഇലകളോടെ മുറിച്ചുമാറ്റി തീയിട്ട് നശിപ്പിക്കണം.

### 5. *കൊളിറ്റോട്രിക്കം* ഇലരോഗം (*Colletotrichum* leaf disease)

**രോഗലക്ഷണങ്ങൾ**

- നഴ്സറികളിലെ തൈകളിലും തോട്ടങ്ങളിലെ ചെറു മരങ്ങളിലും വ്യാപകമായി കാണുന്ന ഒരു മഴക്കാല രോഗമാണിത്.
- *കൊളിറ്റോട്രിക്കം അക്യൂട്ടേറ്റം, കൊളിറ്റോട്രിക്കം ഗ്ലിയോസ്പോറിയോയിഡ്സ്* എന്നീ കുമിളുകളാണ് രോഗത്തിനു കാരണം.



- തളിരിലകളുടെ അറ്റത്ത് കാണപ്പെടുന്ന രോഗം പിന്നീട് ഇലകൾ മുഴുവൻ വ്യാപിക്കുകയും ഇലകൾ കൊഴിയുകയും ചെയ്യുന്നു.
- ഇലകളിൽ തവിട്ടുനിറത്തിലോ കറുത്ത നിറത്തിലോ ഉള്ള ചെറിയ പാടുകളും പൊട്ടുകളുമായാണ് രോഗത്തിന്റെ തുടക്കം. ഇലകൾ മൂക്കുന്നതോടെ ഇലപ്പരപ്പിലെ പൊട്ടുകൾ കോണുപോലെ ഉയർന്നുവരികയും ഇലകൾ ചുരുങ്ങി രോഗം വന്ന ഭാഗം അടർന്ന് കീറിയ അവസ്ഥയിൽ ചെടികളിൽ നിൽക്കുകയോ കൊഴിയുകയോ ചെയ്യും.
- ചെടിയുടെ വളർച്ച മുരടിക്കും.

**രോഗപ്രതിരോധം**

- ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം, വെള്ളത്തിൽ കലർത്താവുന്ന കോപ്പർ ഓക്സിക്ലോറൈഡ് 0.125 ശതമാനം , 0.2 ശതമാനം മാങ്കോസെബ്, 0.05 ശതമാനം കാർബെൻഡാസിം എന്നിവയിൽ ഏതെങ്കിലും ചെടികളിൽ തളിക്കുന്നത് ഫലപ്രദമാണ്.

### 6. പട്ടചീയൽ (Black stripe, Black thread or Bark rot)

**രോഗലക്ഷണങ്ങൾ**

- മഴക്കാലത്ത് ടാപ്പുചെയ്യുന്ന റബ്ബർമരങ്ങളുടെ ടാപ്പിങ് പാനലിൽ ഉണ്ടാകുന്ന പ്രധാന രോഗമാണ് പട്ടചീയൽ.
- *ഫൈറ്റോഫ്‌തോറ* എന്ന കുമിളാണ് ഈ രോഗത്തിന് കാരണം.
- അകാലിക ഇലകൊഴിച്ചിൽ കൂടുതൽ ബാധിച്ച തോട്ടങ്ങളിൽ ഈ രോഗബാധയും കൂടുതലായിരിക്കും.
- ടാപ്പിങ്പാനലിൽ പുതുതായി വെട്ടിയിറങ്ങിയ പട്ടയിൽ ചെറിയ പാടുകൾ പ്രത്യക്ഷപ്പെടുകയും ക്രമേണ ആ ഭാഗത്ത് പട്ട ചീഞ്ഞ് അഴുകുകയും ചെയ്യും. രോഗം വന്ന ഭാഗത്ത് പട്ട കുഴിഞ്ഞിരിക്കും.
- പട്ടയുടെ ഉള്ളിലായി തടിയിൽ നെടുകെയുള്ള കറുത്ത ചെറിയ വരകൾ കാണാം. തടിക്കുള്ളിലേക്കും നിറവ്യത്യാസം വ്യാപിക്കും.
- ഈ ഭാഗത്ത് വീണ്ടും പട്ട വന്ന് മൂടാത്തതുമൂലം പുതുപ്പട്ട നിരപ്പല്ലാത്തതായി തീരും. തടിയിൽ മുഴകൾ






ഉണ്ടാകുന്നത് പുതുപ്പട്ടയിൽ ടാപ്പിങ് എളുപ്പമല്ലാത്ത താക്കിത്തീർക്കും.

- മഴക്കാലത്തെ ടാപ്പിങ് മൂലം ഉണ്ടാകുന്ന മുറിവുകളിലൂടെ കുമിളിന്റെ രേണുക്കൾ പട്ടയുടെ ഉള്ളിൽ പ്രവേശിക്കുന്നു.
- റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ ശരിയായ പട്ടസംരക്ഷണനടപടികൾ സ്വീകരിച്ചില്ലെങ്കിൽ രോഗബാധ കൂടുതലായി കാണാം. ഇതുമൂലം ആദായം ഗണ്യമായി കുറയും.

**രോഗപ്രതിരോധമാർഗങ്ങൾ**

- മഴക്കാലത്ത് ടാപ്പുചെയ്യുന്ന മരങ്ങളുടെ വെട്ടുപട്ട ആഴ്ചയിലൊരിക്കൽ കുമിൾനാശിനി ഉപയോഗിച്ച് കഴുകിയാൽ രോഗം വരാതെ സംരക്ഷിക്കാം.
- 0.375 ശതമാനം മാങ്കൊസെബ് ഉപയോഗിച്ച് പട്ട കഴുകിയാൽ മതിയാകും.
- വെട്ടുപട്ടയിലെ റബ്ബർപാൽ നീക്കിയതിനു ശേഷമാണ് രോഗബാധയുള്ള മരങ്ങളിൽ കുമിൾനാശിനി പുരട്ടേണ്ടത്. പുതുപ്പട്ടയുടെ മുകളിലേക്ക് 5 സെ.മീ. വീതിയിലും താഴേക്ക് വെട്ടിയിറങ്ങാനുള്ള പട്ടയിൽ 2–3 സെ.മീ. വീതിയിലും കുമിൾനാശിനി പുരട്ടണം.
- റബ്ബർകോട്ട്, ട്രിഡിൽ തുടങ്ങിയ ഏതെങ്കിലും ഒരു പെട്രോളിയം ഉത്പന്നം പട്ടയിൽ പുരട്ടുന്നത് ഈർപ്പം നിലനിൽക്കാതിരിക്കാനും രോഗബാധ കുറയ്ക്കാനും സഹായകമാകും.

### 7. പാച്ച് കാങ്കർ (Patch canker)

**രോഗലക്ഷണം**

- മഴക്കാലത്ത് റബ്ബർമരങ്ങളുടെ തായ്ത്തടിയിലും ടാപ്പിങ്പാനലിലും ഈ രോഗം കണ്ടുവരുന്നു. ചുരുക്കമായി വേരുകളിലും രോഗബാധ കാണാറുണ്ട്.
- രോഗം ബാധിച്ച ഭാഗത്ത് തൊലി വീർത്ത് ചെന്നീരൊലിക്കും. പിന്നീട് അവിടെനിന്ന് റബ്ബർപാലും ഒലിച്ചിറങ്ങുന്നു.
- പട്ട മുറിച്ചുനീക്കിയാൽ അതിനുള്ളിൽ ദുർഗന്ധം വമിക്കുന്ന റബ്ബർചണ്ടി ഉറഞ്ഞിരിക്കുന്നതായി കാണാം.

**പ്രതിരോധ പ്രവർത്തനങ്ങൾ**

- രോഗം ബാധിച്ച ഭാഗം ചെത്തി, ഉറഞ്ഞ റബ്ബർപാൽ നീക്കം ചെയ്ത് വൃത്തിയാക്കിയതിനുശേഷം കുമിൾനാശിനികൊണ്ട് കഴുകുകയാണ് രോഗത്തിന്റെ പ്രതിവിധി.



- രോഗപ്രതിരോധത്തിനായി 0.75 ശതമാനം വീര്യമുള്ള മാങ്കോസെബ് അസുഖം ബാധിച്ച സ്ഥലത്ത് ബ്രഷ് ഉപയോഗിച്ച് പുരട്ടേണ്ടതാണ്.
- കുമിൾനാശിനി ഉണങ്ങിയശേഷം റബ്ബർകോട്ടുപോലെ മുറിവുണങ്ങാൻ സഹായിക്കുന്ന ഏതെങ്കിലും ഒരു പെട്രോളിയം ഉത്പന്നം പുറമെ പുരട്ടികൊടുക്കണം. ●

# 'ഇൻറോഡ്' പദ്ധതിയുടെ
# അഞ്ചാം ഘട്ടത്തിന് തുടക്കമായി



വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കുന്ന 'ഇൻറോഡ്' (INROAD - Indian Natural Rubber Operations for Assisted Development) പദ്ധതിയുടെ അഞ്ചാം വർഷത്തെ റബ്ബർതൈ നടീൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു. ആട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസ്സോസിയേഷന്റെ സഹായത്തോടെയാണ് റബ്ബർബോർഡ് ഈ പദ്ധതി നടപ്പാക്കുന്നത്. അരുണാചൽപ്രദേശിലെ നമ്സായി ജില്ലയിലെ ജംഗ്തു വില്ലേജിൽ ചൗതിമാംഗ് തോമൻ എന്ന കർഷകന്റെ കൃഷിയിടത്തിൽ റബ്ബർതൈ നട്ടുകൊണ്ടാണ് നടീലിന് തുടക്കം കുറിച്ചത്.

ചൗന മെയ്ൻ (ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ, അരുണാചൽ പ്രദേശ്) മുഖ്യാതിഥി ആയിരുന്നു. ചൗ സിഗ്നു നംചൂം (എം.എൽ.എ., നമ്സായി), കൈല്യാണി നംചൂം (അഡീഷണൽ ജില്ലാ കമ്മീഷണർ), ടോണി പെർട്ടിൻ (പ്രസിഡന്റ്, അരുണാചൽ പ്രദേശ് റബ്ബർ ഗ്രോവേഴ്സ് അസ്സോസിയേഷൻ) എന്നിവരും യോഗത്തിൽ സംസാരിച്ചു. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. ടി. സിജു മുഖ്യപ്രഭാഷണം നടത്തി. റബ്ബർബോർഡിലെ ഉദ്യോഗസ്ഥരും നൂറോളം കർഷകരും പങ്കെടുത്ത യോഗത്തിൽ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ രശ്മിരേഖ മജുംദാർ സ്വാഗതവും ഡെവലപ്മെന്റ് ഓഫീസർ എം.പി. പവിത്രൻ നമ്പ്യാർ നന്ദിയും പറഞ്ഞു.



2021-ൽ തുടക്കമിട്ട ഇൻറോഡ് പ്രൊജക്ട് പ്രകാരം കഴിഞ്ഞ നാലുവർഷം കൊണ്ട് 125,273 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി വ്യാപിപ്പിക്കുകയുണ്ടായി. 'ഇൻറോഡ്' പദ്ധതി പ്രകാരമുള്ള റബ്ബർകൃഷി വികസനം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ജനങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പുരോഗതിയിൽ നിർണായക മാറ്റങ്ങൾക്ക് വഴി തെളിക്കുകയും സ്വാഭാവിക റബ്ബറുത്പാദനത്തിൽ ഭാരതം സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യത്തിന് ആക്കം കൂട്ടാൻ സഹായകമാകുകയും ചെയ്യും.

തയ്യാറാക്കിയത്: കെ. ചന്ദ്രലേഖ,
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ



ശിവരാമൻ പി.ആർ.
ഡെവലപ്മെന്റ് ഓഫീസർ

# റബ്ബറിന് മഴമറ പിടിപ്പിക്കാൻ സമയമായി

റബ്ബറിന്റെ വളർച്ചയിലും വിളവെടുപ്പിലും മഴയ്ക്ക് വലിയ സ്വാധീനമാണുള്ളത്. മഴ മൂലം ടാപ്പിങ്ദിനങ്ങൾ നഷ്ടപ്പെട്ടാൽ റബ്ബർമരങ്ങളിൽ നിന്നുള്ള ആദായം ഗണ്യമായി കുറയും. കേരളത്തിലെ മഴക്കാലം ഇടവപ്പാതിയും (ജൂൺ – സെപ്റ്റംബർ) തുലാവർഷവും (ഒക്ടോബർ–നവംബർ) ആണെങ്കിലും കഴിഞ്ഞ കുറച്ച് വർഷങ്ങളായി പ്രവചനാതീതമായ കാലാവസ്ഥയാണ് കേരളത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. തുടർച്ചയായി മഴ പെയ്തതിനാൽ കഴിഞ്ഞ വർഷം വളരെയധികം ടാപ്പിങ്ദിനങ്ങൾ നഷ്ടമായി. അതിനാൽ റബ്ബർമരങ്ങൾ കൃത്യമായ ഇടവേളകളിൽ ടാപ്പു ചെയ്ത് പരമാവധി ഉത്പാദനമെടുക്കാൻ പല കർഷകർക്കും കഴിഞ്ഞില്ല. റബ്ബർമരങ്ങൾ റെയിൻ ഗാർഡ് (മഴമറ) ചെയ്ത് ടാപ്പിങ് നടത്തുകയാണ് ഇതിനൊരു പരിഹാരം. റെയിൻഗാർഡ് ചെയ്യാതിരുന്നാൽ കർഷകന് ഉണ്ടാകാവുന്ന വരുമാന നഷ്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ റെയിൻഗാർഡിങ്ങിന് വേണ്ടി വരുന്ന ചെലവ് വളരെ തുച്ഛമാണെന്ന് മനസിലാക്കാം.

### റെയിൻഗാർഡിങ്ങിന്റെ പ്രാധാന്യം

കാലാവസ്ഥാവ്യതിയാനം കാരണം ഹെക്ടർ പ്രതി എണ്ണൂറോ അതിലധികമോ കിലോഗ്രാം റബ്ബറിന്റെ ഉത്പാദനവും 30 മുതൽ 40 വരെ ടാപ്പിങ് ദിനങ്ങളും ഓരോ വർഷവും മഴമൂലം നഷ്ടപ്പെടുന്നുണ്ട്. ആയതിനാൽ, റെയിൻഗാർഡിങ് നടത്താത്ത കർഷകർ ഈ മഴക്കാലത്തിനുമുമ്പായി റബ്ബർമരങ്ങൾ റെയിൻ ഗാർഡ് ചെയ്യുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നത് നന്നായിരിക്കും.

റബ്ബർമരത്തിന്റെ വെട്ടുപട്ടയിൽ മഴവെള്ളം വീഴാതിരിക്കുന്നതിന് തായ്ത്തടിയിൽ വെട്ടുചാലിനു മുകളിലായി പിടിപ്പിക്കുന്ന താൽകാലിക സംവിധാനമാണ് റെയിൻ ഗാർഡ്. ഏപ്രിൽ–മെയ് മാസങ്ങളിൽ കാലവർഷത്തിന് തൊട്ടുമുമ്പ് റെയിൽഗാർഡിങ് ജോലികൾ പൂർത്തിയാക്കണം. പോളിത്തീൻ പാവാട, ടാപ്പിങ് ഷേഡ്, ഗാർഡിയൻ റെയിൻഗാർഡ്, കിസാൻ റെയിൻഗാർഡ് എന്നിവയാണ് വിവിധതരം റെയിൻഗാർഡുകൾ. റെയിൻഗാർഡിങ്ങിന് ഉപയോഗിക്കുന്ന പശ നനവുള്ള മരങ്ങളിൽ നന്നായി പറ്റിപ്പിടിക്കാത്തതിനാൽ മരങ്ങളിൽ നനവില്ലാത്തപ്പോൾ വേണം റെയിൻഗാർഡിങ് നടത്താൻ. അതിനാൽ മഴക്കാലത്തിന് തൊട്ടു മുമ്പു തന്നെ മരങ്ങൾ റെയിൻഗാർഡ് ചെയ്യേണ്ടതുണ്ട്.

റെയിൻഗാർഡിങ്ങിന് ഉപയോഗിക്കുന്ന പശ അയഞ്ഞുകിട്ടാനായി തീയിൽ വെച്ച് ചൂടാക്കരുത്. തീയിൽ വെച്ചു ചൂടാക്കുന്നത് പശയുടെ ഗുണമേന്മ കുറയാൻ കാരണമാകും. മാത്രമല്ല, പശയിലുള്ള ചില രാസവസ്തുക്കൾ നഷ്ടപ്പെട്ട് കൂടുതൽ ദൃഢമായിത്തീർന്ന്



വിള്ളലുകൾ ഉണ്ടായി ചോർച്ച വരാനും സാധ്യതയുണ്ട്. അതിനാൽ, ആവശ്യമെങ്കിൽ മാത്രം പശയടങ്ങിയ ടിൻ വെയിലത്ത് വെച്ച് പശ അൽപം അയവുള്ളതാക്കാം. മണ്ണെണ്ണ ചേർത്ത് പശ നേർപ്പിക്കുന്നതും മരത്തിന് ദോഷം ചെയ്യും.

### റെയിൻഗാർഡ് തെരെഞ്ഞെടുക്കൽ

കാറ്റ് കൂടുതലുള്ള പ്രദേശങ്ങൾ, ശക്തമായ മഴയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിലുള്ള തോട്ടങ്ങളിലും മിനുസമല്ലാത്ത പട്ടയുള്ള മരങ്ങളിലും പോളിത്തീൻ ഷീറ്റുപയോഗിച്ചുള്ള റെയിൻഗാർഡാണ് ഉത്തമം. എൽ.ഡി.പി.ഇ. പോളിത്തീൻ ഷീറ്റുപയോഗിച്ചുള്ള പാവാട റെയിൻഗാർഡാണ് സാധാരണമായി ചെയ്തുവരുന്നത്. ഇതിന് താരതമ്യേന ചെലവ് കുറവാണ്. ടാപ്പിങ്ഷേഡ് ഉപയോഗിച്ച് റെയിൻഗാർഡു ചെയ്താൽ അനായാസമായി ടാപ്പുചെയ്യാൻ സാധിക്കും. പട്ടയിലെ നനവ് കാറ്റടിച്ച് വേഗം ഉണങ്ങുകയും ചെയ്യും. പട്ടചീയലിനുള്ള സാധ്യതയും കുറവാണ്. പോളിത്തീൻ ഉപയോഗിച്ചുള്ള റെയിൻ ഗാർഡിങ്ങിനെ അപേക്ഷിച്ച് ടാപ്പിങ് ഷേഡുപയോഗിച്ച് റെയിൻഗാർഡ് ചെയ്യുന്നതിന് ചെലവേറുമെങ്കിലും കേടുവരാതെ സൂക്ഷിച്ചാൽ ടാപ്പിങ് ഷേഡ് രണ്ടുമൂന്ന് വർഷമെങ്കിലും ഉപയോഗിക്കാം.

പോളിത്തീൻ ഉപയോഗിച്ച് റെയിൻഗാർഡ് ചെയ്യുന്നതിന് മരം ഒന്നിന് ഏകദേശം 30–35 രൂപ ചെലവാകുമ്പോൾ ഷേഡ് ഉപയോഗിച്ചാൽ മരം ഒന്നിന് 45–50 രൂപ ചെലവാകും. റബ്ബർമരത്തിന്റെ ചുറ്റുവണ്ണത്തിനനുസരിച്ച് റെയിൻഗാർഡിങ്ങിനാവശ്യമായ വസ്തുക്കളുടെ അളവും അതിനു വേണ്ടി വരുന്ന ചെലവും വ്യത്യാസപ്പെട്ടിരിക്കും.

എൽ.ഡി.പി.ഇ. പോളിത്തീൻ ഉപയോഗിച്ച് റെയിൻഗാർഡ് ചെയ്യാൻ ആവശ്യമായ വസ്തുക്കൾ (100 മരങ്ങൾക്ക്)

| | |
|---|---|
| പശ | – 10–12 കിലോഗ്രാം |
| 300 ഗേജ് പോളിത്തീൻ (45 സെ.മീ. വീതിയുള്ളത്) | – 4.25 കിലോഗ്രാം (ഏകദേശം) |
| 400 ഗേജ് പ്ലാസ്റ്റിക് റിബ്ബൺ (നാട) | – 200–300 ഗ്രാം |
| സ്റ്റേപ്ലർ | – ഒന്ന് |
| സ്റ്റേപ്ലർ പിൻ | – 700–800 എണ്ണം |

(ചെറിയ മരങ്ങൾക്ക് പത്താം നമ്പർ പിന്നും പ്രായം കൂടിയ മരങ്ങൾക്ക് 24/6 നമ്പർ പിന്നും ഉപയോഗിക്കണം)

### ടാപ്പിങ്ഷേഡ്

പിൻകാനയിൽ നിന്ന് 15 സെ.മീ. ഉയരത്തിലാണ് ടാപ്പിങ് ഷേഡ് റബ്ബർമരത്തിൽ പിടിപ്പിക്കേണ്ടത്. ഇത് പശ ഉപയോഗിച്ച് ഒട്ടിക്കാതെ നാലോ അഞ്ചോ സ്റ്റേപ്ലർ പിൻ മാത്രമുപയോഗിച്ച് മരത്തിലുറപ്പിച്ചാൽ മഴക്കാലത്തിനു ശേഷം അവ കേടു കൂടാതെ ഇളക്കിയെടുത്ത് സൂക്ഷിക്കാൻ സൗകര്യമായിരിക്കും. ഇതിന് മുകളിലായി 12 സെ.മീ വീതിയിലുള്ള പോളിത്തീൻ ഷീറ്റ് ഒട്ടിച്ചു പിടിപ്പിക്കണം. വീതി കുറഞ്ഞ പോളിത്തീൻ ഷീറ്റുപയോഗിച്ച് പാവാടറെയിൻഗാർഡ് പിടിപ്പിക്കുന്നതുപോലെ തന്നെ മരത്തിൽ ഒട്ടിക്കാവുന്നതാണ്. ടാപ്പിങ് ഷേഡ് ഉപയോഗിക്കുമ്പോൾ വെട്ടുപട്ടയിൽ നന്നായി കാറ്റും വെളിച്ചവും ലഭിക്കുന്നതിനാൽ പട്ടചീയൽ ഉണ്ടാകാനുള്ള സാദ്ധ്യത കുറവായിരിക്കും.



### പോളിത്തീൻ റെയിൻഗാർഡ് (പാവാട റെയിൻഗാർഡ്)



300 ഗേജ് കനവും 45 സെന്റീമീറ്റർ വീതിയുമുള്ള എൽ.ഡി.പി.ഇ. പോളിത്തീൻ ഷീറ്റിന്റെ ഒരുവശം തയ്യൽ മെഷീൻ ഉപയോഗിച്ച് തുല്യഅകലത്തിലുള്ള ചെറിയ ഞൊറികളിട്ട് തയ്ക്കുക. പ്ലാസ്റ്റിക്കിന്റെ അരികിൽ നിന്ന് ഒരു സെ.മീ. ഉള്ളിലേക്ക് മാറ്റി തയ്ക്കാൻ ശ്രദ്ധിക്കണം. ഒരു മീറ്റർ പോളിത്തീൻ ഞൊറിയിട്ടു തയ്ച്ചുകഴിയുമ്പോൾ 60 സെ.മീ. നീളമായി ചുരുങ്ങണം. പോളിത്തീൻ ഷീറ്റ് ഞൊറിയിട്ട് തയ്ച്ച് റോളുകളായി ചുരുട്ടിവെച്ചതിനുശേഷം ഓരോ മരത്തിനും ആവശ്യമായ നീളത്തിൽ മുറിച്ചെടുത്താൽ മതിയാകും. ഇങ്ങനെ നേരത്തെ തന്നെ ഞൊറിയിട്ട് തയ്ച്ചുവെച്ചാൽ റെയിൻഗാർഡിങ് ജോലി വേഗം പൂർത്തിയാക്കാം. വെട്ടുചാലിൽ നിന്ന് പത്ത് സെ.മീ. മുകളിലായി അതിന് സമാന്തരമായി ഏകദേശം അഞ്ച് സെ.മീ. വീതിയിൽ പാൽ പൊടിയാത്ത വിധം മൊരി ചുരണ്ടി മിനുസമാക്കിയതിനുശേഷം ഈ ഭാഗം തുടച്ചു വൃത്തിയാക്കണം. പശ മരത്തിൽ നന്നായി ഒട്ടിപ്പിടിക്കുന്നതിനാണ് ഇങ്ങനെ ചെയ്യുന്നത്. മുൻകാനയുടെയും പിൻകാനയുടെയും ഇരുവശങ്ങളിലേക്ക് 15 സെ.മീ. വീതം കടത്തി മൊരി ചുരണ്ടണം. മൊരി ചുരണ്ടിയ ഭാഗത്ത് 4–5 സെ.മീ. വീതിയിൽ കനം കുറച്ച് പശ തേയ്ച്ചു പിടിപ്പിക്കണം. പശപുരട്ടിയ ഭാഗത്ത് താഴത്തെ പകുതിയിൽ ഞൊറിയിട്ട് തയ്യാറാക്കിയ പോളിത്തീൻ ഷീറ്റ് വെച്ച് സ്റ്റേപ്ലർപിൻ അടിച്ച് ഉറപ്പിക്കുക. ഇതിനു മുകളിലായി പ്ലാസ്റ്റിക് നാടയുടെ പകുതിഭാഗം ഞൊറിയിട്ട പോളിത്തീൻ ഷീറ്റിന്റെ ഉപരിതലത്തിലും ബാക്കി പകുതി പശപുരട്ടിയ മുകൾഭാഗത്തും വരത്തക്കവിധം വച്ചതിനു ശേഷം പിൻകാന ഭാഗത്ത് സ്റ്റേപ്ലർ പിന്നടിച്ച് മുൻകാന ഭാഗത്തേക്ക് നാട വലിച്ചുമുറുക്കി മുൻകാന ഭാഗത്തും ഇടഭാഗങ്ങളിലും സ്റ്റേപ്ലർ പിന്നുപയോഗിച്ച് ഉറപ്പിക്കുക. ഒരു മരത്തിന് ഏകദേശം 7– 8 പിന്നുകൾ ആവശ്യമാണ്. അതിനുശേഷം റെയിൻഗാർഡ് ഒട്ടിച്ച ഭാഗത്തും അതിനു മുകളിലും വീണ്ടും നന്നായി പശ തേച്ചുപിടിപ്പിച്ചാൽ റെയിൻഗാർഡിങ് പൂർത്തിയായി. ആദ്യത്തെ മഴ കഴിയുമ്പോൾ റെയിൻഗാർഡിന് ചോർച്ചയുണ്ടെങ്കിൽ ആ ഭാഗത്ത് വീണ്ടും പശ തേയ്ച്ച് ചോർച്ച മാറ്റാൻ ശ്രദ്ധിക്കണം.

# ബിസിഎം കോളജും റബ്ബർബോർഡും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു



വളർന്നുവരുന്ന യുവതലമുറയ്ക്ക് മികച്ച തൊഴിലവസരങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി, കോട്ടയം ബി.സി.എം. കോളജും റബ്ബർബോർഡും തമ്മിൽ ഒരു ധാരണാപത്രം ഒപ്പുവച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ചു നടന്ന ചടങ്ങിൽ റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., ബി.സി.എം. കോളജ് പ്രിൻസിപ്പൽ പ്രൊഫ. (ഡോ.) കെ. വി. തോമസ് എന്നിവർ ചേർന്നാണ് ധാരണാപത്രം ഒപ്പിട്ടത്. എൻ.ഐ.ആർ.റ്റി.-യിലെ ഡയറക്ടർ (ട്രെയിനിങ്) ഇൻ-ചാർജ് പി. അറുമുഖം ചടങ്ങിൽ സന്നിഹിതനായിരുന്നു.

അക്കാദമിക് തലത്തിലും നൈപുണ്യവികസനരംഗത്തും സഹകരണം വർധിപ്പിക്കുക, കോളജിലെ അധ്യാപകരുടെയും റബ്ബർബോർഡിലെ സാങ്കേതിക വിദഗ്ദ്ധരുടെയും അറിവും അനുഭവവും പരസ്പരം പങ്കുവെക്കുക, റബ്ബർബോർഡിലെ സാങ്കേതികസൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക എന്നിവയാണ് ഈ സഹകരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ഈ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ബി.സി.എം. കോളജിലെ വിദ്യാർത്ഥികൾക്ക് റബ്ബർസാങ്കേതികവിദ്യയുടെ വിവിധ മേഖലകളെക്കുറിച്ച് പഠിക്കാനും എൻ.ഐ.ആർ.റ്റി.-യിലെ പരിശോധനാശാലകൾ, ഗവേഷണസൗകര്യങ്ങൾ എന്നിവ ഉപയോഗിക്കാനും അവസരം ലഭിക്കും. ഇന്റേൺഷിപ്പ്, പ്രോജക്റ്റ് വർക്ക് തുടങ്ങിയ പഠനരീതികളിലൂടെ വിദ്യാർത്ഥികൾക്ക് റബ്ബർവ്യവസായ രംഗത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കാനും തൊഴിൽപരമായ കഴിവുകൾ നേടാനും സാധിക്കും. •

ടാപ്പുചെയ്യുമ്പോൾ പോളിത്തീൻ ഷീറ്റ് പൊക്കി വെയ്ക്കുകയും ടാപ്പുചെയ്ത ശേഷം വീണ്ടും പോളിത്തീൻ ഷീറ്റ് താഴ്ത്തി ടാപ്പിങ് പാനൽ മൂടുകയും ചെയ്യണം.

### കിസാൻ റെയിൻഗാർഡ്



ഈ റെയിൻഗാർഡിന്റെ വെട്ടുപട്ടയുടെ ഭാഗത്ത് ശരാശരി 20 സെ.മീ. വീതിയും ചിരട്ട വെയ്ക്കുന്ന ഭാഗത്ത് 40 സെ.മീ. വീതിയുമുള്ളതിനാൽ കാറ്റോടുകൂടി മഴപെയ്താലും വെട്ടുപട്ട നനയാറില്ല. നല്ല വായുസഞ്ചാരവും പട്ടയിൽ ലഭിക്കുന്നു. നിർമാണസമയത്തുതന്നെ ഞൊറിയിടുന്നതിനാൽ ഇവ മരത്തിലേക്ക് നേരിട്ട് പിടി പ്പിക്കാം. 80, 90, 105 സെ.മീ. അളവുകളിലാണ് സാധാരണമായി ഇവ ലഭിക്കുന്നത്. 250 ഗേജുള്ള എച്ച്.എം.എച്ച്.ഡി.പി.ഇ. അസ്സൽ പോളിത്തീൻ ഉപയോഗിച്ചാണ് കിസാൻ റെയിൻഗാർഡ് നിർമിക്കുന്നത്. ഇവ പോളിത്തീൻ റെയിൻഗാർഡ് പിടിപ്പിക്കുന്നതുപോലെ തന്നെ മരത്തിൽ ഉറപ്പിക്കാവുന്നതാണ്.

### പട്ടചീയൽ രോഗത്തിനെതിരെ മുൻകരുതൽ

റെയിൻഗാർഡു ചെയ്ത് മഴക്കാലത്ത് ടാപ്പുചെയ്യുമ്പോൾ കുമിൾരോഗമായ പട്ടചീയൽ ഉണ്ടാകാൻ സാധ്യതയേറെയുണ്ട്. ഇത് തടയാനായി മാങ്കോസെബ് 0.375 ശതമാനം (ഇൻഡോഫിൽ എം. 45 - അഞ്ചു ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയത്) ഉപയോഗിച്ച് പത്ത് ദിവസത്തിലൊരിക്കൽ വെട്ടുപട്ട ചകിരി ചതച്ചുണ്ടാക്കിയ ഒരു ബ്രഷ് ഉപയോഗിച്ച് ഉരച്ചു കഴുകണം. ടാപ്പിങ് ഇല്ലാത്ത ദിവസങ്ങളിൽ വേണം മരുന്ന് പുരട്ടാൻ. ഇങ്ങനെ ചെയ്യുമ്പോൾ വള്ളിപ്പാൽ മാറ്റേണ്ടതില്ല. എന്നാൽ, രോഗം ബാധിച്ച മരങ്ങളിൽ വള്ളിപ്പാൽ നീക്കിയതിനുശേഷം നന്നായി മരുന്ന് പുരട്ടേണ്ടതാണ്. മഴക്കാലം കഴിയുന്നതുവരെ മുകളിൽ പറഞ്ഞവിധം മാങ്കോസെബ് പുരട്ടുന്നത് ആവർത്തിക്കണം. ഒരു ലിറ്റർ ലായനി കൊണ്ട് ഏകദേശം 100 മരത്തിന്റെ പട്ട കഴുകാം. റെയിൻഗാർഡ് ചെയ്ത് മഴക്കാലത്തു ടാപ്പുചെയ്താൽ റബ്ബർമരങ്ങളുടെ പട്ട മരച്ചുപോകുമെന്നത് തെറ്റായ ധാരണയാണ്.

### ഉത്തേജകൗഷധ പ്രയോഗം

റെയിൻഗാർഡ് ചെയ്ത് ഇടവേള കൂടിയ ടാപ്പിങ് രീതികൾ അവലംബിക്കുന്ന മരങ്ങളിൽ റബ്ബർബോർഡിന്റെ ശുപാർശപ്രകാരമുള്ള അളവിൽ ഉത്തേജകൗഷധം (എത്തഫോൺ) പുരട്ടാം. വെട്ടുപട്ടയിൽ നനവില്ലാത്തപ്പോൾ വേണം ഉത്തേജകൗഷധം പ്രയോഗിക്കാൻ. റബ്ബറിന് വിലയുള്ളപ്പോൾ റെയിൻഗാർഡ് ചെയ്യുകയും വില കുറയുമ്പോൾ റെയിൻഗാർഡ് ചെയ്യാതിരിക്കുകയുമാണ് പല കർഷകരുടെയും രീതി. എന്നാൽ, റെയിൻഗാർഡു ചെയ്ത് ശരിയായ ഇടവേള നൽകി ടാപ്പുചെയ്താൽ റബ്ബർമരത്തിന്റെ ആരോഗ്യവും ഉത്പാദനക്ഷമതയും കൂട്ടാം.

കർഷകന് കൂടുതൽ ഉത്പാദനം ലഭിക്കുന്നതിനൊപ്പം ടാപ്പിങ്തൊഴിലാളികൾക്ക് വർഷം മുഴുവനും തൊഴിൽ ലഭ്യമാക്കുന്നതിനും അവരെ ആ മേഖലയിൽ നിലനിർത്തുന്നതിനും റെയിൻഗാർഡിങ് ഉപകരിക്കും. •

# ബി.പി.സി.എൽ.-ന്റെ റബ്ബർ സ്പ്രേ ഓയിൽ ചെറിയ പായ്ക്കുകളിൽ




*ബി.പി.സി.എൽ. വികസിപ്പിച്ചെടുത്ത MAK റബ്ബർ സ്പ്രേ ഓയിലിന്റെ കൈകാര്യം ചെയ്യാൻ സൗകര്യപ്രദമായ പായ്ക്കുകൾ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പുറത്തിറക്കുന്നു*

ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) വികസിപ്പിച്ചെടുത്ത MAK റബ്ബർ സ്പ്രേ ഓയിലിന്റെ കൈകാര്യം ചെയ്യാൻ സൗകര്യപ്രദമായ പായ്ക്കുകൾ കോട്ടയത്തെ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിൽവെച്ച് നടന്ന യോഗത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പുറത്തിറക്കി. ഏതൊരു ഉത്പന്നവും പുറത്തിറക്കുമ്പോൾ ഉപഭോക്താക്കളുടെ താൽപര്യങ്ങൾക്ക് മുൻഗണന നൽകണമെന്നും കൈകാര്യം ചെയ്യാൻ സൗകര്യപ്രദമായ 26 കിലോഗ്രാം പാക്കേജുകളിൽ സ്പ്രേ ഓയിൽ പുറത്തിറക്കിയ ബി.പി.സി.എൽ.-ന്റെ നടപടി ഉചിതമാണെന്നും അദ്ദേഹം പറഞ്ഞു. റബ്ബർ കൃഷിചെയ്യുന്ന മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് രോഗങ്ങൾ നിയന്ത്രിക്കുന്നതിൽ ഇന്ത്യ മുൻപന്തിയിലാണെന്നും മികച്ച കാർഷികരീതികളുടെ ഭാഗമായി സ്പ്രേയിങ് നടത്തി ഇലരോഗങ്ങൾ തടയുന്നതിന് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രവും ബി.പി.സി.എൽ.-ന്റെ ആർ. ആന്റ് ഡി. വിഭാഗവും തമ്മിലുള്ള കൂട്ടുകെട്ട് ഈ രംഗത്തെ വികസനത്തിന് കൂടുതൽ പ്രയോജനപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

MAK റബ്ബർ സ്പ്രേ ഓയിൽ മികച്ച ശാസ്ത്രജ്ഞർ ചേർന്ന് ഉരുത്തിരിച്ചെടുത്ത ജൈവ വിഘടനപരവും സുസ്ഥിരവുമായ ഒരു നൂതന ഉത്പന്നമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ബി.പി.സി.എൽ.-ന്റെ മാർക്കറ്റിങ് മേധാവി സൊഹൈൽ അക്തർ പറഞ്ഞു. തങ്ങളുടെ കൃഷിയിടങ്ങളിൽ കുമിൾനാശിനി തളിക്കുന്നതിന് വലിയ അളവിൽ സ്പ്രേ ഓയിൽ ആവശ്യമില്ലാത്ത ചെറുകിട, നാമമാത്ര കർഷകർക്ക് ചെറിയ പായ്ക്കറ്റുകളിൽ ലഭ്യമായ ഈ സ്പ്രേ ഓയിൽ ഗുണം ചെയ്യും.

ഡോ. എം.ഡി. ജെസ്സി (ഡയറക്ടർ ഇൻ-ചാർജ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), മോൻസി പി. കുര്യൻ (മാനേജിങ് ഡയറക്ടർ, മണിമലയാർ റബ്ബേഴ്സ്), ഡോ. ഷാജി ഫിലിപ്പ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), ജെന്നി സി.എൽ. (ടെറിട്ടറി മാനേജർ, ലൂബ്സ്, ബി.പി.സി.എൽ.) എന്നിവർ ചടങ്ങിൽ സംസാരിച്ചു.

ഉദ്ഘാടനയോഗത്തിന് ശേഷം നടന്ന സാങ്കേതിക സെഷനിൽ സർവേഷ് റ്റോമർ (റിസേർച്ച് ആന്റ് ഡെവലപ്മെന്റ് ഹെഡ്, ലൂബ്സ് ബിസിനസ്സ് യൂണിറ്റ്), ഡോ. ഷാജി ഫിലിപ്പ് (പ്രിൻസിപ്പൽ സയന്റിസ്റ്റ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), എൻ. സലി (ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ, റബ്ബർ ബോർഡ്) എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. വൻകിട എസ്റ്റേറ്റ് മേഖല, റബ്ബറുത്പാദകസംഘങ്ങൾ എന്നിവയുടെ പ്രതിനിധികളും റബ്ബർകർഷകരും യോഗത്തിൽ പങ്കെടുത്തു. •





ഹരിഹരൻ റ്റി.

## കൃഷിയുടെ തുടക്കം മുതൽ ശ്രദ്ധിച്ചാൽ

# റബ്ബറുത്പാദനം കൂട്ടാം

റബ്ബർതോട്ടങ്ങളിൽ നിന്ന് മികച്ച ഉത്പാദനം ലഭിക്കാൻ കൃഷിയുടെ തുടക്കം മുതൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. റബ്ബർ ശാസ്ത്രീയമായി കൃഷിചെയ്താൽ ഏഴുവർഷം അതായതു 84 മാസത്തിനുള്ളിൽ 90 ശതമാനം മരങ്ങൾക്കും ടാപ്പിങ് തുടങ്ങാനാവശ്യമായ വളർച്ചയെത്തുന്നതാണ്. തുടർന്ന് ശരിയായ രീതിയിൽ ടാപ്പിങ് നടത്തിയാൽ 41-42 വർഷത്തോളം ഉയർന്ന തോതിൽ റബ്ബർ ഉത്പാദിപ്പിക്കാനാകുന്ന ഒരു കൽപധേനു ആണ് റബ്ബർമരം. ഏഴുവർഷം നീളുന്ന അപക്വകാലഘട്ടവും 41-42 വർഷം നീണ്ടുനിൽക്കുന്ന ഉത്പാദനകാലഘട്ടവും ചേർന്ന് ഏകദേശം 49 വർഷം റബ്ബർമരങ്ങളെ ആദായകരമായി പരിപാലിക്കാൻ കഴിയും. അതായത് ശരിയായി പരിപാലിച്ചാൽ 50 വർഷത്തിൽ ഒരേയൊരു തവണ മാത്രം ആവർത്തനക്കൃഷി ചെയ്താൽ മതിയാകും. 50 വർഷത്തിൽ ഏഴുവർഷത്തോളം ഉത്പാദനം ലഭിക്കാത്ത അപക്വകാലഘട്ടം ആയിരിക്കും. തൊഴിലാളികളുടെ ലഭ്യതക്കുറവ് നേരിടുന്ന ഇക്കാലത്ത് റബ്ബറിൽ നിന്ന് പരമാവധി കാലം വിളവെടുത്ത് ആവർത്തനക്കൃഷി ചെയ്യുന്നത് കുറയ്ക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. ഇന്ന് പല ചെറുകിടത്തോട്ടങ്ങളും 30 വർഷത്തിനകം ആവർത്തനക്കൃഷി ചെയ്യപ്പെടുന്നു.

ശാസ്ത്രീയമായി കൃഷി ചെയ്താൽ ഏഴുവർഷം കൊണ്ട് റബ്ബർമരങ്ങൾ ടാപ്പുചെയ്യാനുള്ള വളർച്ചയെത്തുമെങ്കിലും എട്ടാം വർഷം ടാപ്പിങ് തുടങ്ങുമ്പോൾ തോട്ടത്തിലെ എത്ര ശതമാനം മരങ്ങൾ ടാപ്പിങ്



തുടങ്ങാനുള്ള വളർച്ച നേടി എന്നത് ഉത്പാദനത്തെ ബാധിക്കുന്ന ഒരു പ്രധാന ഘടകമാണ്. ഇന്ന് പല കർഷകരുടെയും തോട്ടങ്ങളിൽ ഏകദേശം 60 മുതൽ 70 വരെ ശതമാനം മരങ്ങൾ മാത്രമേ ഏഴാം വർഷാവസാന ത്തോടുകൂടി ടാപ്പിങ് ആരംഭിക്കാനുള്ള വളർച്ച നേടു ന്നുള്ളൂ. എന്നാൽ ശാസ്ത്രീയമായി കൃഷിചെയ്ത് പരിപാലിക്കുന്ന ചില വൻകിടത്തോട്ടങ്ങളിൽ ഏഴു വർഷം കൊണ്ട് 90 ശതമാനത്തിലധികം മരങ്ങൾ ടാപ്പിങ് ആരംഭിക്കാനാവശ്യമായ വളർച്ച നേടുന്നുണ്ട്.

ഈ തോട്ടങ്ങളിൽ നിന്ന് ടാപ്പിങ് തുടങ്ങുന്ന വർഷം തന്നെ ഉത്പാദനശേഷിയുടെ 90 ശതമാനവും റബ്ബർ ലഭ്യമാകുന്നു. അതായത് ടാപ്പിങ് തുടങ്ങുന്ന വർഷം തന്നെ പരമാവധി ലഭിക്കാവുന്ന ഉത്പാദനത്തിൽ 10 ശതമാനം കുറവുമാത്രമേ ഉണ്ടാകുന്നുള്ളൂ. എന്നുമാത്ര മല്ല, ഈ തോട്ടങ്ങളിൽ അടുത്തവർഷം ആകുമ്പോ ഴേക്കും ബാക്കി മരങ്ങൾ കൂടി ടാപ്പുചെയ്യാനുള്ള വണ്ണ മെത്തുകയും പരമാവധി ഉത്പാദനം ലഭിക്കുകയും ചെയ്യുന്നു.

ഏഴുവർഷംകൊണ്ട് 50 ശതമാനം മരങ്ങൾ മാത്രം ടാപ്പുചെയ്യാൻ തക്ക വണ്ണമെത്തുന്ന തോട്ടങ്ങളിൽ ആദ്യ വർഷം ആ തോട്ടത്തിന്റെ ഉത്പാദനശേഷിയുടെ 50 ശതമാനം മാത്രമേ ലഭിക്കുകയുള്ളൂ. ടാപ്പിങ് തുടങ്ങി രണ്ടാം വർഷം ബാക്കി ഏകദേശം 20 ശതമാനം മരങ്ങൾ കൂടി ടാപ്പുചെയ്യാനുള്ള വണ്ണമെത്തിയാൽ പോലും ആ തോട്ടത്തിന്റെ ഉത്പാദനശേഷിയുടെ 70 ശതമാനം മാത്രമേ രണ്ടാം വർഷം ലഭിക്കുന്നുള്ളൂ. പിന്നീടുള്ള വർഷങ്ങളിൽ കുറച്ചു മരങ്ങൾ കൂടി ടാപ്പുചെയ്യാൻ തക്ക വണ്ണമെത്തു മെങ്കിലും തോട്ടങ്ങളിലെ 100 ശതമാനം മരങ്ങളും ടാപ്പിങ്ങിന് പാകമാകാനുള്ള സാധ്യത വളരെ കുറവാണ്. വലിയ മരങ്ങളുടെ ഇടയിൽ വളരുന്ന ചെറു മരങ്ങൾക്ക് ആവശ്യത്തിന് സൂര്യപ്രകാശം ലഭിക്കാത്തതിനാൽ അവ യുടെ തുടർന്നുള്ള വളർച്ച മന്ദഗതിയിൽ ആയിരിക്കും.

ചുരുക്കിപ്പറഞ്ഞാൽ ഏഴുവർഷത്തിനുള്ളിൽ പരമാവധി മരങ്ങൾ ടാപ്പുചെയ്യാൻ തക്ക വണ്ണമെത്തി യാൽ മാത്രമേ ആ തോട്ടത്തിൽ നിന്ന് തുടക്കം മുതൽ ശരിയായ ഉത്പാദനം ലഭിക്കുകയുള്ളൂ.

റബ്ബർമരങ്ങൾ ഏഴു വർഷത്തിനുള്ളിൽ ടാപ്പുചെയ്യാൻ തക്ക വണ്ണമെത്തണമെങ്കിൽ നല്ല ആരോഗ്യമുള്ള തൈകൾ ശരിയായ സമയത്ത് നടുകയും അവയ്ക്ക് ശാസ്ത്രീയമായ പരിചരണം നൽകുകയും വേണം.

കൂടത്തൈകളാണ് നടാൻ ഉപയോഗിക്കുന്നതെങ്കിൽ ആവശ്യത്തിന് വലുപ്പമുള്ള കൂടകളിൽ വളർത്തിയെടു ത്തതും ആവശ്യത്തിന് വളർച്ചയുള്ളതുമായ തൈകൾ വേണം നടാൻ. തൈകൾ ഉത്പാദിപ്പിക്കാനായി വിത്തു കൾ ശേഖരിക്കുന്നതു മുതൽ ശ്രദ്ധ വേണം. നല്ല വിത്തു കൾ ശേഖരിച്ച് തവാരണകളിൽ പാകി 15 ദിവസത്തിനു ള്ളിൽ കിളിർക്കുന്ന വിത്തുകൾ മാത്രമേ തൈകൾ ഉത്പാദിപ്പിക്കാനായി ഉപയോഗിക്കാവൂ. ഈ തൈകളിൽ ഗുണമേന്മയുള്ള റബ്ബറിനങ്ങൾ ബഡ്ഡു ചെയ്തു പിടിപ്പിച്ച് യഥാസമയം മുറിച്ചു വിട്ടാൽ ജൂൺ മാസം ആകുമ്പോഴേക്കും രണ്ട് തട്ട് ഇലകളുള്ള ആരോഗ്യമുള്ള തൈകൾ ലഭിക്കും.

ആവശ്യാനുസരണം ചാണകപ്പൊടിയും റോക്ക് ഫോസ്ഫേറ്റും മേൽമണ്ണും കൂട്ടിക്കലർത്തി തയ്യാറാക്കിയ മിശ്രിതംകൊണ്ട് മൂടിയ കുഴികളിൽ ജൂൺ മാസത്തിൽ തന്നെ തൈകൾ നടണം. ഒട്ടുബന്ധത്തിൽ നിന്ന് 240 സെ.മീ. ഉയരമെത്തുന്നതുവരെ ഉണ്ടാകുന്ന ശാഖകൾ അപ്പപ്പോൾ മുറിച്ചുമാറ്റാൻ ശ്രദ്ധിക്കണം. ഒട്ടുബന്ധത്തിൽ നിന്നും 240 സെ.മീ. ഉയരം വരെ ടാപ്പുചെയ്യേണ്ടി വരുമെന്നതിനാൽ അത്രയും ഭാഗത്ത് ശാഖകളില്ലാത്ത തായ്ത്തണ്ട് രൂപപ്പെടുത്തിയേ പറ്റൂ.

ജൂൺ മാസത്തിൽ നട്ട് ശരിയായി പരിപാലിക്കപ്പെടുന്ന റബ്ബർതൈകൾ അടുത്ത ഫെബ്രുവരി-മാർച്ച് ആകു മ്പോഴേക്കും 240 സെ.മീ. ഉയരമെത്തും. മരങ്ങൾക്ക് ശരിയായ വളർച്ച ലഭിക്കണമെങ്കിൽ ശിഖരങ്ങൾ ആവശ്യ മാണ്. 240 മുതൽ 260 വരെ സെ.മീ. ഉയരത്തിനിടയ്ക്ക് മൂന്നോ നാലോ ശിഖരങ്ങൾ ഉണ്ടാകുന്നതാണ് ഉത്തമം. സ്വാഭാവികമായി ശിഖരങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ കൃത്രിമമായി ശിഖരങ്ങൾ പൊട്ടിച്ചു കൊടുക്കണം. ശരിയായ ശാഖാവിന്യാസം ഉള്ള തൈകൾ വേഗം വളർന്ന് ഏഴുവർഷം ആകുമ്പോഴേക്കും ടാപ്പുചെയ്യാൻ തക്ക വണ്ണമെത്തും. അങ്ങനെ ഏഴു വർഷം കൊണ്ട് ഒരു തോട്ടത്തിലെ 90 ശതമാനം മരങ്ങളും ടാപ്പു ചെയ്യാൻ തക്ക വണ്ണമെത്തിയാൽ ആ തോട്ടത്തിൽ നിന്ന് പിന്നീട് ലഭിക്കുന്ന ഉത്പാദനവും മികച്ചതായിരിക്കും.

*(റബ്ബർബോർഡിലെ മുൻ ജോയിന്റ് റബ്ബർ പ്രൊഡ ക്ഷൻ കമ്മീഷണറാണ് ലേഖകൻ. റബ്ബർബോർഡിൽ നിന്ന് വിരമിച്ച ശേഷം ചില വൻകിടതോട്ടങ്ങളിൽ കൺസൾട്ടന്റായി പ്രവർത്തിച്ചുവരുന്നു. അദ്ദേഹത്തിന്റെ റബ്ബർകൃഷിമേഖലയിലെ ദീർഘകാല അനുഭവത്തിന്റെ വെളിച്ചത്തിലുള്ള കാര്യങ്ങളാണ് ലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 9655255955)* •

# നീറ്റേണ്ട... കൂട്ടേണ്ട...
# ഇളക്കി നേരിട്ട് പുരട്ടുക

റെഡി ടു യൂസ് കൊണ്ടോടീസ്™

**ബോർഡോ പെയിന്റ്**

**50 ലിറ്റർ വെള്ളത്തിൽ 1 ലിറ്റർ കൊണ്ടോടീസ് റെഡി ടു യൂസ് ബോർഡോ പെയിന്റ് ലയിപ്പിച്ചാൽ ബോർഡോ മിശ്രിതമായി ഇലകളിൽ തളിക്കുകയും ചെയ്യാം...**



**4 Kg**
4 Kg -1 Box 2 Nos.

**1 Kg**
1 Kg -1 Box 10 Nos.

**500gm**
500 gm - 1 Box 20 Nos.

**250gm**
250 gm - 1 Box 40 Nos.

ചീക്കുരോഗത്തിന് നേരിട്ട് പെയിന്റ് ചെയ്യുക.

**ഇന്ത്യാഗവൺമെന്റിന്റെ പേറ്റന്റ് ലഭിച്ച ഏക ബോർഡോ മിശ്രിതം**

**റബ്ബർ മരങ്ങൾക്കുണ്ടാകുന്ന ചീക്ക് രോഗം, കറ പൊട്ടിയോഴുകുക തുടങ്ങിയവയ്ക്ക്**
**കൊണ്ടോഡിസ് റെഡി ടു യൂസ് ബോർഡൊ പെയിന്റ്**
**ഉത്തമ പ്രതിവിധി ആണ്.**





കാലവർഷത്തിനുശേഷം ഇലപൊഴിച്ചിൽ, ദ്രുതവാട്ടം, കമ്പൊണക്ക്, കായ് പഴുത്തു പൊഴിയൽ, മഞ്ഞളിപ്പ് തുടങ്ങിയ കുമിൾ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. ഇവയ്ക്ക് നീം ഓയിലും പശയും കലർന്ന ഈ ബോർഡോ മിശ്രിതം കുമിൾ രോഗങ്ങളെ പ്രതിരോധിക്കുകയും രോഗം ബാധിച്ചത് സുഖപ്പെടുത്തുകയും ചെയ്യുന്നു.

Copper Oxychloride
**Phytrox**
100gm, 500gm, 25 kg

Also Available
**ബോർഡോ ലൈം**
1 Kg പൗഡർ

We manufacture high quality
COPPER SULPHATE PENTA
**COPPER SULPHATE**
IS: 2023
CM/L6297584
തുരിശ് 98%
1 KG., 25 KG., 50 KG.
Crystal & Powder



**KONDODYS**®
for the best bordeaux spray

മാനുഫാക്ചറേഴ്സ് **SANSON CHEMICAL INDUSTRIES**

ഓഫീസ്: കളക്ട്രേറ്റിന് എതിർവശം, ലൂർദ്ദ് പള്ളിക്ക് സമീപം, കോട്ടയം – 686 002.
ഫോൺ: 0481 – 2564708 E-mail: sanson41@gmail.com, www.kondodys.com
Helpline: Xavier Thomas Kondody (Managing Partner) 9847046229 Vivin X Kondody: 9880033644

**Coc 50% WDP also available**

**Dealers wanted in all places**



കെ. ചന്ദ്രലേഖ
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# ഗുണമേന്മയുള്ള നടീൽവസ്തുക്കൾക്ക് റബ്ബർബോർഡു നഴ്സറികൾ

റബ്ബർകൃഷിയുടെ തുടക്കം മുതൽ ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ച് റബ്ബർ തോട്ടങ്ങളിൽ നിന്നുള്ള ഉത്പാദനം വർധിപ്പിച്ചാൽ റബ്ബർവിപണിയിലെ ചാഞ്ചാട്ടം, കാലാവസ്ഥാ വ്യതിയാനം, വർദ്ധിച്ചുവരുന്ന കൂലിച്ചെലവ് എന്നിവ മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ കർഷകർക്ക് ഒരു പരിധിവരെ തരണം ചെയ്യാൻ കഴിയും.

ഇതിന് ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആദായകരമല്ലാത്ത പഴയ റബ്ബർമരങ്ങൾ മുറിച്ചുമാറ്റി അത്യുത്പാദനശേഷിയും രോഗപ്രതിരോധശേഷിയുമുള്ള ഇനങ്ങളുടെ ആരോഗ്യമുള്ള തൈകൾ ഉപയോഗിച്ച് ആവർത്തനക്കൃഷി നടത്തുകയെന്നതാണ് ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടി. ശാസ്ത്രീയമായ ടാപ്പിങ്ങും സംസ്കരണവും മണ്ണുജല സംരക്ഷണ നടപടികൾ, രോഗപ്രതിരോധമാർഗങ്ങൾ നടപ്പാക്കൽ, ശാസ്ത്രീയവളപ്രയോഗം തുടങ്ങി വിവിധ ഹ്രസ്വകാല നടപടികളിലൂടെയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കും.

ദീർഘകാലവിളയായ റബ്ബറിനെ സംബന്ധിച്ചിടത്തോളം മെച്ചപ്പെട്ട നടീലിനങ്ങളും നടീൽവസ്തുക്കളും തെരഞ്ഞെടുത്ത് അവയെ ശാസ്ത്രീയമായി പരിപാലിക്കേണ്ടത് അത്യാവശ്യമാണ്. ഗുണമേന്മയുള്ള തൈകളുടെ ലഭ്യത ഉറപ്പാക്കണം. കർഷകർക്ക് ഗുണമേന്മയുള്ള ഇനങ്ങളുടെ ആരോഗ്യമുള്ള നടീൽവസ്തുക്കൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് റബ്ബർബോർഡ് സെൻട്രൽ നഴ്സറിയും പ്രാദേശിക നഴ്സറികളും സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ നിന്നുള്ള നിർദേശങ്ങൾക്കനുസൃതമായി വികസനോദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് ഈ നഴ്സറികളിൽ തൈകൾ ഉത്പാദിപ്പിക്കപ്പെടുന്നത്. ഒട്ടുതൈക്കുറ്റികൾ (budded stamps), കൂടത്തൈകൾ (polybag plants), കപ്പുതൈകൾ (root trainer plants) എന്നിവയാണ് ഇവിടെ ഉത്പാദിപ്പിക്കുന്ന വിവിധ നടീൽവസ്തുക്കൾ.

റബ്ബർബോർഡു നഴ്സറികളിൽ പ്രധാനമായും ആർആർഐഐ 105, ആർആർഐഐ 430 എന്നീ ഇനങ്ങളുടെ കപ്പുതൈകളാണ് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. ഭാരക്കുറവ്, സമൃദ്ധമായ വേരുപടലം, കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം എന്നീ കാരണങ്ങ






ളാൽ കർഷകർക്കിടയിൽ കപ്പുതൈകൾക്കാണ് ഇന്ന് ഏറെ പ്രചാരമുള്ളത്. തൈകൾ കപ്പിൽ വളരുമ്പോൾ വേരുകൾക്ക് ‘എയർ പ്രൂണിങ്’ നടക്കുന്നതിനാൽ കൂടത്തൈകളിലേതുപോലെ തായ്‌വേര് കപ്പിന് വെളിയിൽ വരികയോ ചുരുണ്ട് പോകുകയോ ചെയ്യുന്നില്ല.

നേരിയ തോതിൽ മഴ പെയ്തുകൊണ്ടിരിക്കുന്ന സമയമാണ് തൈകൾ നടാൻ ഉത്തമം. നഴ്സറിയിൽ നിന്ന് തൈകൾ എടുക്കുകയും തൈകൾ നടാൻ ഉദ്ദേശിക്കുന്ന ദിവസം വെയിൽ ശക്തമാകുകയും ചെയ്താൽ നടീൽ മാറ്റിവെച്ച് തൈകൾ തണലുള്ള സ്ഥലത്ത് നിരയായി അടുക്കി, മഴ ലഭിക്കുന്നതുവരെ എല്ലാദിവസവും നനച്ചു കൊടുക്കണം.

തൈകൾ നടുമ്പോഴും നല്ല ശ്രദ്ധ ആവശ്യമാണ്. തൈയുടെ ചുവടുഭാഗത്ത് ഇടതുകൈകൊണ്ട് പിടിച്ച് വലത് കൈകൊണ്ട് കപ്പിന്റെ മുകൾഭാഗത്തെ വരിപ്പിൽ ചുറ്റിലുമായി ഒരു ചെറിയ കല്ലോ വെട്ടുകത്തിയുടെ മൂർച്ചയില്ലാത്ത ഭാഗമോ കൊണ്ട് ചെറുതായി തട്ടിയാൽ കപ്പ് താഴേക്ക് ഊർന്നു വീഴും. അല്ലെങ്കിൽ കപ്പുതൈ തലകീഴായി പിടിച്ച് കപ്പിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ പതിയെ തട്ടിയും വേരുപടലം ചുറ്റിയ ചകിരിച്ചോർ കപ്പിൽനിന്നും വേർപെടുത്തിയെടുക്കാം. ഇങ്ങനെ വേർപെടുത്തിയെടുത്ത തൈകൾ നടാനായി ഉപയോഗിക്കാം. കപ്പുതൈകളുടെ നടീൽ ചിട്ടയായി ചെയ്യേണ്ട ഒന്നാണ്. വേരുകൾ ചുറ്റിയ ചകിരിച്ചോർ പൊടിഞ്ഞു പോകാനിടയായാൽ ആ തൈകൾ നട്ടശേഷം വാടിപ്പോകാനുള്ള സാധ്യത വളരെക്കൂടുതലാണ്.

തൈകൾ നടാനായി നേരത്തേ കുഴിയെടുത്ത് മൂടിയിട്ടിരിക്കുന്ന സ്ഥലത്ത് നടുഭാഗത്തായി കപ്പുതൈ ഇറങ്ങിയിരിക്കത്തക്ക ആഴമുള്ള ഒരു കുഴി ഉണ്ടാക്കണം. ഇതിൽ 200 ഗ്രാം റോക്ക്ഫോസ്‌ഫേറ്റ് ചേർത്ത് മണ്ണുമായി ഇളക്കി യോജിപ്പിക്കണം. കപ്പിൽനിന്ന് വേർപെടുത്തിയെടുത്ത വേരുപടലം ചുറ്റിയ ചകിരിച്ചോറോടുകൂടിയ തൈകൾ സാവധാനം ഈ കുഴിയിലേക്ക് ഇറക്കിവെച്ച് നാലുവശത്തുനിന്ന് മണ്ണ് വലിച്ചടുപ്പിച്ച് കൈകൾകൊണ്ട് സാവധാനം ഉറപ്പിക്കേണ്ടതാണ്. ഒരു കാരണവശാലും ചവിട്ടി ഉറപ്പിക്കരുത്. അങ്ങനെ ചെയ്താൽ ചകിരിച്ചോർ പൊടിയുന്നതിനും വേരുകൾ പൊട്ടി തൈകൾ ഉണങ്ങുന്നതിനും കാരണമാകും. നട്ടു കഴിയുമ്പോൾ ഒട്ടുബന്ധം മൺനിരപ്പിന് തൊട്ടുമുകളിൽ വരത്തക്കവിധം വേണം തൈകൾ നടാൻ.

നട്ട ദിവസം മുതൽ ആവശ്യത്തിന് മഴ ലഭിച്ചില്ലെങ്കിൽ ഇലകൾക്ക് പൊള്ളലേൽക്കാനും അവ കൊഴിഞ്ഞു പോകാനും സാധ്യതയുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഉടൻതന്നെ തൈകൾക്ക് ചുറ്റും തണൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ദൂരസ്ഥലങ്ങളിലേക്ക് വാഹനങ്ങളിൽ തൈകൾ കൊണ്ടുപോകുമ്പോൾ തൈകളിൽ കാറ്റും ചൂടും അടിച്ച് ഇലകൾ വാടിപ്പോകാൻ സാധ്യതയുണ്ട്. അത്തരം സന്ദർഭങ്ങളിൽ തൈകൾ വളരെ ശ്രദ്ധയോടെ തണലുള്ള സ്ഥലത്ത് ഇറക്കിവെച്ച് രാവിലെയും വൈകുന്നേരവും നനച്ചുകൊടുത്തതിനുശേഷം നടീലിന് ഉപയോഗിക്കണം. ചാറ്റൽ മഴയുള്ള സമയമാണെങ്കിൽ തൈകൾ നേരിട്ടു തന്നെ കൃഷിയിടങ്ങളിൽ നടാനുപയോഗിക്കാം. തൈകൾ വളർന്നുവരുമ്പോൾ കുമിൾരോഗബാധയുണ്ടാകാതിരിക്കാൻ മഴ തോർന്ന് നില്ക്കുന്ന സമയത്ത് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിച്ചുകൊടുക്കണം. അല്ലെങ്കിൽ ഫൈറ്റോലാൻ എന്ന കുമിൾനാശിനി രണ്ടര ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ കലർത്തി 10 ദിവസത്തിലൊരിക്കൽ തളിച്ചുകൊടുത്തും രോഗബാധ നിയന്ത്രിക്കാം. രണ്ടുതട്ടിൽ കൂടുതൽ ഇലകളുള്ള തൈകളാണ് നടാൻ ഉപയോഗിക്കുന്നതെങ്കിൽ കാറ്റു പിടിക്കാൻ സാധ്യതയുണ്ട്. അങ്ങനെയുള്ള തൈകൾ നട്ട ഉടനെ കമ്പുകൾ നാട്ടി തൈകൾ അതിൽ പിടിച്ചു കെട്ടുന്നത് നന്നായിരിക്കും.

ആകെ ആവശ്യമായ തൈകളുടെ ചെറിയൊരു ശതമാനം മാത്രമേ റബ്ബർബോർഡിന്റെ നഴ്സറികളിൽ ഉത്പാദിപ്പിച്ച് വിതരണം നടത്താൻ സാധിക്കുകയുള്ളൂ. കപ്പുതൈ ഒന്നിന് 100 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. തൈകൾ ആവശ്യമുള്ള കർഷകർക്ക്

# രാമച്ചം കൃഷിചെയ്യുന്നതിനായി ധാരണാപത്രം ഒപ്പുവെച്ചു



*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്., അരോമാറ്റിക് റൂട്ട് ക്വീൻ ഫാർമർ പ്രോഡക്റ്റ്സ് എൽ.എൽ.പി.-യുടെ പ്രോജക്ട് മാനേജർ ആന്റ് ടെക്നിക്കൽ അനലിസ്റ്റ് ആർ.വി.കെ. മണി എന്നിവർ ധാരണാപത്രം കൈമാറുന്നു*

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം അരോമാറ്റിക് റൂട്ട് ക്വീൻ ഫാർമർ പ്രൊഡക്ട്സ് എൽ.എൽ.പി. എന്ന സ്ഥാപനവുമായി സഹകരിച്ച് രാമച്ചം കൃഷി ചെയ്യുന്നതിനായി ധാരണാപത്രം ഒപ്പുവെച്ചു. രാമച്ചം കൃഷിസ്ഥലത്ത് നേരിട്ട് കൃഷി ചെയ്യുന്നതിന് പകരം പ്രത്യേകം രൂപകൽപന ചെയ്ത ഗ്രോബാഗുകളിലാണ് വളർത്തുന്നത്. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്, ചേത്തക്കലുള്ള കേന്ദ്ര പരീക്ഷണത്തോട്ടം എന്നിവിടങ്ങളിലും ഉപാസി (UPASI) യുമായുള്ള ധാരണപ്രകാരം അഞ്ച് വൻകിടത്തോട്ടങ്ങളിലുമാണ് പരീക്ഷണാടിസ്ഥാനത്തിൽ രാമച്ചം കൃഷിചെയ്യുന്നത്. വിളവെടുക്കുന്ന സമയത്ത് ഉത്പന്നം പൂർണമായും തിരികെ വാങ്ങുന്ന 'ബൈബായ്ക്ക്' വ്യവസ്ഥ പ്രകാരമാണ് ഇത് കൃഷിചെയ്യുന്നത്. റബ്ബർകർഷകർക്ക് കുറഞ്ഞ സ്ഥലത്തുനിന്ന് ചുരുങ്ങിയ കാലയളവിൽ (10 മുതൽ 12 വരെ മാസം കൊണ്ട്) ചെറിയ മുതൽമുടക്കിൽ അധികവരുമാനം നേടുക എന്നതാണ് ഈ പരീക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത്. •

ഇപ്പോൾതന്നെ അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസിലോ മുക്കടയിലുള്ള സെൻട്രൽ നഴ്സറിയിലോ അപേക്ഷ നൽകി തൈ ഒന്നിന് 30 രൂപ പ്രകാരം അഡ്വാൻസായി അടച്ച് തൈകൾ ബുക്ക് ചെയ്യാവുന്നതാണ്. റബ്ബർ ബോർഡ് വെബ്സൈറ്റിൽ (www.rubberboard.gov.in) നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്തും ഉപയോ ഗിക്കാം. കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി ഉള്ള തൈകൾ മാത്രമേ ലഭിക്കുക യുള്ളൂ. തൈകൾ നട്ടതിനു ശേഷം കാലിയായ കപ്പ് തിരികെ നൽകുമ്പോൾ കപ്പ് ഒന്നിന് ഏഴു രൂപ പ്രകാരം കർഷകർക്ക് ബാങ്ക് അക്കൗണ്ട് മുഖേന തിരികെ ലഭിക്കുന്നതാണ്.

**പട്ടിക 1: അപേക്ഷ സമർപ്പിക്കേണ്ട റീജിയണൽ ഓഫീസുകളും തൈകൾ ലഭിക്കുന്ന നഴ്സറികളും**

| അപേക്ഷ നൽകേണ്ട റീജിയണൽ ഓഫീസുകൾ | ബന്ധപ്പെടേണ്ട ഫോൺ നമ്പർ | തൈകൾ ഉത്പാദിപ്പിക്കുന്ന നഴ്സറികൾ |
|---|---|---|
| മൂവാറ്റുപുഴ | 0485 2962387 | സെൻട്രൽ നഴ്സറി, മുക്കട, 6282935868 |
| പാലാ | 04822 296707 | |
| ഈരാറ്റുപേട്ട | 04822 290616 | |
| തൊടുപുഴ | 04862 295310 | |
| കാഞ്ഞിരപ്പള്ളി | 04828 296691 | |
| ചങ്ങനാശ്ശേരി | 0481 2961532 | |
| പത്തനംതിട്ട | 0468 2963370 | |
| കൊട്ടാരക്കര | 0474 2969233 | റീജിയണൽ നഴ്സറി കടയ്ക്കാമൺ 9495745353 |
| പുനലൂർ | 0475 2964966 | |
| തിരുവനന്തപുരം | 0471 2966582 | |
| നെടുമങ്ങാട് | 0472 2961970 | |
| അടൂർ | 04734 294370 | |
| തൃശ്ശൂർ | 0487 2693910 | റീജിയണൽ നഴ്സറി കാഞ്ഞിക്കുളം 9567426107 |
| പാലക്കാട് | 0491 2952802 | |
| മണ്ണാർക്കാട് | 04924 296687 | |
| മഞ്ചേരി | 0483 2967026 | റീജിയണൽ നഴ്സറി മഞ്ചേരി 944735 1917 |
| നിലമ്പൂർ | 0493 1296190 | |
| കോഴിക്കോട് | 0495 2968026 | |
| തളിപ്പറമ്പ് | 0460 2950066 | റീജിയണൽ നഴ്സറി ആലക്കോട് 90613 13767 |
| കാഞ്ഞങ്ങാട് | 0467 2950067 | |
| കാസറഗോഡ് | 0499 4295114 | |
| ശ്രീകണ്ഠാപുരം | 0460 2935700 | റീജിയണൽ നഴ്സറി ഉളിക്കൽ 6282367982 |
| തലശ്ശേരി | 0490 2961420 | |
| മംഗലാപുരം | 0824 2951329 | |

തൈകൾ ലഭിക്കാനായി അപേക്ഷ സമർപ്പിക്കേണ്ട റീജിയണൽ ഓഫീസുകളുടെയും തൈകൾ ലഭിക്കുന്ന സെൻട്രൽ നഴ്സറി, പ്രാദേശിക നഴ്സറികൾ എന്നിവയുടെയും വിവരങ്ങൾ പട്ടിക 1-ൽ കൊടുത്തിരിക്കുന്നു. കർഷകർക്ക് ഈ ഓഫീസുകളുമായി ബന്ധപ്പെട്ട് തൈകൾ ബുക്കു ചെയ്യാവുന്നതാണ്. •

# GOLDEN TOUCH®

## FORMIC ACID

**GOLDEN TOUCH®**

RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**

**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

*Geo Thomas & Co.*

II[nd] Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'വിളവെടുപ്പുകാലം കഴിഞ്ഞ റബ്ബർമരങ്ങളുടെ വിപണനം' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ (എഞ്ചിനീയറിങ്) ജി. ഉമാശങ്കർ, 'റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതികൾ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡയറക്ടർ (ലേബർ മാനേജ്മെന്റ്) ബിനു മാത്യു കെ., 'റബ്ബർമരങ്ങൾ മാർക്കുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ശിവരാമൻ പി.ആർ. എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് താഴെ ചേർത്തിട്ടുള്ളത്.

## വിളവെടുപ്പുകാലം കഴിഞ്ഞ റബ്ബർമരങ്ങളുടെ വിപണനം

1. ***റബ്ബർതടിയുടെ വില കണക്കാക്കുന്നത് എങ്ങനെയാണ്?***

   റബ്ബർതോട്ടത്തിൽ നിന്ന് ലഭിക്കുന്ന റബ്ബർതടിയുടെ ശരാശരി തൂക്കവും വിപണിയിലെ തടിവിലയും അടിസ്ഥാനമാക്കിയാണ് റബ്ബർതടിയുടെ വില കണക്കാക്കുന്നത്. റബ്ബറിനങ്ങൾ, മരങ്ങളുടെ പ്രായം, മരത്തിന്റെ ഉയരം തുടങ്ങിയവ അനുസരിച്ച് ഒരു റബ്ബർമരത്തിൽനിന്ന് ലഭിക്കുന്ന തടിയുടെ അളവ് വ്യത്യാസപ്പെട്ടിരിക്കുന്നു. ആർആർഐഐ 105 എന്ന ഇനത്തിന്റെ ശരാശരി വലിപ്പമുള്ള ഒരു മരത്തിൽ നിന്ന് ഏകദേശം 0.5 ടൺ തടി ലഭിക്കും എന്നാണ് കണക്കാക്കുന്നത്. തായ്ത്തടിയുടെ നീളം, തടിയുടെ ചുറ്റളവ്, ഭൂപ്രകൃതി, വാഹനങ്ങളിൽ തടി കയറ്റാനുള്ള സൗകര്യം, പ്രധാന മാർക്കറ്റുകളിൽ നിന്നുള്ള ദൂരം തുടങ്ങിയ ഘടകങ്ങളും റബ്ബർതടിയുടെ വിലയെ ബാധിക്കും. പുതുതായി വെട്ടിയെടുത്ത ഒരു ക്യൂബിക് മീറ്റർ റബ്ബർതടിക്ക് ഏകദേശം ഒരു ടൺ ഭാരം വരും.

2. ***കേരളത്തിലെ പ്രധാനപ്പെട്ട റബ്ബർതടി മാർക്കറ്റുകൾ ഏതെല്ലാമാണ്?***

   കേരളത്തിലെ പ്രധാനപ്പെട്ട റബ്ബർതടി മാർക്കറ്റ് പെരുമ്പാവൂർ ആണ്. നൂറുകണക്കിന് പ്ലൈവുഡ് ഫാക്ടറികൾ ഇവിടെ പ്രവർത്തിക്കുന്നു. ഇതു കൂടാതെ ഒല്ലൂർ, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിലും റബ്ബർതടി മാർക്കറ്റുകൾ ഉണ്ട്.

3. ***റബ്ബർതടിയുടെ വ്യാവസായിക ഉപയോഗങ്ങൾ എന്തെല്ലാമാണ്?***

   റബ്ബർതടിയുടെ വ്യാവസായിക ഉപയോഗം പ്രധാനമായും പ്ലൈവുഡ് (45 ശതമാനം), പായ്ക്കിങ് കെയ്സ് (40 ശതമാനം), സംസ്ക്കരിച്ച റബ്ബർതടി ഉപയോഗി




*ജി. ഉമാശങ്കർ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*



റബ്ബർ തോട്ടങ്ങളിൽ
ഇടവിളകൃഷിക്കാനുയോജ്യമെന്നു
തെളിയിക്കപ്പെട്ടത്
റോയ്സ് സെലെക്ഷൻ
മാത്രം
നിങ്ങളുടെ റബ്ബർത്തോട്ടം
കാപ്പിത്തോട്ടം കൂടി ആകട്ടെ!
അധികവരുമാനം,
സ്ഥിരവരുമാനം
SCAN ME!
റോയ്സിന് കേരളം
കർഷകോത്തമ
പുരസ്കാരം
നൽകി ആദരിച്ചു
അനുകരണങ്ങളെ സൂക്ഷിക്കുക
തോട്ടം നേരിൽ കണ്ട് കൃഷിരീതികൾ മനസ്സിലാക്കുക
പ്രത്യേകതകൾ
30% ൽ അധികം തണൽ ആവശ്യം
റബ്ബർ തോട്ടത്തിൽ കാട് വളരാത്തതുമൂലം പണിക്കൂലി ലാഭകരം
തായ്‌വേരുകൾ ആയതിനാൽ ഇടവിളകൃഷിക്ക് അനുയോജ്യം
തായ്‌വേരായതിനാൽ നനയ്ക്കേണ്ടതില്ല
ഉത്പാദനത്തിൽ വർദ്ധനവ്
തോട്ടം നട്ടുപിടിപ്പിച്ചു കൊടുക്കുന്നു
കേരളത്തിൽ എവിടെ നിന്നും മാർക്കറ്റ് വിലയിൽ കാപ്പി സംഭരിക്കുന്നു
റോയ്സ്
ഹൈടെക് ഹൈബ്രിഡ് കോഫി
പ്ലാന്റേഷൻ & നേഴ്സറി
PULPALLY - WAYANAD
9447 907 464
9744 517 595
www.royscoffee.com
കേരളത്തിനകത്തും പുറത്തും
എവിടെയും കൃഷിക്കാർക്ക്
തൈകൾ എത്തിച്ചുകൊടുക്കുന്നു

ച്ചുള്ള ഫർണീച്ചർ നിർമാണം (10 ശതമാനം) എന്നിവ യാണ്. അഞ്ചു ശതമാനം ഇതര മേഖലകളിൽ ഉപയോഗിക്കുന്നു.

4. ***നാടൻ ഇനം റബ്ബർമരങ്ങൾക്ക് കൂടുതൽ വില ലഭിക്കുമോ?***
ആർആർഐഐ 105 പോലുള്ള ഇനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാടൻ ഇനങ്ങൾക്കും പി.ബി. ക്ലോണുകൾക്കും വളർച്ച കൂടുതലാണ്. അതിനാൽ ഇത്തരം മരങ്ങളിൽ നിന്നും കൂടുതൽ തൂക്കം തടി ലഭിക്കും. അതിനാൽ അവയ്ക്ക് കൂടുതൽ വിലയും ലഭിക്കും.

## റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതികൾ

1. ***റബ്ബർബോർഡിന്റെ പ്രധാനപ്പെട്ട തൊഴിലാളിക്ഷേമപദ്ധതി കൾ എന്തൊക്കെയാണ്?***
അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തോട്ടം തൊഴിലാളികൾക്കായി റബ്ബർബോർഡ് വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിവരുന്നു. തോട്ടം തൊഴിലാളിക ളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം, സ്ത്രീ തൊഴിലാളികൾക്കായി വിവാഹത്തിനും പ്രസവത്തി നുമുള്ള ധനസഹായം, സ്ത്രീ തൊഴിലാളികളുടെ രണ്ടു പെൺമക്കൾക്ക് വിവാഹ ധനസഹായം; ചികിത്സാധനസഹായം, ഭവനനിർമാണ ധനസഹായം, ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനെ ഫിറ്റ് പദ്ധതി എന്നിവയും സംഘടിതമേഖലയിൽ ജോലി ചെയ്യുന്ന ടാപ്പർമാർക്കായി വിദ്യാഭ്യാസ ധനസഹായം ഭവനനിർമാണ ധനസഹായം എന്നിവ യുമാണ് റബ്ബർബോർഡ് നൽകിവരുന്ന പ്രധാനപ്പെട്ട തൊഴിലാളിക്ഷേമപദ്ധതികൾ.

2. ***റബ്ബർബോർഡ് നടപ്പാക്കുന്ന തൊഴിലാളിക്ഷേമപദ്ധതിയിൽ ആർക്കൊക്കെ അപേക്ഷ സമർപ്പിക്കാം?***
റബ്ബർബോർഡ് നടപ്പാക്കിവരുന്ന തൊഴിലാളിക്ഷേമ പദ്ധതികളിൽ റബ്ബർടാപ്പർമാർ, റബ്ബറുത്പാദക സംഘത്തിന് കീഴിലുള്ള സമൂഹസംസ്ക്കരണ ശാലകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾ, ഒരു ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള സ്വന്തം ഉടമ സ്ഥതയിലുള്ള റെയിൻഗാർഡു ചെയ്തിട്ടുള്ള തോട്ട ത്തിൽ സ്വയം ടാപ്പ് ചെയ്യുന്ന ചെറുകിട കർഷകർ (ഭവനനിർമാണ സഹായം ഒഴിച്ചുള്ളതിന്) തുടങ്ങിയ വർക്ക് അപേക്ഷിക്കാൻ അർഹതയുണ്ട്. ഇവരെ കൂടാതെ സംഘടിതമേഖലയിൽ ജോലിചെയ്യുന്ന തോട്ടം തൊഴിലാളികൾക്ക് വിദ്യാഭ്യാസ ധനസഹായ ത്തിനും ഭവനനിർമാണ ധനസഹായത്തിനും അപേക്ഷിക്കാനുള്ള അർഹതയുണ്ട്.

3. ***കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിന് ഏതു തലം മുതൽ അപേക്ഷിക്കാം? എപ്പോഴാണ് അപേക്ഷ സമർപ്പി ക്കേണ്ടത്?***
ഈ വർഷം മുതൽ ആറാം ക്ലാസ്സ് മുതൽ പ്രൊഫഷ ണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ അംഗീകൃത കോഴ്സുകൾക്കും വിദ്യാഭ്യാസ ധന സഹായവും കുട്ടി പഠിക്കുന്ന വിദ്യാഭ്യാസസ്ഥാപനം അംഗീകരിച്ച ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വർക്ക് ഹോസ്റ്റൽഫീസ് ഇനത്തിൽ പത്തുമാസ ത്തേക്ക് ഒരു നിശ്ചിത തുകയും ലഭിക്കുന്നതാണ്. ആറു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം ലഭിക്കു ന്നതിന് ക്ലാസ്സു തുടങ്ങി രണ്ടുമാസത്തിനു ശേഷം ഫെബ്രുവരി 28-ന് മുമ്പായി നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. മറ്റുള്ള കോഴ്സുകൾ പഠിക്കുന്നവർ പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് ലഭിച്ച തീയതി മുതൽ നാലുമാസത്തിനുള്ളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

4. ***റബ്ബർതോട്ടം തൊഴിലാളികൾക്കായി റബ്ബർബോർഡ് നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് വിശദീകരി ക്കാമോ?***
ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനുമായി ചേർന്ന് റബ്ബർബോർഡ് നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതി യാണ് 'ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് സ്കീം'. ഈ പദ്ധതി തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയോടൊപ്പം ടെർമിനൽ ബെനിഫിറ്റും ഉറപ്പുനൽകുന്നു. ഈ പദ്ധതി പ്രകാരം തങ്ങളുടെ പ്രീമിയം തുക അടച്ച് പദ്ധതി പുതുക്കുന്ന ഓരോ അംഗത്തെയും റബ്ബർബോർഡ് നാഷണൽ ഇൻഷ്വറൻസ് കോർപ്പറേഷൻ നൽകുന്ന പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷയിൽ (PAIS) ഉൾപ്പെടുത്തുന്നു. സ്വാഭാവിക മരണം, അപകടം മൂലമുള്ള മരണം, വന്യജീവിആക്രമണം മൂലമുള്ള മരണം അല്ലെങ്കിൽ പൂർണ്ണ അംഗവൈകല്യം എന്നിവ ഇതിന്റെ പരിധിയിൽപ്പെടുന്നു. ഈ ഇൻഷ്വറൻസ് പദ്ധതികൾ പ്രകാരം തൊഴിലാളികൾക്ക് സ്വാഭാവിക മരണത്തിനു ഒരു ലക്ഷം രൂപ വരെയും അപകടമര ണത്തിനു അഞ്ചു ലക്ഷം രൂപ വരെയുമുള്ള ആക്സിഡന്റ് ഇൻഷ്വറൻസ് പരിരക്ഷ ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് ലഭിക്കുന്നു. 18-നും 59-നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികൾക്ക് ഈ പദ്ധതി യിൽ അംഗമാകാവുന്നതും 70 വയസ്സ് വരെ പ്രീമിയം അടച്ചു പദ്ധതിയിൽ തുടരാവുന്നതുമാണ്. 60 വയസ്സ് തികഞ്ഞതിനുശേഷം മാത്രമേ ഈ പദ്ധതിയിൽ നിന്നും പിൻമാറാൻ പറ്റുകയുള്ളൂ. 60 വയസ് പൂർത്തി യായ അംഗങ്ങൾക്ക് 4 ലക്ഷം രൂപ വരെയുള്ള പേഴ്സണൽ ആക്സിഡന്റ് പരിരക്ഷയ്ക്ക് മാത്രമേ അർഹതയുള്ളൂ. ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന ഓരോരുത്തരും കുറഞ്ഞത് 300 രൂപ അടച്ചു തങ്ങ ളുടെ അംഗത്വം എല്ലാവർഷവും പുതുക്കേണ്ടതാണ്. അങ്ങനെ പുതുക്കുന്ന ഓരോ അംഗത്തിനും റബ്ബർ ബോർഡ് വിഹിതമായി 900 രൂപ വീതം നൽകുന്നു. തങ്ങളുടെ വിഹിതം അടയ്ക്കാത്തപക്ഷം ആ അംഗ ത്തിന് ആ കാലയളവിൽ ഇൻഷ്വറൻസ് പരിരക്ഷയോ റബ്ബർബോർഡ് വിഹിതമോ ലഭിക്കുന്നതല്ല. പദ്ധതി യിൽ നിന്നും വിടുതൽ ചെയ്യുമ്പോൾ എൽ.ഐ.സി.- യിൽ നിന്ന് ലഭിക്കുന്ന ടെർമിനൽ അനുകൂല്യം ഈ പദ്ധതിയുടെ പ്രത്യേകതയാണ്.

5. ***ചികിത്സാധനസഹായപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്?***
ചികിത്സാധനസഹായപദ്ധതി പ്രകാരം സാധാരണ രോഗങ്ങളുടെ ചികിത്സയ്ക്കുവേണ്ടി ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായി ഒരു വർഷത്തിൽ 10,000 മുതൽ 15,000 വരെ രൂപ ധനസഹായം നൽകുന്നു. മാരകരോഗങ്ങൾക്കുള്ള ചികിത്സയ്ക്കായി മൂന്നു വർഷത്തിനിടയിൽ 50,000 രൂപ വരെ ധന സഹായം നൽകുന്നു. അപകടങ്ങൾ, വന്യജീവി ആക്രമണം, പാമ്പുകടി എന്നിവ മൂലമുള്ള ചികിത്സാ ചെലവുകളും മാരക രോഗങ്ങൾക്കുള്ളതിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്. മാരകരോഗങ്ങൾക്കുള്ള ചികിത്സാധന

# Guard Against the Monsoon! Secure Your Latex Tapping Channels with

# ANNA RAINPROOF

(Rain Guarding Compound)

**WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON**






## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF Member of Multilateral Recognition Arrangement

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

ai ANNA INDUSTRIES™ SINCE 1991

## Anna Industries

**(An ISO 9001:2015 Certified Company)**

Kolenchery, Cochin, Kerala, Pin: 682 311

**Phone:**
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatraderskIcy@gmail.com
**www.annabusiness.com**
**Toll Free : 1800 1230 366**

സഹായത്തിന് തൊഴിലാളികൾക്കൊപ്പം ജീവിത പങ്കാളിക്കും അർഹതയുണ്ട്. കാഴ്ചപരിമിതിയുള്ളവർക്ക് കണ്ണട വാങ്ങുന്നതിനായി 2000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതിയും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ഒറിജിനൽ ബില്ലുകളും സമർപ്പിക്കേണ്ടതാണ്.

6. ***കുറഞ്ഞത് എത്ര മരങ്ങൾ ടാപ്പുചെയ്യുന്ന തൊഴിലാളികൾക്കാണ് തൊഴിലാളിക്ഷേമപദ്ധതിയിൽ അപേക്ഷിക്കാവുന്നത്?***

ഓരോ പദ്ധതികൾക്കും അതിന്റേതായ നിയമാവലിയുണ്ട്. അതിനനുസരിച്ച് ഓരോ പദ്ധതിയിലും ഉൾപ്പെടാനായി ടാപ്പുചെയ്യേണ്ട മരങ്ങളുടെ എണ്ണം വ്യത്യസ്തമാണ്. ഉദാഹരണത്തിന് വിദ്യാഭ്യാസ ധനസഹായപദ്ധതിയിൽ ടാപ്പർമാർ കുറഞ്ഞത് 150 മരങ്ങളെങ്കിലും ടാപ്പുചെയ്യേണ്ടപ്പോൾ സ്ത്രീ ടാപ്പർമാർക്കും സ്വന്തം തോട്ടത്തിൽ ടാപ്പു ചെയ്യുന്നവർക്കും കുറഞ്ഞത് 100 മരങ്ങൾ ടാപ്പുചെയ്താൽ മതി. ഭവനനിർമാണ ധനസഹായത്തിനു വേണ്ടി അപേക്ഷിക്കുമ്പോൾ ടാപ്പു ചെയ്യേണ്ട മരങ്ങളുടെ എണ്ണം പുരുഷ ടാപ്പർമാർക്ക് 200-ഉം സ്ത്രീ ടാപ്പർമാർക്ക് 150-ഉം ആണ്.

കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുമായോ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമ വിഭാഗവുമായോ (ഫോൺ നമ്പർ 0481-2301231 (Ext - 336) ബന്ധപ്പെടാവുന്നതാണ്.

## റബ്ബർമരങ്ങൾ മാർക്കുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ***റബ്ബർമരങ്ങൾ ടാപ്പിങ്ങിനായി തെരഞ്ഞെടുക്കേണ്ടത് എങ്ങനെയാണ്?***

ബഡ്ഡുമരങ്ങൾക്ക് ഒട്ടുബന്ധത്തിൽ നിന്നും 125 സെന്റീമീറ്റർ ഉയരത്തിൽ 50 സെന്റീമീറ്ററോ അതിൽ കൂടുതലോ ചുറ്റുവണ്ണമെത്തിയാൽ ടാപ്പിങ് ആരംഭിക്കാം. ഒരു തോട്ടത്തിലെ 70 ശതമാനമോ അതിൽ കൂടുതലോ മരങ്ങൾ ആവശ്യത്തിന് വണ്ണമെത്തിയാൽ ആ തോട്ടത്തിൽ ടാപ്പിങ് തുടങ്ങാവുന്നതാണ്. മാർച്ച്-ഏപ്രിൽ മാസങ്ങളിലാണ് സാധാരണമായി പുതുതായി ടാപ്പിങ് തുടങ്ങുന്നത്. ആ സമയത്ത് ആവശ്യത്തിന് വണ്ണമെത്താത്ത മരങ്ങളിൽ വണ്ണമെത്തുന്ന മുറയ്ക്ക് സെപ്റ്റംബർ മാസത്തിൽ മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങാവുന്നതാണ്.

2. ***50 സെന്റീമീറ്റർ ചുറ്റുവണ്ണമെത്തുന്നതിനുമുമ്പ് ടാപ്പിങ് തുടങ്ങിയാൽ അത് മരങ്ങളുടെ വളർച്ചയെ ബാധിക്കുമോ?***

ശരിയായ വണ്ണമെത്താത്ത മരങ്ങൾ മാർക്കുചെയ്ത് ടാപ്പിങ് തുടർന്നാൽ ആദായം കുറയുമെന്നു മാത്രമല്ല, മരങ്ങളുടെ പിന്നീടുള്ള വളർച്ചയുടെ തോത് കുറയുകയും ചെയ്യും.

3. ***അത്യുത്പാദനശേഷിയുള്ള റബ്ബർമരങ്ങളിൽ അനുവർത്തിക്കുന്ന ടാപ്പിങ് രീതികൾ ഏതെല്ലാമാണ്?***

അത്യുത്പാദനശേഷിയുള്ള ഇനങ്ങളിൽ ഇടവേള കൂടിയ ടാപ്പിങ് രീതികൾ അവലംബിക്കുന്നതാണ് നല്ലത്. റബ്ബർമരത്തിന്റെ പകുതി ചുറ്റളവിൽ മൂന്നു ദിവസത്തിലൊരിക്കൽ, നാലുദിവസത്തിലൊരിക്കൽ, ആഴ്ചയിൽ ഒരിക്കൽ എന്നീ ടാപ്പിങ് രീതികളിൽ ഏതെങ്കിലും ഒരു രീതി അനുവർത്തിക്കാവുന്നതാണ്.




*ശിവരാമൻ പി.ആർ. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു*

4. ***റബ്ബർമരങ്ങൾ മാർക്കുചെയ്യുമ്പോൾ ആദ്യ വെട്ടുചാൽ ഏതു വശത്താണ് തുറക്കേണ്ടത്?***

ആദ്യ വെട്ടുചാൽ ഏതുവശത്തു തുറക്കണം എന്നതിന് പ്രത്യേക നിബന്ധനകൾ ഒന്നും ഇല്ലെങ്കിലും മരങ്ങൾ നിൽക്കുന്ന വരികൾക്ക് സമാന്തരമാകുന്നത് ടാപ്പിങ്ങിന് സൗകര്യപ്രദമായിരിക്കും.

5. ***എന്തുകൊണ്ടാണ് ഇടത് മുകളിൽനിന്ന് വലത് താഴേക്ക് ടാപ്പുചെയ്യണം എന്നു പറയുന്നത്?***

റബ്ബർമരത്തിന്റെ പട്ടയ്ക്കുള്ളിൽ പാൽകുഴലുകൾ വിന്യസിച്ചിരിക്കുന്നത് ഇടത് താഴെനിന്ന് വലത് മുകളിലേക്ക് ഏകദേശം രണ്ടു മുതൽ ഏഴു വരെ ഡിഗ്രി ചെരിഞ്ഞാണ്. അതിനാൽ ഇടത് മുകളിൽ നിന്ന് വലത് താഴേക്ക് ടാപ്പുചെയ്യുമ്പോൾ മാത്രമേ കൂടുതൽ പാൽകുഴലുകൾ മുറിയുകയും പരമാവധി ഉത്പാദനം ലഭിക്കുകയും ചെയ്യൂ.

6. ***ആർആർഐഐ 414 പോലെയുള്ള ഇനങ്ങൾ മാർക്കുചെയ്ത് ടാപ്പിങ് തുടങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ആർആർഐഐ 414 എന്ന ഇനം മൂന്ന് ദിവസത്തിലൊരിക്കലാണ് ടാപ്പുചെയ്യേണ്ടത്. തൈമരങ്ങളിൽ ടാപ്പിങ് തുടങ്ങുന്ന സമയത്ത് പട്ടക്കനം കുറവായതിനാൽ ഭവകലയ്ക്ക് മുറിവേൽക്കാതെ ശ്രദ്ധിച്ചു വേണം ടാപ്പുചെയ്യാൻ. ഭവകലയ്ക്ക് മുറിവുപറ്റിയാൽ പട്ടയിൽ കായം വീഴുകയും തുടർന്നുണ്ടാകുന്ന പുതുപ്പട്ടയിൽ ടാപ്പിങ് ബുദ്ധിമുട്ടാകുകയും ചെയ്യും. മഴക്കാലത്ത് പട്ടചീയൽരോഗം വരാതിരിക്കാൻ കുമിൾനാശിനി ഉപയോഗിച്ച് പത്ത് ദിവസത്തിൽ ഒരിക്കൽ വെട്ടുപട്ട കഴുകേണ്ടതാണ്.

7. ***ഓരോ വർഷവും ടെംപ്ലേറ്റ് ഉപയോഗിച്ചു തന്നെ മാർക്കുചെയ്യേണ്ടതുണ്ടോ?***

ഓരോ വർഷവും ടാപ്പിങ് ആരംഭിക്കുമ്പാൾ ടെംപ്ലേറ്റുപയോഗിച്ച് മാർക്കുചെയ്താൽ പട്ടയുടെ വിനിയോഗം ക്രമപ്പെടുത്താനും ശരിയായ ചെരിവ് നിലനിർത്താനും അതു വഴി മെച്ചപ്പെട്ട ഉത്പാദനം നേടാനും കഴിയും.

*തയ്യാറാക്കിയത്:*

**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

# ജൂൺമാസത്തെ കൃഷിപ്പണികൾ



നിലമൊരുക്കൽ തീർന്നിട്ടില്ലെങ്കിൽ തുടരാവുന്നതാണ്. കുഴികൾ മൂടുന്ന അവസരത്തിൽ കുഴിയൊന്നിന് 12 കി. ഗ്രാം കമ്പോസ്റ്റോ അഴുകി പ്പൊടിഞ്ഞ ചാണകമോ 200 ഗ്രാം റോക്ക് ഫോസ്ഫേറ്റുമായി ചേർത്ത് അടിവളമായി നൽകാം. ജൈവാംശമുള്ള പുതുമണ്ണിൽ റബ്ബർ കൃഷി ചെയ്യുമ്പോൾ അടിസ്ഥാനവളമായി റോക്ക് ഫോസ്ഫേറ്റ് മാത്രം ചേർത്താൽ മതിയാകും.

കാലാവസ്ഥ അനുകൂലമാണെങ്കിൽ തൈ നടീൽ ആരംഭിക്കാം. ഒട്ടുതൈക്കുറ്റികളാണ് നടാൻ ഉപയോഗിക്കുന്നതെങ്കിൽ അവയുടെ പക്കവേരുകൾ, പ്രത്യേകിച്ച് തൈയുടെ ചുവടുഭാഗത്തിന് തൊട്ടുതാഴെയുള്ളവ, തായ്‌വേരിനോടു ചേർത്ത് ഒരിക്കലും മുറിക്കരുത്.

### പോളിത്തീൻ കൂടത്തൈകൾ

കൂടത്തൈകളാണ് നടാനുപയോഗിക്കുന്നതെങ്കിൽ അവയുടെ ഏറ്റവും മുകളിലത്തെ ഇലത്തട്ട് മൂപ്പെത്തിയിരിക്കണം. കാനകളിൽ വച്ചിരിക്കുന്ന കൂടത്തൈകൾ എടുത്തുമാറ്റുമ്പോൾ വേരുകൾ കൂട തുളച്ച് വെളിയിലേക്ക് വളർന്നിട്ടുണ്ടെങ്കിൽ അവ മുറിച്ചുകളയണം. മൂടിയിട്ടിരിക്കുന്ന കുഴിയുടെ നടുഭാഗത്തായി കൂടയെക്കാൾ കുറച്ചുകൂടി വലിപ്പമുള്ള ഒരു കുഴിയുണ്ടാക്കുക. കൂടയുടെ അടിവശത്തെ പോളിത്തീൻ മുറിച്ചുമാറ്റി കൂടത്തൈ കുഴിയിലേക്ക് സാവധാനം ഇറക്കിവച്ച്, തൈകളുടെ വേരുകൾക്ക് മുറിവുപറ്റാതെ പോളിത്തീൻ മുഴുവനായി മുറിച്ചു മാറ്റുക. പോളിത്തീൻ സാവധാനം വലിച്ചുമാറ്റുന്നതോടൊപ്പം തൈക്കു ചുറ്റും മണ്ണിട്ടുറപ്പിച്ചുകൊണ്ടിരിക്കണം. കുഴി ഏകദേശം പകുതിയോളം മണ്ണിട്ട് ഉറപ്പിച്ചുകഴിഞ്ഞാൽ പോളിത്തീൻ പൂർണ്ണമായും വലിച്ചു മാറ്റാം. പിന്നീട് തൈയ്ക്കു ചുറ്റും മണ്ണിട്ട് നല്ലതുപോലെ ഉറപ്പിക്കണം.

### കപ്പുതൈകൾ

കപ്പുതൈകൾ കൃഷിയിടത്തിലേക്ക് മാറ്റിനടുന്നതിനു മുമ്പായി അവ കപ്പുകളിൽനിന്ന് വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് അതിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ മൃദുവായി തട്ടിയാൽ വേരുപടലം ചുറ്റിയ ചകിരിച്ചോർ ഉടയാതെ തൈകൾ കപ്പിൽനിന്ന് വേർപെടുത്തിയെടുക്കാം. നേരത്തെ തയ്യാറാക്കി മൂടിയ കുഴിയുടെ നടുവിൽ ഒഴിഞ്ഞ കപ്പുവച്ച് അമർത്തി രൂപപ്പെടുത്തുന്ന കുഴിയിലേക്ക് കപ്പിൽനിന്ന് വേർപെടുത്തിയ തൈകൾ ഇറക്കിവച്ച് ചുറ്റുമുള്ള മണ്ണ് നന്നായി ഉറപ്പിച്ച് നടീൽ പൂർത്തിയാക്കാം. തൂമ്പ ഉപയോഗിച്ച് ഒരു ചെറിയ കുഴിയുണ്ടാക്കി അതിൽ കപ്പിൽ നിന്ന് വേർപെടുത്തിയ തൈ ഇറക്കിവെച്ചും കപ്പുതൈ നടാം.

കൂമ്പുചീയലിനെയും മറ്റ് ഇലരോഗങ്ങളെയും തടയുന്നതിന് തൈകളുടെ തളിരിലകളിലും കൂമ്പിലും ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം. നഴ്സറിത്തൈകളിൽ രോഗബാധ ആവർത്തിക്കാൻ സാധ്യതയുള്ളതിനാൽ ഇത്

**കപ്പുതൈകൾ കൃഷിയിടത്തിലേക്ക് മാറ്റിനടുന്നതിനുമുമ്പായി അവ കപ്പുകളിൽനിന്ന് വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് അതിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ മൃദുവായി തട്ടിയാൽ വേരുപടലം ചുറ്റിയ ചകിരിച്ചോർ ഉടയാതെ തൈകൾ കപ്പിൽനിന്ന് വേർപെടുത്തിയെടുക്കാം. നേരത്തെ തയ്യാറാക്കി മൂടിയ കുഴിയുടെ ഒത്ത നടുവിൽ ഒഴിഞ്ഞ കപ്പുവച്ച് അമർത്തി രൂപപ്പെടുത്തുന്ന കുഴിയിലേക്ക് കപ്പിൽനിന്ന് വേർപെടുത്തിയ തൈകൾ ഇറക്കിവച്ച് ചുറ്റുമുള്ള മണ്ണ് നന്നായി ഉറപ്പിച്ച് നടീൽ പൂർത്തിയാക്കാം. തൂമ്പ ഉപയോഗിച്ച് ഒരു ചെറിയ കുഴിയുണ്ടാക്കി അതിൽ കപ്പിൽ നിന്ന് വേർപെടുത്തിയ തൈ ഇറക്കിവെച്ചും കപ്പുതൈ നടാം.**





പലതവണ ചെയ്യേണ്ടിവരും. മിശ്രം തളിരിലകളിലും കൂമ്പിലും നന്നായി പറ്റിപ്പിടിപ്പിക്കുന്നതിന് ടീപ്പോൾ, ടെനാക്ക്, സാൻഡോവിറ്റ് ഇവയിലേതെങ്കിലും (100 ലിറ്ററിന് 50 മി. ലിറ്റർ എന്ന കണക്കിൽ) ചേർക്കുന്നത് നല്ലതാണ്.

### ആവരണവിള

റബ്ബർതൈകൾ നട്ടുപിടിപ്പിക്കുന്നതിനോടൊപ്പംതന്നെ തോട്ടത്തിൽ ആവരണവിളയും നടുന്നത് നല്ലതാണ്. പടർന്നുവളരുന്ന പയറുവർഗത്തിൽപെട്ട ആവരണവിളകളാണ് കൂടുതൽ പ്രയോജനകരം. പ്യൂറേറിയ എന്ന ഇനം തോട്ടപ്പയറാണ് തോട്ടങ്ങളിൽ കൂടുതലായും വളർത്തുന്നത്. തിളപ്പിച്ച വെള്ളത്തിലേക്ക് അത്രതന്നെ പച്ചവെള്ളം ചേർത്ത് അതിലേക്ക് പയർ വിത്തിട്ട് 4-6 മണിക്കൂർ നേരം വയ്ക്കുക. വെള്ളം വാർന്നശേഷം ഒരു കിലോഗ്രാം വിത്തിന് ഒരു കിലോഗ്രാം റോക്ക്ഫോസ്ഫേറ്റ് എന്ന കണക്കിൽ ചേർത്ത് വിത്തുകൾ തടങ്ങളിൽ വിതയ്ക്കാം.

### കളയെടുപ്പ്

റബ്ബർ തൈകൾക്കിടയിൽ കളയെടുപ്പു നടത്തണം. നീക്കംചെയ്യുന്ന കളകൾ ഉണങ്ങിയശേഷം ചെടികളുടെ ചുവട്ടിൽ ചവറുവയ്ക്കാൻ ഉപയോഗിക്കാം.

### ടാപ്പിങ്

റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ മരങ്ങളുടെ പട്ടചീയൽ തടയാൻ മാങ്കോസെബ് (75 ശതമാനം WP) എന്ന കുമിൾനാശിനി 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത ലായനി ഉപയോഗിച്ച് ആഴ്ചയിലൊരിക്കൽ വെട്ടുപട്ട കഴുകണം. ●

## കൊതുകുകളെ നിയന്ത്രിക്കുക; പകർച്ചപ്പനി തടയുക

മഴക്കാലത്ത് മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുക സാധാരണമാണ്. മരപ്പൊത്തുകളിലും ചെറിയ അടപ്പുകളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽപ്പോലും കൊതുകുകൾ പെരുകാം. ശ്രദ്ധിച്ചില്ലെങ്കിൽ ചിരട്ടകളിലും റെയിൻഗാർഡുകളുടെ മടക്കുകളിലും പശയുടെ ടിന്നുകളിലും ഒക്കെ വെള്ളം കെട്ടിനിൽക്കാം. കൊതുകിന്റെ ഉപദ്രവം ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് ടാപ്പിങ്തൊഴിലാളികളാണ്.



- കൊതുകുകൾ പരത്തുന്ന ചിക്കുൻഗുനിയയ്ക്കും ഡെങ്കിപ്പനിക്കുമെതിരെ ജാഗ്രത പുലർത്തുക.
- വീടും പരിസരവും വെള്ളം കെട്ടിക്കിടക്കാത്തവിധം വൃത്തിയായി സൂക്ഷിക്കുക.
- പറമ്പിൽ ഉപേക്ഷിച്ച ചിരട്ടകൾ, പ്ലാസ്റ്റിക്കുകൾ, പാത്രങ്ങൾ, ടിന്നുകൾ, ടയറുകൾ, ബാരലുകൾ തുടങ്ങിയവ നീക്കം ചെയ്യുക.
- ജലസംഭരണികൾ കൊതുകു കടക്കാത്തവിധം മൂടുക.
- റബ്ബർപാൽ എടുത്തശേഷം ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- ടാപ്പിങ് നിർത്തിവച്ച തോട്ടങ്ങളിലും ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- വെള്ളം കെട്ടിനിൽക്കാതെ റെയിൻഗാർഡ് ശരിയായി താഴ്ത്തിയിടുക.
- മഴവെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ റബ്ബർതോട്ടങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
- വീട്ടിലെ പൂപ്പാത്രങ്ങളിലും പൂപ്പാത്രങ്ങൾ വയ്ക്കുന്ന പാത്രങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

*പൊതുതാൽപര്യാർത്ഥം റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്നത്.*

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്
# പരിശീലനപരിപാടികൾ

## 2025 ജൂൺ മാസത്തെ പരിശീലനപരിപാടികൾ

1. **തേനീച്ചവളർത്തൽ**
റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) ജൂൺ 02-ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **നഴ്സറിപരിപാലനം**
റബ്ബർനഴ്സറി പരിപാലനത്തിൽ പരിശീലനം ജൂൺ 9, 10 തീയതികളിൽ നടക്കും. നഴ്സറിപരിപാലനത്തിൽ ശാസ്ത്രീയമായ അറിവ് നൽകുക എന്നതാണ് ഈ രണ്ടുദിവസത്തെ പരിശീലനത്തിന്റെ ലക്ഷ്യം. കൃഷിക്കാർക്കും നഴ്സറിയുടമകൾക്കും ഈ പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**
റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജൂൺ 9 മുതൽ 13 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്ട് ഡിസൈൻ; റബ്ബർബാന്റ്, കയ്യുറകൾ, ഫോംറബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപ്പെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **റബ്ബറുത്പാദകസംഘം**
റബ്ബറുത്പാദകസംഘങ്ങളുടെ ഭാരവാഹികൾക്കായി മാനേജ്മെന്റ്, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ജൂൺ 12, 13 തീയതികളിൽ നടക്കും. പരിശീലനം സൗജന്യമായിരിക്കും.

5. **ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമാണം**
ഉണക്കറബ്ബറിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജൂൺ 16 മുതൽ 20 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർ



കോമ്പൗണ്ടിങ്, പ്രോസ്സസ് കൺട്രോൾ ടെസ്റ്റുകൾ, വൾക്കനൈസേറ്റ്സ് ടെസ്റ്റിങ്, എം.എസ്.എം.ഇ. സ്കീമുകൾ, മാർക്കറ്റിങ് തുടങ്ങിയ വിഷയങ്ങൾ ഉൾപെടുന്നു. റബ്ബർവ്യവസായങ്ങളിൽ നിന്നുള്ള സംരംഭകർ, സാങ്കേതികോദ്യോഗസ്ഥർ, സ്റ്റാർട്ടപ്പ് മിഷനുകളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് പങ്കെടുക്കാം. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 6000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **റബ്ബർകൃഷി**

റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം ജൂൺ 16 മുതൽ 20 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽസമ്പ്രദായങ്ങൾ, വളമിടൽ, രോഗ-കീടങ്ങളുടെ നിയന്ത്രണം, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും നഴ്സറിയുടമകൾ, തോട്ടംമേഖലയിൽ നിന്നുള്ളവർ എന്നിവർക്കും അപേക്ഷിക്കാവുന്നതാണ്. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 1500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

7. **ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അംശം നിർണയിക്കുന്നത് സംബന്ധിച്ചുള്ള പരിശീലനം ജൂൺ 23 മുതൽ 25 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലന ഫീസ് 3500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

8. **വളമിടൽ**

റബ്ബർമരങ്ങളുടെ വളമിടലിനെക്കുറിച്ചുള്ള പരിശീലനം ജൂൺ 24-ന് നടക്കും. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടംമേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

9. **റബ്ബർനടീൽ, പരിപാലനം (വടക്കുകിഴക്കൻ മേഖലയിലെ കർഷകർക്ക്)**

റബ്ബറിന്റെ നടീൽരീതികൾ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം ജൂൺ 27-ന് നടക്കും. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 100 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 9446976726 (വ്യവസായം), 9495928077 (കൃഷി), 7306464582 (വിജ്ഞാനവ്യാപനം) ബന്ധപ്പെടുക.



166 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

# ഒരു മരവും പാഴ്മരമല്ല
# ജീവന്റെ ഹരിതകമാണ്

'പൂങ്കോഴി തൻ പുഷ്ക്കല കണ്ഠനാദം' കേട്ടുണർന്ന മലയാളിയുടെ പ്രഭാതങ്ങളെ ഇപ്പോൾ ഉണർത്തുന്നത് രണ്ട് യാന്ത്രിക ശബ്ദങ്ങളാണ്. ഒന്ന് മരങ്ങൾ മുറിക്കുന്ന യന്ത്രത്തിന്റെ മുരളിച്ച, മറ്റൊന്ന് ചീറിപ്പായുന്ന ആംബുലൻസുകളുടെ രോദനം. ഇക്കഴിഞ്ഞ ദുഃഖവെള്ളിയാഴ്ച നേരം പുലർന്നപ്പോൾ കേട്ടശബ്ദം രണ്ടുമൂന്ന് വീടുകൾക്കപ്പുറത്ത് ആകാശംമുട്ടെ വളർന്ന് പടർന്നു പന്തലിച്ചു നിന്ന മഹാഗണി വൃക്ഷങ്ങൾ മുറിക്കുന്ന യന്ത്രത്തിന്റെ മുരളിച്ചയാണ്. ഇപ്പോൾ കേരളത്തിലെവിടെയും പാഴ്മരങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സകല മരങ്ങളും വ്യാപകമായി മുറിച്ചുമാറ്റുന്ന പ്രവണത ഒരു മഹാവ്യാധി പോലെ പടരുകയാണ്.

പണ്ട് 'കുട നന്നാക്കാനുണ്ടോ?', 'ഈയം പൂശാനുണ്ടോ?' എന്ന് ഉച്ചത്തിൽ വിളിച്ചുചോദിച്ചുകൊണ്ട് ഉപജീവനാർത്ഥം ജോലിതേടി വരുന്നവർ ഉണ്ടായിരുന്നു. ഇവർ വഴിയോരത്ത് നിന്ന് വീട്ടുകാർക്ക് കേൾക്കാൻ പാകത്തിൽ ഒരു പ്രത്യേക താളത്തിൽ ഇങ്ങനെ വിളിച്ചു ചോദിച്ചിരുന്ന കാലം കഴിഞ്ഞു. പകരം അയൽ സംസ്ഥാന തൊഴിലാളികളായ മൂന്നുനാല് പേർ സൈക്കിളിൽ മരം മുറിയ്ക്കുന്ന യന്ത്രവും വടവും വലിയ വെട്ടുകത്തിയും മറ്റുമായി അതിരാവിലെ വഴിയോരങ്ങളിലൂടെ നിത്യേന കടന്നുവരുന്നു. മരം മുറിക്കാനുണ്ടോ എന്ന് ഉച്ചത്തിൽ വിളിച്ചുചോദിക്കാനുള്ള ഭാഷാപരിചയം അവർ സ്വായത്തമാക്കിയിട്ടുണ്ട്. ഇപ്പോൾ നാട്ടിലുടനീളം മരം മുറിക്കുന്ന ജോലികൾ ഏറെക്കുറെ പൂർണമായും അന്യസംസ്ഥാന തൊഴിലാളികൾ കൈവശപ്പെടുത്തിക്കഴിഞ്ഞു. പണ്ട് മരങ്ങൾ മുറിയ്ക്കുകയും വാളുകൊണ്ട് മരം അറുത്ത് ഉരുപ്പടിയാക്കുകയും മറ്റും ചെയ്തിരുന്ന പരമ്പരാഗത തൊഴിലാളികൾ രംഗവേദി വിട്ടപ്പോൾ അന്യസംസ്ഥാന തൊഴിലാളികൾ ഈ തൊഴിൽമേഖല സമ്പൂർണമായി കൈയ്യടക്കിക്കഴിഞ്ഞു.

ഇതോടൊപ്പം മറ്റൊരു പ്രവണതയും ഒരു മഹാവിപത്തായി നമ്മുടെ നാട്ടിൽ വ്യാപിക്കുകയാണ്. പുറംപറമ്പുകളിൽ വളരുന്ന സകല മരങ്ങളും പാഴ്മരങ്ങളുടെ ഗണത്തിൽപ്പെടുത്തി അത് മൊത്തമായി വിലയ്ക്കു വാങ്ങാനായി കച്ചവടക്കാരെത്തുന്നു. വില പറഞ്ഞുറപ്പിച്ച് അവർ തന്നെ യുദ്ധകാലാടിസ്ഥാനത്തിൽ മരങ്ങളെല്ലാം മുറിച്ചുതള്ളി ചെറിയ നീളത്തിൽ മുറിച്ച് വാഹനങ്ങളിൽ കയറ്റി കൊണ്ടുപോകുന്നു. കേരളത്തിലുടനീളം വ്യാപകമായി ഈ പാഴ്മരം മുറിയ്ക്കൽ ഒരു പകർച്ചവ്യാധി കണക്കേ വ്യാപിക്കുകയാണ്.

മരത്തിന്റെ വലുപ്പമോ ഇനമോ പ്രാധാന്യമോ നോക്കാതെ പാഴ്മരത്തിന്റെ മൊത്തക്കച്ചവടക്കാർ വീടുകൾതോറും കയറിയിറങ്ങി മരംമുറിക്കൽ വ്യാപകമായപ്പോൾ നാട്ടുമരങ്ങളേറെയും വംശനാശഭീഷണിയിലായി. മഹാഗണി, ഇലഞ്ഞി, വട്ട അഥവാ ഉപ്പില, മട്ടി, മുരിക്ക്, കാഞ്ഞിരം, മരോട്ടി, ഞാവൽ, കരിമുരിക്ക്, പോങ്ങ് തുടങ്ങിയ മരങ്ങളാണ് പടുമരങ്ങളായി മുദ്രകുത്തി മുറിച്ചുമാറ്റുന്നത്. കർണാടകത്തിലും കേരളത്തിലുമുള്ള പ്ലൈവുഡ് ഫാക്ടറികളിലേക്കാണ് ഈ മരങ്ങൾ കടത്തുന്നത്. ഇതോടൊപ്പം ഇഷ്ടിക ചൂളകളിൽ വിറകിനായും ഇത് ഉപയോഗപ്പെടുത്തുന്നു. ഇവയിൽ തന്നെ വിളഞ്ഞ് പാകമെത്തിയ മഹാഗണി പോലെയുള്ള മരങ്ങൾ ഫർണിച്ചർ നിർമാണത്തിനും ഉപയോഗിക്കുന്നു. റിസർവ് വനങ്ങളിലെ മരങ്ങൾ മുറിക്കുന്നതിന് മാത്രമേ ഇപ്പോൾ നിയമപരമായ നിയന്ത്രണമുള്ളൂ. വീട്ടുവളപ്പിലെ ഇത്തരം മരങ്ങൾ മുറിക്കുന്നതിന് യാതൊരു നിയന്ത്രണവുമില്ലാത്തതിനാൽ വൻതോതിൽ മരങ്ങൾ നഷ്ടമാവുകയാണ്. ഇത് പല മരങ്ങളുടെയും കുറ്റിയറ്റുപോകാൻ തന്നെ കാരണമാകുന്നു.

ഈ അനിയന്ത്രിതമായ മരംമുറിയ്ക്കൽ ഇങ്ങനെ തുടർന്നാൽ കേരളത്തിന്റെ പച്ചപ്പ് നഷ്ടമാകുകയും

കാലാവസ്ഥാവ്യതിയാനത്തിന്റെ രൂക്ഷത കുറേക്കൂടി ദുരിതപൂർണമാകുകയും ചെയ്യുമെന്നതിൽ സംശയമില്ല. ഇപ്പോൾത്തന്നെ അസഹ്യമായ സൂര്യതാപവും സൂര്യാഘാതവും കാരണം ജീവിതം ദുസ്സഹമാകുകയാണ്. കഠിനമായ പകൽച്ചൂട് കാരണം നെരിപ്പോടിലെന്നപോലെ യാണ് നമ്മുടെ ജീവിതം. പ്രാണവായു സുലഭമാക്കു ന്നതും ഈ മരങ്ങളാണെന്ന പരമമായ പ്രാധാന്യം വിവേകിയായ മനുഷ്യൻ മറന്നുപോകുന്നു. രാജ്യ തലസ്ഥാനമായ ഡൽഹിയിലടക്കം സ്വച്ഛന്ദമായ ശ്വാസോച്ഛ്വാസത്തിനാവശ്യമായ പ്രാണവായു ലഭ്യമ ല്ലാതെ ജനജീവിതം വീർപ്പുമുട്ടുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഓഫീസുകളും അടച്ചിടുന്നതും വാഹനഗതാഗതം നിയന്ത്രിക്കുന്നതും നാം കണ്ടതാണ്. ഈ ദുരന്തപൂർണമായ അവസ്ഥാവിശേഷത്തിന് പ്രതിരോധം തീർക്കാനും തടയിടാനും മരങ്ങളാണ് മറുമരുന്ന്. ഇരിക്കുന്ന കൊമ്പാണ് മുറിച്ചുമാറ്റുന്നതെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം.

സാമൂഹ്യ വനവൽകരണത്തിന്റെ ഭാഗമായി ആഘോ ഷപൂർവ്വം നട്ടുവളർത്തിയ മരങ്ങളടക്കം മുറിച്ചുതള്ളു മ്പോൾ ജീവകാരുണ്യ പ്രസ്ഥാനമായ പത്തനാപുരം ഗാന്ധിഭവന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'അയൽ വീട്ടിൽ ഒരു മരം' എന്ന ദിശാബോധമുള്ള വിശുദ്ധിയേറെ യുള്ള മരംനടീൽ പദ്ധതി കേരളീയസമൂഹത്തിനാകെ മാതൃകയാണ്. ഏതെങ്കിലും ചില മരങ്ങൾ അത് ഫലവൃക്ഷങ്ങളാകട്ടെ, തേക്ക്, ആഞ്ഞിലി, പ്ലാവ് തുടങ്ങിയുള്ള നാനാജാതി വൻമരങ്ങളാകട്ടെ ഇവയുടെ തൈകൾ സംഭരിച്ച് തൊട്ടടുത്ത വീടുകളിലെ പുറം പറമ്പുകളിൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി പരസ്പരം നട്ടുകൊടുക്കുന്ന ഒരു ജനകീയ സമീപന മാണിത്. പലപ്പോഴും അയൽപക്കത്തെ മരത്തിന്റെ ശാഖകൾ നമ്മുടെ പുരയിടത്തിലേക്ക് വളരുന്നതിന്റെ പേരിൽ വഴക്കും വക്കാണവും കോടതി വ്യവഹാരങ്ങൾ വരെയും നടക്കുമ്പോൾ ഇവിടെയിതാ മരംനടീലിലൂടെ അയൽപക്കബന്ധവും പാരസ്പര്യവും അരക്കിട്ടുറ പ്പിക്കുന്ന വ്യത്യസ്തമായൊരു കർമ്മപദ്ധതിയാണിത്. അശരണരുടെ അഭയകേന്ദ്രമായ ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ജീവകാരുണ്യ കൂട്ടുകുടുംബം എന്ന് വിശേഷിപ്പിക്കാവുന്ന ഗാന്ധിഭവൻ നടപ്പാക്കുന്നത്.

പത്തനാപുരം ഗാന്ധിഭവന്റെ സെക്രട്ടറി ഡോ. പുനലൂർ സോമരാജൻ ദിശാബോധത്തോടെ ആസൂ ത്രണം ചെയ്ത് നടപ്പാക്കുന്ന 'അയൽവീട്ടിൽ ഒരു മരം' പദ്ധതിയുടെ നിർവ്വഹണസമിതി ചെയർമാൻ മലങ്കര സഭയുടെ മാവേലിക്കര ഭദ്രാസനാധിപൻ ബിഷപ്പ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയാണ് അയൽപക്കത്തെ വീട്ടുവളപ്പിൽ ഒരു മരം നട്ടുനനച്ച് വളർത്തുന്നതിലൂടെ തേഞ്ഞുമാഞ്ഞുകൊണ്ടിരിക്കുന്ന അയൽപക്കബന്ധം കൂടി ഊഷ്മളമാക്കുകയാണ്. പലപ്പോഴും അയൽവീട്ടിലെ അതിർത്തിയിൽ വളരുന്ന മരത്തെച്ചൊല്ലി വഴക്കും തുടർന്ന് കോടതി വ്യവഹാര ങ്ങളിൽ വരെ അതിർത്തിയിൽ വളരുന്ന വൃക്ഷങ്ങൾ പ്രശ്നകാരികളാകുമ്പോൾ ഇവിടെ ഈ പദ്ധതിയിലൂടെ മരങ്ങൾ നട്ട് അയൽപക്ക സ്നേഹസൗഹൃദങ്ങൾ വിളക്കിച്ചേർക്കയാണ്.

അതിനാൽ 'മരം ഒരു വരം' എന്നത് താളാത്മകമായ ഒരു വായ്ത്താരി മാത്രമായി മാറാതെ ഇവിടെ വാസം സാദ്ധ്യമാക്കാനുള്ള, യഥേഷ്ടം പ്രാണവായു സുലഭമാ ക്കാനുമുള്ള ജീവന്റെ ഹരിതകമായി കണ്ട് എന്ത് പ്രലോഭനത്തിന്റെ പേരിലായാലും ഒരു മരംപോലും അനാവശ്യമായി മുറിച്ചുമാറ്റാതിരിക്കാം. തീർത്തും ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു വൃക്ഷം മുറിയ്ക്കേണ്ടതായി വന്നാൽ അത് ചെയ്തേ മതിയാകൂ! പൊന്ന് കായ്ക്കുന്ന മരമായിരുന്നാലും പുരയ്ക്കുമേലേ ചാഞ്ഞാൽ അത് വെട്ടിമാറ്റുന്നത് പാതകമല്ലെന്ന് കാരണവന്മാർ പണ്ടുപണ്ടേ നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷേ ഇങ്ങനെ അനിവാര്യമായ സാഹചര്യത്തിൽ ഒരു മരം മുറിയ്ക്കുമ്പോൾ പകരം മറ്റൊരു തൈ നടാൻ നമ്മുടെ പഴയ തലമുറ കരുതലോടെ ശ്രദ്ധിച്ചിരുന്നു. അവർ കാണിച്ച വിവേകപൂർവ്വമായ നന്മയുടെ തണലാണ് ഇന്ന് നാം അനുഭവിക്കുന്നത്. വൃക്ഷങ്ങളുടെ കാര്യത്തിൽ അവർ കാണിച്ച കരുതൽ നാം കൈവിട്ടാൽ ഇവിടെ നമ്മുടെ ജീവിതം തന്നെ കൈവിട്ടുപോകുമെന്ന തിരിച്ച റിവ് കൂടിയേ തീരൂ. ആഗോളതാപനത്തിന് മരമാണ് മറുപടി. നമ്മുടെ പറമ്പിൽ വളരുന്ന ഓരോ മരവും പ്രകൃതിക്ക് സുകൃതമേകുന്ന, ആവാസവ്യവസ്ഥയ്ക്ക് തണലേകുന്ന, നമുക്ക് ജീവശ്വാസം പ്രദാനം ചെയ്യുന്ന അമൂല്യമായ സമ്പത്താണ്. ഈ ഹരിതനന്മയെ കണ്ണിലെ കൃഷ്ണമണിപോലെ നിലനിർത്താം, സംരക്ഷിക്കാം. •

## റബ്ബർബോർഡ് കോൾസെന്റർ
## പ്രത്യേക ഫോൺ - ഇൻ പരിപാടി



**റബ്ബറിന്റെ വളപ്രയോഗശുപാർശകൾ**

റബ്ബറിന്റെ വളപ്രയോഗശുപാർശകൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 മെയ് 15 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. കെ.കെ. അമ്പിളി മറുപടി പറയും.

**വിവിധ പ്രദേശങ്ങളിലേക്ക് യോജിച്ച റബ്ബറിനങ്ങൾ**

വിവിധ പ്രദേശങ്ങളിൽ കൃഷിചെയ്യാൻ യോജിച്ച റബ്ബറിനങ്ങളെ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 മെയ് 21 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. റ്റി. മീനാകുമാരി മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2025 ഏപ്രിൽ 1 | 20600 | 20300 | 13950 | 20600 | 20300 | 20148 | 20072 |
| 2025 ഏപ്രിൽ 2 | 20700 | 20400 | 14160 | 20700 | 20400 | 20108 | 20032 |
| 2025 ഏപ്രിൽ 3 | 20700 | 20400 | 14160 | 20700 | 20400 | 19968 | 19893 |
| 2025 ഏപ്രിൽ 4 | 20600 | 20300 | 14160 | 20600 | 20300 | 19476 | 19401 |
| 2025 ഏപ്രിൽ 5 | 20500 | 20200 | അവധി | 20500 | 20200 | അവധി | അവധി |
| 2025 ഏപ്രിൽ 6 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഏപ്രിൽ 7 | 20200 | 19900 | 13845 | 20200 | 19900 | അവധി | അവധി |
| 2025 ഏപ്രിൽ 8 | 20000 | 19700 | 13735 | 20000 | 19700 | 17204 | 17129 |
| 2025 ഏപ്രിൽ 9 | 19700 | 19400 | 13525 | 19700 | 19400 | 16954 | 16879 |
| 2025 ഏപ്രിൽ 10 | 19700 | 19400 | 13525 | 19700 | 19400 | 17497 | 17422 |
| 2025 ഏപ്രിൽ 11 | 19700 | 19400 | 13630 | 19700 | 19400 | 18471 | 18395 |
| 2025 ഏപ്രിൽ 12 | 19700 | 19400 | അവധി | 19700 | 19400 | അവധി | അവധി |
| 2025 ഏപ്രിൽ 13 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഏപ്രിൽ 14 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഏപ്രിൽ 15 | 19700 | 19400 | 13845 | 19700 | 19400 | അവധി | അവധി |
| 2025 ഏപ്രിൽ 16 | 19700 | 19400 | 13950 | 19700 | 19400 | അവധി | അവധി |
| 2025 ഏപ്രിൽ 17 | 19700 | 19400 | 14055 | 19700 | 19400 | 18716 | 18639 |
| 2025 ഏപ്രിൽ 18 | അവധി | അവധി | അവധി | അവധി | അവധി | 18829 | 18751 |
| 2025 ഏപ്രിൽ 19 | 19700 | 19400 | അവധി | 19700 | 19400 | അവധി | അവധി |
| 2025 ഏപ്രിൽ 20 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഏപ്രിൽ 21 | 19750 | 19450 | 14160 | 19750 | 19450 | 18978 | 18901 |
| 2025 ഏപ്രിൽ 22 | 19800 | 19500 | 14160 | 19800 | 19500 | 19020 | 18943 |
| 2025 ഏപ്രിൽ 23 | 19800 | 19500 | 14160 | 19800 | 19500 | 18980 | 18903 |
| 2025 ഏപ്രിൽ 24 | 19800 | 19500 | 14160 | 19800 | 19500 | 18954 | 18877 |
| 2025 ഏപ്രിൽ 25 | 19800 | 19500 | 14160 | 19800 | 19500 | 19148 | 19071 |
| 2025 ഏപ്രിൽ 26 | 19850 | 19550 | അവധി | 19850 | 19550 | അവധി | അവധി |
| 2025 ഏപ്രിൽ 27 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2025 ഏപ്രിൽ 28 | 19900 | 19600 | 14160 | 19900 | 19600 | 19403 | 19326 |
| 2025 ഏപ്രിൽ 29 | 19900 | 19600 | 14160 | 19900 | 19600 | 19483 | 19407 |
| 2025 ഏപ്രിൽ 30 | 19900 | 19600 | 14055 | 19900 | 19600 | 19975 | 19899 |
| **ശരാശരി** | **19975** | **19675** | **13986** | **19975** | **19675** | **18962** | **18886** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല - പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ഡിസംബർ 2024 | ഡിസംബർ 2023 | ഏപ്രിൽ 2024 മുതൽ ഡിസംബർ 2024 വരെ | ഏപ്രിൽ 2023 മുതൽ ഡിസംബർ 2023 വരെ | ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+)/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 77500 | 75850 | 424300 | 406400 | 542175 | |
| ബ്ലോക്കുറബ്ബർ | 19000 | 18650 | 134275 | 136420 | 190920 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 10500 | 10300 | 79400 | 74070 | 101895 | |
| മറ്റുള്ളവ | 2000 | 3200 | 15025 | 17110 | 22010 | |
| **ആകെ** | **109000** | **108000** | **653000** | **634000** | **857000** | **3.0** |
| **ഉപഭോഗം*** (ടൺ) | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 47750 | 47370 | 430350 | 426155 | 589345 | |
| ബ്ലോക്കുറബ്ബർ | 58150 | 56280 | 518700 | 534090 | 684010 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 10300 | 9400 | 76200 | 79305 | 108405 | |
| മറ്റുള്ളവ | 3800 | 2950 | 25750 | 25450 | 34240 | |
| **ആകെ** | **120000** | **116000** | **1051000** | **1065000** | **1416000** | **-1.3** |
| **ടയർനിർമ്മാണത്തിനുപയോഗിച്ചത്** | **78681** | **78683** | **719495** | **715285** | **952495** | **0.6** |
| **ഇറക്കുമതി/കയറ്റുമതി** (ടൺ) | | | | | | |
| **ഇറക്കുമതി (p)** | **31547** | **43578** | **459180** | **373781** | **492682** | |
| **കയറ്റുമതി (p)** | **714** | **292** | **3314** | **2549** | **4199** | |

**2025 ജനുവരി അവസാനത്തെ സ്റ്റോക്ക്** (ടൺ)

| | | | |
|---|---|---|---|
| കർഷകർ | 114000 | ഷീറ്റുറബ്ബർ | 265900 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 137000 | ബ്ലോക്കുറബ്ബർ | 86500 |
| ടയർനിർമ്മാതാക്കൾ (c) | 120000 | റബ്ബർപാൽ (ഡി. ആർ. സി.) | 36100 |
| മറ്റു വ്യവസായികൾ | 52000 | മറ്റുള്ളവ | 34500 |
| **ആകെ** | **423000** | **ആകെ** | **423000** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ.

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്





CBC
RUBBER MIX
ഉത്പാദനത്തിൽ വൻ വർദ്ധനവ് എന്ന് കർഷകർ
സാക്ഷ്യപ്പെടുത്തിയ CBC റബ്ബർ മിക്സ്
46 വർഷം
പിന്നിട്ടിരിക്കുന്ന SIF ന്റെ ഉത്കൃഷ്ട ഉത്പന്നം
കരുത്തുറ്റ മരങ്ങൾക്കും കൊഴുപ്പേറിയ പാലിനും
മറ്റ് ഉത്പന്നങ്ങൾ:
CBC Cardamom Special, CBC Coconut Mix,
CBC Plantain Mixture, CBC Nutmeg Special etc.
ORGANIC 100%
INDOCERT
sif
ESTD. 1979
South Indian Fertilizers
MANUFACTURERS OF CONCENTRATED ORGANIC MANURES & PESTICIDES
Ph: +917306394194, +919497165620, +917012785820, +917025732685
E-mail: sif@sif.in | Website: www.sif.in
Factory: Industrial Development Area, Edayar, Kochi-683 502, Ph: Mob: 9847055620
SINCE 1979
An ISO 9001-2015
Certified Company
ALL KERALA FREE DELIVERY AVAILABLE (MOQ -10BAGS)
DISTRIBUTION INQUIRIES, PLEASE CALL : +91 7306 394 194, +91 9497 165 620

RUBBER MONTHLY (MALAYALAM)
Published on 11 May 2025
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar